# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 26 | Issue 7 | Fortnightly | December 1, 2014 | Page 24 | ₹ 5





മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ

## സീനിയർ ലക്ചറർ/ ലക്ചറർ

ഉൾപ്പെടെ 27 തസ്തികകളിൽ എൻ.സി.എ. വിജ്ഞാപനം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ

## അസി. പ്രൊഫസർ/ ലക്ചറർ ഇൻ ജനറൽ മെഡിസിൻ

ഉൾപ്പെടെ 3 തസ്തികകളിൽ പിഎച്ച് ബാക്ക്‌ലോഗ് വിജ്ഞാപനം

Cover story

# കമ്യൂണിസ്റ്റ് പ്രസ്ഥാനം കേരള ചരിത്രത്തിലൂടെ

പേജ് 12

**കേരള പബ്ലിക് സർവീസ് കമ്മീഷന്റെ എറണാകുളം ഓൺലൈൻ പരീക്ഷാകേന്ദ്രം പിഎസ്‌സി എറണാകുളം മേഖലാ ഓഫീസിൽ 2014 ഡിസംബർ 5 വെള്ളിയാഴ്ച ആദരണീയനായ കേരളാ ഗവർണ്ണർ ജസ്റ്റിസ് (റിട്ട.) പി സദാശിവം ഉദ്ഘാടനം ചെയ്യുന്നതാണ്.**




## ഒറ്റത്തവണ രജിസ്ട്രേഷൻ ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ

1.1.2012 മുതൽ പ്രാബല്യത്തിലുള്ള വൺ–ടൈം രജിസ്ട്രേഷൻ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി നടത്തിയശേഷമാണ് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികകൾക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ പരീക്ഷാർത്ഥികൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. **ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും പതിച്ചിരിക്കണം.**
2. **1–8–2014 മുതൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് ഒരു വർഷത്തിനകം എടുത്ത ഫോട്ടോ ആയിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്.**
3. പരീക്ഷാർത്ഥിയുടെ മുഖവും തോളുകളുടെ മുകൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള പാസ്പോർട്ട് സൈസിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് ഫോട്ടോയായിരിക്കണം.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോയായിരിക്കണം.
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
7. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ 200 പിക്സെൽ h x 150 പിക്സെൽ w ഉള്ളതും JPG ഫോർമാറ്റിലുള്ളതും 30 KB ഫയൽ സൈസിൽ അധികരിക്കാത്തതുമായിരിക്കണം.
8. സൺഗ്ലാസ്, തൊപ്പി എന്നിവ ധരിച്ച് എടുത്തതും മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധമുള്ളതും മുഖം വ്യക്തമല്ലാത്തതുമായ ഫോട്ടോകൾ സ്വീകാര്യമല്ല.
9. "മതാചാരത്തിന്റെ ഭാഗമായി തൊപ്പി/ശിരോവസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ മറ്റ് നിർദ്ദേശങ്ങളനുസരിച്ചാണെങ്കിൽ സ്വീകാര്യമാണ്.

### വരിക്കാരുടെ ശ്രദ്ധയ്ക്ക്

**71704 വരെയുള്ള വരിക്കാരുടെ കാലാവധി ഡിസംബർ 1 ലക്കത്തോടെയാണ് അവസാനിക്കുന്നത്**

വരിസംഖ്യ (നൂറുരൂപ)

മണിയോർഡറായി അയക്കേണ്ട വിലാസം:

**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004**

**വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**


### പത്രാധിപസമിതി

**ശ്രീ. അശോകൻ ചരുവിൽ – ചെയർമാൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ഡോ. കെ ഉഷ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ഡോ. ജീവൻ എം കെ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**അഡ്വ. വി എസ് ഹരീന്ദ്രനാഥ്**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ശ്രീ. പി ശിവദാസൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ



**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ശ്രീ. എൻ സന്ദീപ്**, ഫോൺ : *0471 2546368* OR *9446412483*
സർക്കുലേഷൻ (പി.ആർ.യൂണിറ്റ്): *0471 2546270*


# പിഎസ്സി അറിയിപ്പുകൾ

### വൺ ടൈം രജിസ്ട്രേഷൻ – വൺടൈം വെരിഫിക്കേഷൻ പൂർത്തിയാകുമ്പോൾ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകും

വൺ ടൈം രജിസ്ട്രേഷൻ മുഖേന അപേക്ഷ സമർപ്പിച്ച വിവിധ ചുരുക്കപ്പട്ടികകളിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് വൺടൈം വെരിഫിക്കേഷൻ പൂർത്തിയാകുമ്പോൾ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുവാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകളാണ് ഉദ്യോഗാർത്ഥികൾ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റായി നിയമനാധികാരി മുമ്പാകെ ഹാജരാക്കേണ്ടത്. ഇപ്രകാരം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുകയുള്ളു. എന്നുള്ളതിനാൽ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നഷ്ടമാകാതെ സൂക്ഷിക്കുവാൻ ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

ഒരിക്കൽ പി.എസ്.സി. നൽകിയ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥി ഒരു നിയമനാധികാരിക്ക് മുന്നിൽ സമർപ്പിച്ച് ജോലിയിൽ പ്രവേശിക്കുകയും അതേ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിലുള്ള യോഗ്യത പ്രകാരം മറ്റൊരു ജോലിക്ക് അഡ്വൈസ് ലഭിക്കുകയും ചെയ്താൽ, നിലവിലെ ഓഫീസ് മേലധികാരിയിൽ നിന്നും വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നമ്പർ രേഖപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ഹാജരാക്കിയാൽ മാത്രമേ ഉദ്യോഗാർത്ഥികൾക്ക് പുതിയ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു. ഉദ്യോഗാർത്ഥിക്ക് തന്റെ പ്രൊഫൈലിൽ പുതിയ യോഗ്യത ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ആവശ്യമായി വരുമ്പോൾ കൈവശമുള്ള വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സറണ്ടർ ചെയ്താൽ മാത്രമേ പുതിയ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു.

പി.എസ്.സി. നൽകിയ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥി നഷ്ടപ്പെടുത്തുന്നപക്ഷം ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിൽ കറയാത്ത് മജിസ്ട്രേറ്റിന്റെ കോടതി മുദ്ര പതിപ്പിച്ച സാക്ഷ്യപത്രം സഹിതം അപേക്ഷ സമർപ്പിച്ചാൽ മാത്രമേ ഡ്യൂപ്ലിക്കേറ്റ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുകയുള്ളു.

## ഗസറ്റ് വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതയുടെ ഉയർന്ന/തത്തുല്യ യോഗ്യതയുള്ളവർ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം.

ഒറ്റത്തവണ രജിസ്ട്രേഷനിലൂടെ തസ്തികകളുടെ അപേക്ഷകൾ സ്വീകരിക്കുന്നതിനായി പ്രസ്തുത തസ്തികകളുടെ സ്പെഷ്യൽ റൂൾ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ ineligible button ആയിരിക്കും ദൃശ്യമാവുക. പ്രസ്തുത ഉദ്യോഗാർത്ഥികൾ ineligible ബട്ടണിന് താഴെയുള്ള why I am ineligible എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യണം. അപ്പോൾ ദൃശ്യമാകുന്ന Have Equivalent or higher button ക്ലിക്ക് ചെയ്യുമ്പോൾ ഉദ്യോഗാർത്ഥി പ്രൊഫൈലിൽ രേഖപ്പെടുത്തിയ യോഗ്യത ഒരു വശത്തും വിജ്ഞാപനത്തിലെ യോഗ്യത മറുവശത്തും ലഭ്യമാകും. ഉദ്യോഗാർത്ഥി അയാളുടെ യോഗ്യതകളിൽ നിന്നും ബന്ധപ്പെട്ട യോഗ്യതയ്ക്ക് തത്തുല്യ യോഗ്യത തെരഞ്ഞെടുത്ത് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഏതൊരു യോഗ്യതയും മറ്റൊരു യോഗ്യതയോട് തുല്യതപ്പെടുത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഉദ്യോഗാർത്ഥി പ്രമാണ പരിശോധനാ വേളയിൽ തുല്യത തെളിയിക്കേണ്ടതാണ്.

---

## GUIDE LINE FOR SUBMISSION OF APPLICATION BY CANDIDATES HAVING QUALIFICATION EQUIVALENT TO OR HIGHER THAN THE ONE PRESCRIBED IN THE NOTIFICATION

The qualification prescribed in the Special Rules for a post is included in One Time Registration profile. The candidates who do not possess the prescribed qualification for a post, will see an 'ineligible' button while trying to apply for the post. Then click the 'why I am ineligible' link below the ineligible button. Then click the 'Have Equivalent or higher' button. The qualification furnished by the candidate in the profile and the one prescribed for the post will be displayed simultaneously on the screen. The candidate can select the qualification equivalent to or higher than the qualification he/she possess, and can apply for the post. Any type of qualification can be equated. Candidate shall prove equivalency at the time of verification of certificates.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 25 - 11 - 2014 തീയതി യിലെ കേരള സർക്കാർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

**അസാധാരണ ഗസറ്റ് തീയതി: 25 – 11 – 2014 അവസാന തീയതി: 31 – 12 – 2014 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മീഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മീഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**1 – 8 – 2014 മുതൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് ഒരു വർഷത്തിനകം എടുത്ത ഫോട്ടോ ആയിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്.**

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)**

### കാറ്റഗറി നമ്പർ: 454/2014 – 461/2014
### സീനിയർ ലക്ചറർ/ലക്ചറർ
### മെഡിക്കൽ വിദ്യാഭ്യാസം
### മൂന്നാം എൻ.സി.എ.വിജ്ഞാപനം

1 **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : സീനിയർ ലക്ചറർ/ലക്ചറർ

| ക്രമ നം. | കാറ്റഗറി നം. | വിഷയം | സമുദായം/ ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1. | 454/2014 | ബയോകെമിസ്ട്രി | പട്ടിക വർഗ്ഗം – 1 |
| 2. | 455/2014 | ബയോകെമിസ്ട്രി | ലാറ്റിൻ കത്തോലിക്കർ – 1 |
| 3. | 456/2014 | ബയോകെമിസ്ട്രി | എസ്.ഐ.യു.സി. നാടാർ/ ആംഗ്ലോ ഇൻഡ്യൻ – 1 |
| 4. | 457/2014 | മൈക്രോബയോളജി | വിശ്വകർമ്മ – 1 |
| 5. | 458/2014 | പത്തോളജി | പട്ടികജാതി – 4 |
| 6. | 459/2014 | സൈക്ക്യാട്രി | വിശ്വകർമ്മ – 1 |
| 7. | 460/2014 | റേഡിയോതെറാപ്പി | ഈഴവ – 1 |
| 8. | 461/2014 | റേഡിയോതെറാപ്പി | മുസ്ലിം – 1 |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്‌ലിസ്റ്റ് ഈ തസ്തികകളുടെ യഥാക്രമം താഴെപ്പറയുന്ന തീയതികളിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ചുവടെ ചേർത്തിരിക്കുന്ന രണ്ട് എൻ.സി.എ. വിജ്ഞാപനങ്ങൾക്ക് ശേഷവും പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള 3–ാം എൻ.സി.എ വിജ്ഞാപനമാണിത്.

| ക്രമ നമ്പർ | കാറ്റഗറി നമ്പർ | തീയതി | എൻ.സി.എ വിജ്ഞാപനങ്ങൾ | |
|---|---|---|---|---|
| | | | ഒന്നാം എൻ.സി.എ | രണ്ടാം എൻ.സി.എ |
| 1, 2, 3 | 3/2008 | 29.05.2008 | 373/2009 | 18/2011 |
| 4 | 5/2008 | 26.05.2008 | 377/2009 | 22/2011 |
| 5 | 163/2005 | 27.12.2006 | 494/2007 | 24/2011 |
| 6 | 166/2005 | 27.12.2006 | 384/2009 | 26/2011 |
| 7,8 | 169/2005 | 30.12.2006 | 386/2009 | 28/2011 |

**3. ശമ്പളം:**– യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്

**4. യോഗ്യതകൾ :**

(i) ബന്ധപ്പെട്ട വിഷയത്തിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയിട്ടുള്ള ബിരുദാനന്തര ബിരുദം (എം.ഡി/ എം.എസ്/ഡി.എൻ.ബി)

(ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ

**കുറിപ്പ്:**– KS&SSR Part II Rule 10(a)(ii) ബാധകമാണ്.

മേൽപ്പറഞ്ഞിട്ടുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ

(i) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള (എം.ബി.ബി.എസ്) ബിരുദം

(ii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ എന്നീ യോഗ്യതയുള്ള (മുകളിൽ രണ്ടാം ഖണ്ഡികയിലെ കോളം നമ്പർ 4–ൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥി കളിൽ നിന്ന് മാത്രം) ഉദ്യോഗാർത്ഥികളെ ലക്ചറർ തസ്തികയ്ക്ക് (യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് ശമ്പളം) പരിഗണിക്കുന്ന താണ്.

**കുറിപ്പ്**

1. KS&SSR Part II Rule 10(a)(ii) ബാധകമാണ്.
2. ഒന്നിലധികം ലക്ചറർ തസ്തികകളിലേക്ക് അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ഓരോ കാറ്റഗറിയിലേക്കും പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
3. യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലോ അതിന് മുൻപോ നേടിയതായിരിക്കണം.
4. ഒരു മെഡിക്കൽ കൗൺസിലിലേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.
5. ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം (മുകളിൽ 2–ാം ഖണ്ഡികയിലെ 4–ാം കോളത്തിൽ കാണിച്ചിട്ടുള്ള സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്**

1. പട്ടികജാതി വിഭാഗക്കാർക്കുള്ള ഒഴിവുകളിൽ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളേയും പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഒഴിവുകളിൽ പട്ടികജാതി വിഭാഗക്കാരെയും അതാത് സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പരിഗണിക്കുന്നതാണ്.
2. മുകളിൽ രണ്ടാം ഖണ്ഡികയിൽ കാണിച്ചിട്ടുള്ള സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം : പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം:** 21–50, ഉദ്യോഗാർത്ഥികൾ 02.01.1964നും 01.01.1993നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

**മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക്** 21–49, ഉദ്യോഗാർത്ഥികൾ 02.01.1963നും 01.01.1993നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)–ലെ ആനുകൂല്യം ഉൾപ്പെടെ]
[പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക (ഖണ്ഡിക 2(i) ഒഴികെ) നോക്കുക]

### കാറ്റഗറി നമ്പർ: 462/2014 – 467/2014
### (എ) സീനിയർ ലക്ചറർ/ലക്ചറർ
### (താഴെപ്പറയുന്ന വിഷയങ്ങളിൽ)
### മെഡിക്കൽ വിദ്യാഭ്യാസം
### ഒന്നാം എൻ.സി.എ. തെരഞ്ഞെടുപ്പ് വിജ്ഞാപനം

1 **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : (എ) സീനിയർ ലക്ചറർ/ലക്ചറർ (താഴെപ്പറയുന്ന വിഷയങ്ങളിൽ)

| ക്രമ നം. | കാറ്റഗറി നം. | വിഷയം | യോഗ്യത (സീനിയർ ലക്ചറർ തസ്തിക) | സമുദായം/ ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| 1. | 462/2014<br>463/2014 | പത്തോളജി<br>പത്തോളജി | എം.ഡി. (പത്തോളജി)/ ഡി.എൻ.ബി (പത്തോളജി) | എസ്.റ്റി 2<br>ഒ.ബി.സി 1 |
| 2 | 464/2014 | പ്ലാസ്റ്റിക്ക് ആൻറ് റീ കൺസ്ട്രക്ടീവ് സർജറി | എം.സി.എച്ച് (പ്ലാസ്റ്റിക് ആൻറ് റീകൺസ്ട്രക്ടീവ് സർജറി)/എം.സി.എച്ച്/ ഡി.എൻ.ബി (പ്ലാസ്റ്റിക് സർജറി) മുകളിൽ പറഞ്ഞ യോഗ്യതകളുടെ അഭാവത്തിൽ എം.എസ് (ജനറൽ സർജറി) | മുസ്ലീം – 1 |
| 3 | 465/2014 | ട്യൂബർക്കുലോസിസ് ആൻറ് റെസ്പിറേറ്ററി മെഡിസിൻ (പൾമനറി മെഡിസിൻ) | എം.ഡി/(റ്റി.ബി ആൻറ് റെസ്പിറേറ്ററി ഡിസീസസ്)/എം.ഡി (റ്റി.ബി ആൻറ് ചെസ്റ്റ് ഡിസീസസ്/ ഡി.എൻ.ബി (ട്യൂബർക്കുലോസിസ് ആൻറ് ചെസ്റ്റ് ഡിസീസസ്) | ധീവര 1 |
| 4 | 466/2014<br>467/2014 | ജനിറ്റോയൂറിനറി സർജറി (യൂറോളജി)<br>ജനിറ്റോയൂറിനറി സർജറി (യൂറോളജി) | എം.സി.എച്ച് (യൂറോളജി)/ എം.സി.എച്ച്/ഡി.എൻ.ബി (ജനിറ്റോ യൂറിനറി സർജറി)/ എം.സി.എച്ച് (ജനിറ്റോയൂറിനറി സർജറി) മുകളിൽ പറഞ്ഞ യോഗ്യതകളുടെ അഭാവത്തിൽ എം.എസ്. (ജനറൽ സർജറി) | എസ്.റ്റി 1<br>മുസ്ലീം 1 |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്‌ലിസ്റ്റ് ഈ തസ്തികകളുടെ യഥാക്രമം താഴെപ്പറയുന്ന തീയതികളിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമനമ്പർ | തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 18/03/2010 | 258/2009 |
| 2 | 09/12/2009 | 261/2009 |
| 3 | 25/06/2004 | 215/2001 |
| 4 | 09/04/2013 | 222/2011 |

**3. ശമ്പളം** :– സീനിയർ ലക്ചറർ/ലക്ചറർ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്

**4. യോഗ്യതകൾ:**

1. ഖണ്ഡിക (2) ലെ കോളം നമ്പർ (4) ൽ അതാത് വിഷയങ്ങൾക്ക് നേരേ പറയുന്ന യോഗ്യതകൾ.
2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൻെറ (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്** 1. ഡി.എൻ.ബി. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

മേൽപ്പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഉദ്യോഗാർത്ഥികളെ താഴെ പറയും പ്രകാരം ലക്ചറർ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

(ബി) ലക്ചറർ (താഴെ പറയുന്ന വിഷയങ്ങളിൽ)

| ക്രമ നം | വിഷയം |
|---|---|
| 1 | പത്തോളജി |
| 2 | പ്ലാസ്റ്റിക്ക് ആൻറ് റീകൺസ്ട്രക്ടീവ് സർജറി |
| 3 | ട്യൂബർക്കുലോസിസ് ആൻറ് റെസ്പിറേറ്ററി മെഡിസിൻ (പൾമനറി മെഡിസിൻ) |
| 4 | ജനിറ്റോയൂറിനറി സർജറി (യൂറോളജി) |

**യോഗ്യതകൾ**

1. ഒരു അംഗീകൃത സർവകലാശാലയിൽ നിന്നുള്ള (എം.ബി.ബി.എസ്) ബിരുദം.
2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൻെറ (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്:**–1. സീനിയർ ലക്ചറർ/ലക്ചറർ തെരഞ്ഞെടുപ്പുകൾക്ക് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

2. സീനിയർ ലക്ചറർ/ലക്ചറർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലോ അതിനുമുമ്പോ നേടിയതായിരിക്കണം.

3. ഒരു മെഡിക്കൽ കൗൺസിലിൻേറയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

4. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടെയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനുമുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

5. ഈ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

**5. നിയമന രീതി:–** നേരിട്ടുള്ള നിയമനം

(മുകളിൽ 2–ാം ഖണ്ഡികയിൽ 5–ാം കോളത്തിൽ കാണിച്ചിട്ടുള്ള സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം) മുകളിൽ കാണിച്ചിട്ടുള്ള സമുദായങ്ങളിൽ–പ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷകൾ നിരസിച്ചു കൊണ്ടുള്ള വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : (നിയമാനുസൃത ഇളവ് ഉൾപ്പെടെ)

(1) ഒ.ബി.സി., മുസ്ലീം, ധീവര ഒഴിവുകൾക്ക്: 21–49, ഉദ്യോഗാർത്ഥികൾ 02.01.1965–നും 01.01.1993–നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

(2) പട്ടിക വർഗ്ഗം ഒഴിവുകൾക്ക്: 21–50; ഉദ്യോഗാർത്ഥികൾ 2.01.1964–നും 01.01.1993 നും ഇടയിൽ ജനിച്ചവരായിരി ക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:** (പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

## കാറ്റഗറി നമ്പർ: 468/2014
## ലക്ചറർ ഇൻ ട്രൊമാറ്റിക് സർജറി (എമർജൻസി ആൻറ് ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്ന് പുനർ നാമകരണം ചെയ്ത ട്രോമ കെയർ വിഭാഗത്തിൽ) മെഡിക്കൽ വിദ്യാഭ്യാസം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | | |
|---|---|---|
| 1 | **വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസം |
| 2 | **ഉദ്യോഗപ്പേര്** | : ലക്ചറർ ഇൻ ട്രൊമാറ്റിക് സർജറി (എമർജൻസി ആൻറ് ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്ന് പുനർ നാമകരണം ചെയ്ത ട്രോമ കെയർ വിഭാഗത്തിൽ) |
| 3 | **ശമ്പളം** | : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് |
| 4 | **ഒഴിവുകളുടെ എണ്ണം** | : പട്ടിക ജാതി – 1 |

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലു ള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 30.08.2005 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൻെറ (കാറ്റഗറി നം.77/2002) കാലയളവിൽ പട്ടികജാതി ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:**

(1) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

(2) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്ന താണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല

**6. പ്രായം**: 21–50 ഉദ്യോഗാർത്ഥികൾ 02.01.1964–നും 01.01.1993 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം.(രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) –ൽ പറഞ്ഞിരിക്കുന്ന ആനുകൂല്യം ഉൾപ്പെടെ)

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:**

1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ് ബിരുദം
2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ
3. ഒരു വർഷത്തെ ഹൗസ് സർജൻസി

**കുറിപ്പ്:**– KS & SSR Part II Rule 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ. 469/2014
## ലക്ചറർ ഇൻ ഉറുദു
## കോളേജ് വിദ്യാഭ്യാസം
### നാലാം എൻ.സി.എ. വിജ്ഞാപനം

| | | |
|---|---|---|
| 1 | **വകുപ്പ്** | : കോളേജ് വിദ്യാഭ്യാസം |
| 2 | **ഉദ്യോഗപ്പേര്** | : ലക്ചറർ ഇൻ ഉറുദു |
| 3 | **ശമ്പളം** | : യു.ജി.സി. നിരക്ക് |
| 4 | **ഒഴിവുകളുടെ എണ്ണം** | : പട്ടികജാതി 1 (ഒന്ന്) |

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 12.01.2009 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിൽപ്പെട്ടവർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ ഒഴിവിലേക്കുള്ള തെരഞ്ഞെടുപ്പിനായി ഒന്നാം എൻ.സി.എ. വിജ്ഞാപനം (ഗസറ്റ് തീയതി: 31.12.2010, കാറ്റഗറി നമ്പർ. 486/2010) രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി: 16.04.2012, കാറ്റഗറി നമ്പർ 57/2012) മൂന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി: 30.04.2013, കാറ്റഗറി നമ്പർ 82/2013) പുറപ്പെടുവിച്ചിട്ടും അർഹരായ ഉദ്യോഗാത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള നാലാം എൻ.സി.എ. വിജ്ഞാപനമാണിത്.

**5 നിയമന രീതി:** നേരിട്ടുള്ള നിയമനം (പട്ടികജാതിക്കാരിൽ നിന്നു മാത്രം. പട്ടികജാതിക്കാരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.)

**6 പ്രായം** : 22–45, ഉദ്യോഗാർത്ഥികൾ 02.01.1969 നും 01.01.1992നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) (പ്രായപരിധിയിലെ ഇളവ് സംബന്ധിച്ച മറ്റു നിബന്ധനകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7 യോഗ്യതകൾ:** 1) പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥി കൾക്ക് അൻപത് ശതമാനം (50%) മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾദക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) KS & SSR, Part II Rule 10 (a) (ii) ബാധകമാണ്.

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേല്പ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

## കാറ്റഗറി നമ്പർ. 470/2014
## കോളേജ് വിദ്യാഭ്യാസം
## ലക്ചറർ ഇൻ കോമേഴ്സ്
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | | |
|---|---|---|
| 1 | **വകുപ്പ്** | : കോളേജ് വിദ്യാഭ്യാസം |
| 2 | **ഉദ്യോഗപ്പേര്** | : ലക്ചറർ ഇൻ കോമേഴ്സ് |
| 3 | **ശമ്പളം** | : യു.ജി.സി. നിരക്ക് |
| 4 | **ഒഴിവുകളുടെ എണ്ണം** | : എസ്.ഐ.യു.സി നാടാർ 1 |

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 30.09.2010 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം. (എസ്.ഐ.യു.സി നാടാർ സമുദായത്തിൽ നിന്ന് മാത്രം).

**കുറിപ്പ്:** ഈ വിജ്ഞാപനത്തിൽ പരാമർശിക്കുന്ന സമുദായത്തിൽപ്പെടാത്ത ഉദ്യോഗാത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 22–43. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1992 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2 (i) ഒഴികെയുള്ളവ)

**7 യോഗ്യതകൾ**: 1) അൻപത്തിയഞ്ച് ശതമാനം (55%) മാർക്കിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ ഇതിന്റെ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിനയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991 ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS & SSR, Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ. 471/2014
## കോളേജ് വിദ്യാഭ്യാസം
## ലക്ചറർ ഇൻ സ്റ്റാറ്റിസ്റ്റിക്സ്
### മൂന്നാം എൻ.സി.എ. വിജ്ഞാപനം

| | | |
|---|---|---|
| 1 | **വകുപ്പ്** | : കോളേജ് വിദ്യാഭ്യാസം |
| 2 | **ഉദ്യോഗപ്പേര്** | : ലക്ചറർ ഇൻ സ്റ്റാറ്റിസ്റ്റിക്സ് |
| 3 | **ശമ്പളം** | : യു.ജി.സി. നിരക്ക് |
| 4 | **ഒഴിവുകളുടെ എണ്ണം** | : പട്ടികജാതി 3 (മൂന്ന്) |

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി മാത്രം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 08.06.2010 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 14.10.2011, കാറ്റഗറി നമ്പർ 338/2011), രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 15.11.2012, കാറ്റഗറി നമ്പർ 564/2012) എന്നിവ പ്രകാരം പ്രസ്തുത സമുദായത്തിലെ അഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള മൂന്നാം എൻ.സി.എ. വിജ്ഞാപനമാണിത്.

**5 നിയമന രീതി** : പട്ടികജാതിക്കാരിൽ നിന്നു മാത്രം. എന്നാൽ പട്ടികജാതിക്കാരുടെ അഭാവത്തിൽ പട്ടികവർഗ്ഗ ക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.

**കുറിപ്പ്**: വിജ്ഞാപനത്തിൽ പരാമർശിക്കുന്ന സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 22–45 ഉദ്യോഗാർത്ഥികൾ 02.01.1969 നും 01.01.1992 നും ഇടയിൽ ജനിച്ചരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക (ഖണ്ഡിക 2 (i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ** 1) പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ അൻപതു ശതമാന (50 %) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

## കാറ്റഗറി നമ്പർ: 472/2014
## വൊക്കേഷണൽ ടീച്ചർ അഗ്രികൾച്ചർ
## വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം
### രണ്ടാം എൻസിഎ വിജ്ഞാപനം

| | |
|---|---|
| **1.വകുപ്പ്** | : വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം |
| **2.ഉദ്യോഗപ്പേര്** | : വൊക്കേഷണൽ ടീച്ചർ അഗ്രികൾച്ചർ |
| **3.ശമ്പളം** | : ₹ 19240 – 34500 |
| **4.ഒഴിവുകളുടെ എണ്ണം** | : വിശ്വകർമ്മ 1 (ഒന്ന്) |

**കുറിപ്പ് :** മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 19.2.2007 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്

റ്റിൻെറ കാലയളവിൽ വിശ്വകർമ്മ സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാതെയുള്ളതുമായ ഒഴിവുകളിലേക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5.നിയമന രീതി:** നേരിട്ടുള്ള നിയമനം (വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരിൽ നിന്നു മാത്രം)

**കുറിപ്പ്:** വിശ്വകർമ്മ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള വ്യക്തിഗത അറിയിപ്പു നൽകുന്നതല്ല.

**6.പ്രായം** : 23–43 ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1991 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
[വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക, ഖണ്ഡിക2(i) ഒഴികെ]

**7.യോഗ്യതകൾ** : കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്നും 60% മാർക്കിൽ കുറയാതെ ലഭിച്ച അഗ്രികൾച്ചർ ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:** KS&SSR, Part II, Rule 10(a)(ii) ബാധകമാണ്.

**കുറിപ്പ് :**1. ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്ന് ലഭിച്ച ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ യോഗ്യത അധികമായുള്ളവർക്ക് നിയമനങ്ങളിൽ മുൻഗണന നൽകുന്നതാണ്.
2. മേൽപ്പറഞ്ഞ വിദ്യാഭ്യാസ യോഗ്യതകൾ കേരളത്തിലെ ഏതെങ്കിലുമൊരു അംഗീകൃത സർവ്വകലാശാലയിൽനിന്നും റഗുലർ പഠനത്തിലൂടെ നേടിയതോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

## കാറ്റഗറി നമ്പർ: 473/2014 – 474/2014
## ജൂനിയർ കൺസൾട്ടൻറ് (അനസ്തേഷ്യ)
## ആരോഗ്യം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : ജൂനിയർ കൺസൾട്ടൻറ് (അനസ്തേഷ്യ)
**3. ശമ്പളം** : ₹11910 – 19350 (പരിഷ്ക്കരണത്തിന് മുമ്പുള്ളത്)
**4. ഒഴിവുകളുടെ എണ്ണം** :

| ക്രമ നമ്പർ | കാറ്റഗറി നം. | സമുദായം/ ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | 473/2014 | പട്ടികജാതി – 1 (ഒന്ന്) |
| 2 | 474/2014 | മുസ്ലീം/മാപ്പിള– 1 (ഒന്ന്) |

**നോട്ട്:–** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 30.03.2011 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൻെറ (കാറ്റഗറി നമ്പർ.276/2010, ഗസറ്റ് തീയതി 27.10.2010) കാലയളവിൽ പട്ടികജാതി, മുസ്ലീം/മാപ്പിള സമുദാ യങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി, മുസ്ലീം/ മാപ്പിള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്–** 1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതായിരിക്കും.
2. ഈ വിജ്ഞാപനത്തിൽ പരാമർശിക്കാത്ത സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അപ്രകാരമുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം : പട്ടികജാതി:** 18–47; ഉദ്യോഗാർത്ഥികൾ 02/01/1967–നും 01/01/1996നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**മുസ്ലീം:**18–45; ഉദ്യോഗാർത്ഥികൾ 02/01/1969–നും 01/01/1996 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i) ഒഴികെ)

**7. യോഗ്യതകൾ:**
i)മോഡേൺ മെഡിസിനിലുള്ള ബിരുദം (എം.ബി.ബി.എസ്) അല്ലെങ്കിൽ തത്തുല്യ യോഗ്യത
ii)അനസ്തേഷ്യയിൽ നേടിയിട്ടുള്ള ബിരുദാനന്തര ബിരുദം/ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത

അല്ലെങ്കിൽ

അനസ്തേഷ്യയിൽ ഡിപ്ലോമാറ്റ് ഇൻ നാഷണൽ ബോർഡ് യോഗ്യത

**കുറിപ്പ്** I:– KS&SSR Part II, Rule 10 (a) (ii) ബാധകമാണ്.

**കുറിപ്പ്** I : ബിരുദാനന്തര ബിരുദം അല്ലെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി ഉള്ള ഉദ്യോഗാർത്ഥികൾക്ക് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഉള്ളവരെക്കാൾ മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:–**III 1)ബിരുദം/ബിരുദാനന്തര ഡിപ്ലോമ/ബിരുദാനന്തര ബിരുദം/ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി എന്നിവ അംഗീകാരമുള്ള ഒരു യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയതോ അല്ലെങ്കിൽ ഏതെ ങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയുടെ അംഗീകാരമു ള്ളതോ ആയിരിക്കണം. മെഡിക്കൽ ബിരുദാനന്തര ബിരുദം/ഡിപ്ലോമ, തത്തുല്യ യോഗ്യതകൾ എന്നിവ മെഡിക്കൽ കൗൺസിലിൻെറ അംഗീകാരമുള്ളവയും ഡി.എൻ.ബി യോഗ്യത നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് നൽകിയതും ആയിരിക്കണം. നോൺ മെഡിക്കൽ ഡിഗ്രി/ഡിപ്ലോമ എന്നിവ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നേടിയതായിരിക്കണം.
2)തത്തുല്യ യോഗ്യതകൾ എന്നത് (ഡി.എൻ.ബി ഒഴികെയുള്ളവ) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തത്തുല്യമെന്ന് അംഗീകരിച്ചതായിരിക്കണം.
3) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൻെറ സാധുതയുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

## കാറ്റഗറി നമ്പർ: 475/2014 – 476/2014
## റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്.I (ലെതർ വർക്സ്)
## മെഡിക്കൽ വിദ്യാഭ്യാസം
## 2–ാംഎൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്.I (ലെതർ വർക്സ്)
**3 ശമ്പളം** : ₹ 9940–16580/–
**4 ഒഴിവുകളുടെ എണ്ണം** :

| ക്രമ നം. | കാറ്റഗറി നം. | തസ്തികയുടെ പേര് | സമുദായം/ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1. | 475/14 | റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്.I (ലെതർ വർക്സ്) | ഈഴവ/തീയ്യ/ ബില്ലവ – 2 |
| 2. | 476/14 | റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്.I (ലെതർ വർക്സ്) | വിശ്വകർമ്മ – 1 |

**നോട്ട്:–** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് 04.09.2007–ലെ ഗസറ്റിൽ 282/2007 കാറ്റഗറിനമ്പർ പ്രകാരമുള്ള വിജ്ഞാപനത്തെത്തുടർന്ന് ഈ തസ്തികയിലേയ്ക്ക് 29.10.2009– നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഈഴവ, വിശ്വകർമ്മ സമുദായങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യ ത്തിൽ ഉണ്ടായിരിക്കുന്നതാണ്. 30.12.2010ലെ ഗസറ്റിൽ കാറ്റ ഗറി നമ്പർ 427/10 പ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായങ്ങ ളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ഒന്നാം എൻ.സി.എ വിജ്ഞാ പനം പുറപ്പെടുവിച്ചുവെങ്കിലും യോഗ്യതയുള്ള ഉദ്യോഗാർ ത്ഥി കളെ ലഭ്യമല്ലാതെ വന്ന സാഹചര്യത്തിലാണ് രണ്ടാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഈഴവ/തീയ്യ/ബില്ലവ, വിശ്വകർമ്മ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)

**കുറിപ്പ്:–** ഈഴവ/തീയ്യ/ബില്ലവ, വിശ്വകർമ്മ സമുദായ ങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അത്തരം അപേക്ഷകർക്ക് വ്യക്തിഗത നിരസന അറിയിപ്പ് നൽകുന്നതല്ല.

**6 പ്രായം** : 18–39 ഉദ്യോഗാർത്ഥികൾ 02/01/1975–നും 01/01/1996 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i)–ലെ ആനുകൂ ല്യം ഉൾപ്പെടെ] (വയസ്സിളവിനെ സംബന്ധിച്ചവ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**കുറിപ്പ്:** ഹാഫ് എ മില്യൻ ജോബ് പ്രോഗ്രാം അനുസരിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള ആർട്ടിഫിഷ്യൽ ലിംബ് സെൻററിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയിട്ടുള്ളവർക്ക് ഉയർന്ന പ്രയപരിധിയിൽ അഞ്ച് വർഷത്തെ ഇളവ് അനുവദിക്കുന്നതാണ്.

**7. യോഗ്യതകൾ:**
1) എസ്.എസ്.എൽ.സി വിജയിച്ചിരിക്കണം
2) റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്ഥാപനങ്ങൾ നടത്തുന്ന ഓർത്തോട്ടിക്സിലും പ്രോസ്റ്റെറ്റിക്സി ലും ഉള്ള സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിരിക്കണം.

അല്ലെങ്കിൽ

റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്ഥാപനങ്ങൾ നടത്തുന്ന ഓർത്തോട്ടിക്സിലും പ്രോസ്റ്റെറ്റിക്സിലും ഉള്ള ബാച്ച്ലർ ഡിഗ്രി/ഡിപ്ലോമ കരസ്ഥമാക്കിയിരിക്കണം.
മുകളിൽ പറഞ്ഞ ഒന്നും രണ്ടും യോഗ്യതകളുടെ അഭാവത്തിൽ കാർപെൻററി, ഷീറ്റ്മെറ്റൽ, ഫിറ്റർ എന്നീ III ട്രേഡുകൾ വിജയകരമായി പൂർത്തിയാക്കിയിരിക്കണം. നിയമന സമയത്ത് ഇവരെ ഒരു വർഷത്തേയ്ക്ക് ട്രെയിനികളായി കണക്കാക്കുകയും ഈ തസ്തികയുടെ ശമ്പളനിരക്കിലെ കുറഞ്ഞ ശമ്പളം നൽകുകയും ചെയ്യും.

**കുറിപ്പ്:–** KS & SSR പാർട്ട് I റൂൾ 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 477/2014
## അസിസ്റ്റൻറ് ഗ്രേഡ് I
## കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ്
## 2–ാംഎൻ.സി.എ വിജ്ഞാപനം
## (തസ്തികമാറ്റംവഴിയുള്ള നിയമനം)

**1 സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : അസിസ്റ്റൻറ് ഗ്രേഡ് I
**3 ശമ്പളം** : ₹5120–7095/– (പരിഷ്കരണത്തിന് മുൻമ്പ്)
**4 ഒഴിവുകളുടെ എണ്ണം** : എൽ.സി/എ.ഐ 1 (ഒന്ന്)
(തസ്തികമാറ്റം എൻ.സി.എ ഒഴിവ്)

**കുറിപ്പ്:** 1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്ലിസ്റ്റ് ഈ തസ്തികയുടെ 17.1.2012ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൻെറ (കാറ്റഗറി നം. 385/2010) കാലയളവിൽ എൽ.സി/എ.ഐ സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്ക് ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5 നിയമനരീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം

**കുറിപ്പ്:** 1) കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള സംവരണ തത്വങ്ങൾക്ക് വിധേയമായിരിക്കും ടി തസ്തികയിലേയ്ക്കുള്ള നിയമനം
2) നിശ്ചിത യോഗ്യതയുള്ള ഫാക്ടറി ക്ലാർക്കുമാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ടി ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തുന്നതാണ്.
3)എൽ.സി/എ.ഐ സമുദായത്തിൽപെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകർ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകുന്നതല്ല.

**6 പ്രായം** : 18–50 ഉദ്യോഗാർത്ഥികൾ 02.01.1964നും 01.01.1996 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾ ബാധകമല്ല.)

**7 യോഗ്യതകൾ** : 1 എസ്.എസ്.എൽ.സി പാസ്സായിരിക്കണം.
2 കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡിൽ ഫാക്ടറി ക്ലാർക്കായി നാല് (4) വർഷത്തെ സേവനം

**കുറിപ്പ്:** 1) അപേക്ഷകർ ആഫീസ് മേലധികാരിയിൽ നിന്ന് താഴെ പറയുന്ന മാതൃകയിൽ ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. (കൂടുതൽ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനം കാണുക)
2) കെ.എസ്. ആൻ്റ് എസ്. എസ്. ആർ. പാർട്ട് I വിലെ റൂൾ 10(a)(ii) ഈ തസ്തികയ്ക്ക് ബാധകമാണ്

SERVICE CERTIFICATE

Certified that Sri./Smt ....................................... ..........
.....................................is employed in the Kerala State Cashew Development Corporation Limited on a regular basis as ........................
........from....................................and that he/she is still working in the same capactiy
in the office at the............................and that he/she has completed..................years....................
months.....................days on......................

Signature

Place: Name and Designation of the
Date: Head Office
(Office Seal)

## കാറ്റഗറി നമ്പർ: 478/2014
## ലോവർ ഡിവിഷൻ ക്ളാർക്ക്
## കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (HANTEX)
## മൂന്നാം എൻ.സി.എ. വിജ്ഞാപനം
## (സൊസൈറ്റി വിഭാഗം)

**1. സ്ഥാപനം** : കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (HANTEX)
**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ളാർക്ക്
**3. ശമ്പളം** : ₹ 3050 – 5230 (PR)
**4. ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 1 (ഒന്ന്)

**കുറിപ്പ്:** (1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഈ തസ്തികയുടെ 09.08.2011ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ സൊസൈറ്റി വിഭാഗം (കാറ്റഗറി നമ്പർ: 352/2008) എസ്.സി. സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്നതും ഇപ്പോൾ നിലവിലുള്ളതുമാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് മേൽപ്പറഞ്ഞ തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ പട്ടികജാതി സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ഉണ്ടായേക്കാവുന്ന ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.
2) പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അപേക്ഷകളും സ്വീകരിക്കുന്നതാണ്.
3) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തി നടത്തുന്നതാണ്.

**5. നിയമനരീതി** : കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (HANTEX)ൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലിചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**കുറിപ്പ്:** ഹാൻ്റക്സിൽ റെഗുലർ സർവ്വീസിൽ ഇല്ലാത്തവരും പട്ടികജാതി വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്നതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18–50, ഉദ്യോഗാർത്ഥികൾ 02/01/1964 നും 01/01/1996 –നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

**യോഗ്യതകൾ** : a) കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും അംഗമായിട്ടുള്ളതുമായ സഹകരണ സംഘത്തിൽ ഏതെങ്കിലും തസ്തികയിൽ മൂന്നു വർഷത്തിൽക്കുറയാത്ത റെഗുലർ സർവീസ് ഉള്ളവരും സർവ്വീസിൽ തുടരുന്നവരുമായ സ്ഥിരം ജീവനക്കാരായിരിക്കണം.

b) അംഗീകൃത സർവകലാശാലയുടെ B.A./B.Sc./B.Com. ബിരുദവും HDC / HDC& BM അല്ലെങ്കിൽ JDCയും ഉണ്ടായിരി ക്കണം.

അല്ലെങ്കിൽ

കോഓപ്പറേഷനോടു കൂടിയ B.Com. ബിരുദം.

അല്ലെങ്കിൽ

കേരള കാർഷിക സർവകലാശാലയിൽ നിന്നും ലഭിച്ച കോഓപ്പറേഷൻ ആന്റ് ബാങ്കിങ്ങോടുകൂടിയ B.Sc. ബിരുദം.

8) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ)-ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**സർവ്വീസ് സർട്ടിഫിക്കറ്റ്**

1. ഉദ്യോഗാർത്ഥിയുടെ പേര്:
2. ഉദ്യോഗപ്പേര്, ശമ്പളനിരക്ക് (ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയുടെ പേരും, ശമ്പളവും ഓരോ തസ്തികയിലും സ്ഥിരമായി ജോലി നോക്കിയിട്ടുള്ള കാലയളവും) :
3. ഉദ്യോഗാർത്ഥി ജോലി ചെയ്യുന്ന സഹകരണ സംഘത്തിന്റെ പേരും സഹകരണ സംഘം കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്ത തീയതിയും. :
4. ടി സംഘത്തിൽ സ്ഥിരസേവനം ആരംഭിച്ച തീയതിയും തസ്തികയും ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയും. :

മേൽപ്പറഞ്ഞ മെമ്പർ സൊസൈറ്റിയിലെ സ്ഥിരം ജീവനക്കാരനായ/ജീവനക്കാരിയായ ശ്രീ/ശ്രീമതി.............................................നെ സംബന്ധിച്ചുള്ള വിവരങ്ങൾ ടി ഉദ്യോഗാർത്ഥിയുടെ സർവ്വീസ് സംബന്ധമായ വിവരങ്ങളുമായി ഒത്തു നോക്കിയതി ആയവ സത്യമാണെന്ന് എനിക്ക് ബോദ്ധ്യമായിട്ടുള്ളതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പും പേരും<br>
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)<br>
സഹകരണ വകുപ്പ്.

സ്ഥലം:<br>
തീയതി: (ഓഫീസ് മുദ്ര)

## കാറ്റഗറി നമ്പർ: 479/2014 – 481/2014
## ഗാർഡ്
## ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1 **സ്ഥാപനത്തിന്റെ പേര്** : ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്<br>
2 **ഉദ്യോഗപ്പേര്** : ഗാർഡ്<br>
3 **ശമ്പളം** : ₹ 1310 – 2410/ രൂപ<br>
4 **ഒഴിവുകളുടെ എണ്ണം** :

| ക്രമ നമ്പർ | കാറ്റഗറി നം. | സമുദായം/ ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | 479/2014 | എസ്.സി. 3 |
| 2 | 480/2014 | എസ്.ടി. 1 |
| 3 | 481/2014 | ഓ.എക്സ് 1 |

**കുറിപ്പ്:** (ii) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.07.2010 തീയതി നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ : 30/2008, ഗസറ്റ് തീയതി 14.01. 2008) കാലയളവിൽ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള എസ്.സി., എസ്.ടി., ഓ.എക്സ്. സമുദായത്തിനുവേണ്ടി നീക്കി വെച്ചിട്ടുള്ള ഒഴിവുകളിലേക്ക് ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ഈ തസ്തികയ്ക്കായി 16.04.2011ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 55/2011 ആയി പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതുകൊണ്ടുള്ള രണ്ടാം എൻ.സി.എ. വിജ്ഞാപനമാണിത്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (എസ്.സി., എസ്.ടി., ഓ.എക്സ്. സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം.

**കുറിപ്പ്** : പട്ടികജാതി, പട്ടികവർഗ, ഒ.എക്സ്. വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : a) 18–40, പട്ടികജാതി/പട്ടികവർഗ ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

b) 18–38, ഓ.എക്സ്. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 2.1.1976 നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**കുറിപ്പ്** :1 പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസിലുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

2 ഒ.എക്സ്. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ പ്രായപൂർത്തിയായശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 40 വയസുവരെ ഇളവ് അനുവദിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii),(iii), (iv), (vi) & (xii) നോക്കുക)

**7.യോഗ്യതകൾ**

(i) എസ്.എസ്.എൽ.സി. അഥവാ തത്തുല്യ യോഗ്യത നേടിയിരിക്കണം.

**ശാരീരിക യോഗ്യത :**

| | |
|---|---|
| (എ) ഉയരം | : 163 സെ.മീ |
| (ബി) ഭാരം | : 59 കി.ഗ്രാം |
| (സി) നെഞ്ചളവ് | : 84 സെ. മീ. (സാധാരണ) |
| | : 89 സെ. മീ. (വികസിക്കുമ്പോൾ) |

(ii) പ്രതിരോധ സേനയിൽ ചുരുങ്ങിയത് അഞ്ച് (5) വർഷത്തെ സേവനം ഉണ്ടായിരിക്കണം.

***കുറിപ്പ് : സ്ത്രീകളും അംഗവൈകല്യമുള്ളവരും അപേക്ഷ അയക്കുവാൻ അർഹരല്ല.***

കെ.എസ്. & എസ്.എസ്.ആറിലെ പാർട്ട് Iവിലെ റൂൾ 10 a ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 482/2014 – 484/2014
## സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II/ വാച്ചർ ഗ്രേഡ് II
## സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ബോർഡുകൾ/കോർപ്പറേഷനുകൾ
### 1–ാംഎൻ.സി.എ വിജ്ഞാപനം

1. **സ്ഥാപനത്തിന്റെ പേര്** : സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ ബോർഡുകൾ / കോർപ്പറേഷനുകൾ
2. **ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് I/വാച്ചർ ഗ്രേഡ് I
3. **ശമ്പളം** : ഈ തസ്തികയിലേയ്ക്ക് അതാതു കമ്പനികൾ / ബോർഡുകൾ /കോർപ്പറേഷനുകൾ നിശ്ചയിച്ചിരിക്കുന്ന ശമ്പളം

4 **ഒഴിവുകളുടെ എണ്ണം** :

| ക്രമ നമ്പർ | കാറ്റഗറി നം. | സമുദായം/ ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | 482/2014 | പട്ടികജാതി 2 |
| 2 | 483/2014 | പട്ടികവർഗ്ഗം 1 |
| 3 | 484/2014 | ഹിന്ദു നാടാർ 1 |

**കുറിപ്പ് :** 1)മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 16/10/2012 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ: 291/07) കാലയളവിൽ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗം, ഹിന്ദു നാടാർ സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5 നിയമനരീതി** : പട്ടികജാതി, പട്ടികവർഗ്ഗം, ഹിന്ദു നാടാർ വിഭാഗങ്ങളിൽ നിന്നുമുള്ള നേരിട്ടുള്ള നിയമനം

**കുറിപ്പ്:** പട്ടികജാതി, പട്ടികവർഗ്ഗം, ഹിന്ദു നാടാർ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 18–45 ഉദ്യോഗാർത്ഥികൾ 02.01.1969 നും 01.01.1996നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) ഹിന്ദു നാടാർ വിഭാഗത്തിലുൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ 2(i) ഖണ്ഡിക നോക്കുക)

**യോഗ്യതകൾ** : (1) ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം

(2) ആർമി/നേവി/എയർ ഫോഴ്സ് എന്നീ പ്രതിരോധ സേനയിൽ 3 (മൂന്ന്) വർഷത്തിൽ കുറയാതെയുള്ള സേവന പരിചയം ഉണ്ടായിരിക്കണം

(3) സൈക്കിൾ സവാരി അറിഞ്ഞിരിക്കണം

(4) ഉയരം 168 സെന്റീമീറ്റർ

(5)നെഞ്ചളവ് : സാധാരണ 81 സെന്റീമീറ്റർ വികസിപ്പിക്കുമ്പോൾ 86 സെന്റീമീറ്റർ

***കുറിപ്പ്: സ്ത്രീകൾ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ യോഗ്യരല്ല.***

**എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)**

## കാറ്റഗറി നമ്പർ: 485/2014
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) മലയാളം മാധ്യമം
## വിദ്യാഭ്യാസം
### 1–ാംഎൻ.സി.എ വിജ്ഞാപനം

1. **വകുപ്പ്** : വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) മലയാളം മാധ്യമം
3. **ശമ്പളം** : ₹ 15,380–25,900/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കാസർഗോഡ് ലത്തീൻ കത്തോലിക്കർ/ ആംഗ്ലോ ഇന്ത്യൻ (1)

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം കാസർഗോഡ് ജില്ലയിലേയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേല്പ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തില്പ്പെ ട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കാസർഗോഡ് | 4–1–2012 | 177/2008 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (ലത്തീൻ കത്തോലിക്കർ /ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായം** : 18–43. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i) ഒഴികെ).

**7. യോഗ്യതകൾ :** (എ)ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽതന്നെയുള്ള ബി.എഡ്/ബി.റ്റി ബിരുദവും ഉണ്ടായിരിക്കണം. (ബന്ധപ്പെട്ട വിഷയങ്ങൾ ഏതെല്ലാമെന്ന് താഴെ കുറിപ്പ് 3 ൽ നൽകിയിരിക്കുന്നത് നോക്കുക).

**കുറിപ്പ്** (1) ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം നേടിയിട്ടുള്ളവർക്കും ബന്ധപ്പെട്ട വിഷയത്തിൽതന്നെ ബി.എഡ്/ബിറ്റി ബിരുദമുള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(2) നാഷണൽ കൗൺസിൽ ഫോർ റൂറൽ ഹയർ എഡ്യൂക്കേഷൻ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

(3) അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി ഇവയിലേതെങ്കിലും പ്രധാന ഐച്ഛികവിഷയമായി ബിരുദം എടുത്തവരായിരിക്കണം. ജിയോളജി ഐച്ഛിക വിഷയവും ഫിസിക്സ്, കെമിസ്ട്രി ഇവ ഉപ ഐച്ഛിക വിഷയങ്ങളായും ബിരുദം എടുത്തിട്ടുള്ളവർക്ക് ഫിസിക്കൽ സയൻസിൽ ബി.എഡ് ഉണ്ടെങ്കിൽ ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ് [2.7.1996 ലെ ജി.ഒ (എം.എസ്) നമ്പർ 195/ 96/ജി. എഡ്യൂ].

(4) പോസ്റ്റ് റ്റൈറ്റിൽ ഡിഗ്രിയുള്ളവർ ഹൈസ്ക്കൂൾ അസിസ്റ്റന്റ് തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

(5) ഈ തസ്തികയ്ക്ക് എഴുത്ത് (വിവരാണാത്മക/ഒ.എം.ആർ) പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്.

(6) അപേക്ഷയിൽ യോഗ്യതകൾ രേഖപ്പെടുത്തുമ്പോൾ ബ്രാക്കറ്റിൽ ബിരുദത്തിന്/ ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയം കൂടി രേഖപ്പെടുത്തേണ്ടതാണ്. അതുപോലെ തന്നെ ബി.എഡ്/ബി.റ്റി ബിരുദത്തിനൊപ്പം ബ്രാക്കറ്റിൽ ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും രേഖപ്പെടുത്തിയിരിക്കണം.

(7) കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.എഡ്/ബി.റ്റി ബിരുദം നേടിയവർ ആയത് ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിംഗ് യോഗ്യതയ്ക്കു തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

N B: ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O A 370/2012 ൻമേൽ 19.6.12 ലെ ഉത്തരവ് പ്രകാരം ബിരുദത്തിന് ഫിസിക്സും കെമിസ്ട്രിയും മെയിൻ ആയോ സബ്സിഡിയറിയായോ പഠിച്ചിട്ടില്ലാത്ത ഉദ്യോഗാർത്ഥികളെ ഈ തസ്തികയുടെ തെരെഞ്ഞെടുപ്പിന് പരിഗണിക്കുന്നതല്ല.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ അനുബന്ധം 1 കാണുക.**

**കുറിപ്പ്:** മേൽപ്പറഞ്ഞവയോ താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ 'അതെ' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും തുടർന്ന് ഇളവിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാകുന്നു.

## കാറ്റഗറി നമ്പർ: 486/2014
## എൽ.പി.സ്കൂൾ അസിസ്റ്റന്റ് (മലയാളം മാധ്യമം)
## വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : എൽ.പി.സ്കൂൾ അസിസ്റ്റന്റ് (മലയാളം മാധ്യമം)
**3. ശമ്പളം** : ₹ 13,210 22,360/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
മലപ്പുറം പട്ടികവർഗ്ഗം 10 (പത്ത്)

[12/6/2009 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 210/09 ആയി വിജ്ഞാപനം ചെയ്ത തസ്തികയുടെ പുന:വിജ്ഞാപനം).

**കുറിപ്പ്:** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണസമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(i) ഈ വിജ്ഞാപനപ്രകാരം മലപ്പുറം ജില്ലയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നം. |
|---|---|---|
| മലപ്പുറം | 27.12.2006 | 87/05 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം
പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം

**6. പ്രായം** : 18–45 ഉദ്യോഗാർത്ഥികൾ 02.01.1969 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. [ഖണ്ഡിക 2 (i) ഒഴികെ].

**7. യോഗ്യതകൾ :**

1) കേരള സർക്കാരിന്റെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സിയോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പ്രീഡിഗ്രിയോ അല്ലെങ്കിൽ പ്രീഡിഗ്രിക്ക് തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച യോഗ്യതയോ വിജയിച്ചിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷ ബോർഡ് നടത്തുന്നതോ തത്തുല്യമായി ഗവൺമെന്റ് അംഗീകരിച്ചതോ ആയ ഏതെങ്കിലും ഹയർ സെക്കണ്ടറി പരീക്ഷ വിജയിച്ചിരിക്കണം.

**കൂടാതെ**

2) കേരള സർക്കാർ പരീക്ഷാകമ്മീഷണർ നടത്തുന്ന റ്റി.റ്റി.സി പരീക്ഷ പാസ്സായിരിക്കണം.

**പ്രത്യേക കുറിപ്പ്**

(a) റ്റി.റ്റി.സിക്ക് പകരമായി ബി.എഡ്. യോഗ്യത സ്വീകരിക്കുന്നതല്ല.
(b) എസ്.എസ്.എൽ.സി. ക്ക് പ്രാദേശിക ഭാഷയായി പാർട്ട് 1 ലോ പാർട്ട് 2 ലോ മലയാളം പഠിക്കാത്തവരോ, പഠന മാധ്യമം 'മലയാളം' അല്ലാത്തവരോ ആയ ഉദ്യോഗാർത്ഥികൾ ഈ തസ്തികയിലേയ്ക് അപേക്ഷിയ്ക്കുവാൻ അർഹരല്ല. [G.O (Rt) 534/02/G.Edn തീയതി 19–3–2002, G.O (Ms) No 44/75/G.Edn തീയതി 29–1–1975].
(c) എഴുത്തുപരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ്സ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്.

**കുറിപ്പ്** : KS & SSR പാർട്ട് I ലെ Rule 10 (a) ii ബാധകമായിരിക്കും.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ അനുബന്ധം 1 ൽ i,ii കാണുക.**

**കുറിപ്പ്:** മേൽപ്പറഞ്ഞവയോ താഴെ പൊതുവ്യവസ്ഥകളിൽ 2 –ാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതുമാകുന്നു. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല (പൊതുവ്യവസ്ഥകൾ ഖണ്ഡിക 2നോക്കുക).

## കാറ്റഗറി നമ്പർ: 487/2014 – 488/2014
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
## വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
**3. ശമ്പളം** : ₹ 11,620 – 20,240/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| ക്രമ നമ്പർ | കാറ്റഗറി നം. | സമുദായം/ ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | 487/2014 | ഈഴവ/ബില്ലവ/തിയ്യ പത്തനംതിട്ട 1 (ഒന്ന്) |
| | | ഈഴവ/ബില്ലവ/തിയ്യ എറണാകുളം 1 (ഒന്ന്) |
| 2 | 488/2014 | മറ്റ് ക്രിസ്ത്യാനികൾ തിരുവനന്തപുരം 1 (ഒന്ന്) |

**കുറിപ്പ്:** ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(i) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലകളിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 30.3.2010 | 117/07 |
| പത്തനംതിട്ട | 8.8.2012 | 144/09 |
| ഏറണാകുളം | 22.11.2012 | 144/09 |

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5.നിയമന രീതി** : നേരിട്ടുള്ള നിയമനം. (മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായം** : 18–43. ഈഴവ/ബില്ലവ/തിയ്യ, മറ്റ് ക്രിസ്ത്യാനികൾ സംവരണ സമുദായങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). 18–45. പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികൾ 02.01.1969നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ** :

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് 3 അറബി (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.
2)കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.
3) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.
4) കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബി പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ അനുബന്ധം 1 ൽ i,ii കാണുക.**

**കുറിപ്പ്** :താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതുമാകുന്നു. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ: 489/2014
## ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് – I
## ആരോഗ്യവകുപ്പ്
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യവകുപ്പ്
**2. ഉദ്യോഗപ്പേര്** : ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് –II
**3. ശമ്പളം** : ₹ 11620–20240/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
മലപ്പുറം – മുസ്ലീം 7

(i) ഈ വിജ്ഞാപനപ്രകാരം മലപ്പുറം ജില്ലയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടായിട്ടുള്ള/ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ് .

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| മലപ്പുറം | 22.3.2010 | 301/07 |

(iv) 11.11.2011 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 404/11 പ്രകാരമുള്ള ഒന്നാം NCA വിജ്ഞാപനത്തിനുശേഷവും, ടി സംവരണ ഒഴിവുകളിലേക്ക് ആവശ്യമുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമായിട്ടില്ലാത്തതിനാലാണ് രണ്ടാം NCA വിജ്ഞാപനം പുറപ്പെടുവി ക്കുന്നത്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (മുസ്ലീം സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 18–44. ഉദ്യോഗാർത്ഥികൾ 02.01.1970നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ബാധകമല്ല.

**7. യോഗ്യതകൾ :** 1) ജനറൽ : എസ്.എസ്.എൽ.സി പാസ്സായിരിക്കണം അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.
2) ടെക്നിക്കൽ : കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (18 മാസം ദൈർഘ്യമുള്ള പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നു ലഭിച്ച ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ്/ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം .

അല്ലെങ്കിൽ

കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് .
3) കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
(i) സാമാന്യവിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി വിജയിച്ച ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയ (എസ്.എസ്.എൽ.സി. തോറ്റവരേയും) ഉദ്യോഗാർത്ഥികളേയും പരിഗണിക്കുന്നതാണ്. നിശ്ചിത ക്വാട്ട തികയ്ക്കുന്നതിനു മാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ.
***(i) അംഗവൈകല്യമുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.***

## കാറ്റഗറി നമ്പർ: 490/2014 – 494/2014
## ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II
## ആരോഗ്യം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് –II
**3. ശമ്പളം** : ₹ 11620 – 20,240/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 490/2014 | ഒ.എക്സ് | മലപ്പുറം 1 |
| 491/2014 | എസ്.ഐ.യു.സി നാടാർ | കൊല്ലം 1<br>ഇടുക്കി 1 |
| 492/2014 | എൽ.സി/ആംഗ്ലോ ഇൻഡ്യൻ | ഇടുക്കി 1<br>ആലപ്പുഴ 1<br>തൃശ്ശൂർ 2 |
| 493/2014 | മുസ്ലീം | ഇടുക്കി 3 |
| 494/2014 | ഹിന്ദു നാടാർ | എറണാകുളം 1 |

**നോട്ട്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവര

ണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
(ii) ഈ വിജ്ഞാപനപ്രകാരം മേൽ പ്രസ്താവിച്ച ജില്ലകളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| മലപ്പുറം | 07.01.2014 | 406/09 |
| കൊല്ലം | 13.02.2014 | 406/09 |
| ഇടുക്കി | 06.03.2014 | 406/09 |
| ആലപ്പുഴ | 03.02.2014 | 406/09 |
| എറണാകുളം | 22.04.2014 | 406/09 |
| തൃശ്ശൂർ | 04.12.2013 | 406/09 |

(i)ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ തങ്ങളുടെ സംവരണ സമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്കു മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഒ.എക്സ്, എസ്.ഐ.യു.സി നാടാർ, എൽ.സി/ആംഗ്ലോ ഇൻഡ്യൻ, മുസ്ലീം, ഹിന്ദു നാടാർ എന്നീ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് I ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ : (എ) ജനറൽ:**സയൻസ് വിഷയങ്ങളിൽ ബി ഗ്രേഡോ 50% ത്തിൽ കുറയാത്ത മാർക്കോ നേടി പ്രീഡിഗ്രി അഥവാ തത്തുല്യമായ പരീക്ഷ വിജയിച്ചിരിക്കണം. 21.05.1966 ലെ ജി.ഒ (പി) 208/66/പി.ഡി.യിലെ ഉത്തരവും അതിനോടനുബന്ധിച്ചുള്ള ഭേദഗതികളും അനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 10% മാർക്കിളവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് 5% മാർക്കിളവും അനുവദിക്കുന്നതാണ്. ആംഡ് ഫോഴ്സിൽ പതിനഞ്ച് വർഷത്തിൽ കുറയാതെ സേവനമനുഷ്ഠിച്ചിട്ടുള്ളവരും ബ്ലഡ് ട്രാൻസ് ഫ്യൂഷൻ അസിസ്റ്റന്റ് ടെസ്റ്റ് ക്ലാസ് ക പാസായിട്ടുള്ളവരും ആയ വിമുക്തഭടൻമാർക്ക് എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യത മതിയാകുന്നതാണ്.

**(ബി) സാങ്കേതികം:** കേരളത്തിലെ മെഡിക്കൽ കോളേജുകളോ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബോറട്ടറിയോ നടത്തുന്ന ഒരു വർഷത്തെ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻസ് ട്രെയിനിംഗ് കോഴ്സ് വിജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**കുറിപ്പ്:** സയൻസിൽ ഡിഗ്രി കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവർക്ക് പ്രീഡിഗ്രി പരീക്ഷയ്ക്ക് 'ബി' ഗ്രേഡ് വേണമെന്ന് നിർബന്ധമില്ല.

**കുറിപ്പ് :** KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 495/2014
## ഫാർമസിസ്റ്റ് ഗ്രേഡ് II
## ആരോഗ്യം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് I
**3. ശമ്പളം** : ₹ 11,620 – 20,240/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
എറണാകുളം എസ്.ഐ.യു.സി നാടാർ 1 (ഒന്ന്)

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
(ii) ഈ വിജ്ഞാപനപ്രകാരം എറണാകുളം ജില്ലയിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| എറണാകുളം | 31.12.2009 | 78/07 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (എസ്.ഐ.യു.സി നാടാർ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം).

**6. പ്രായം** : 18 – 39. ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ)

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് I ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ** :
(i) എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.
(ii) ഫാർമസിയിൽ ലഭിച്ചിട്ടുള്ള ഡിപ്ലോമ.
(iii) കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ നിന്നും ലഭിച്ചിട്ടുള്ള രജിസ്ട്രേഷൻ.

**കുറിപ്പ്:** ടി തസ്തികയ്ക്കുള്ള തെരെഞ്ഞെടുപ്പിന് KS&SSR Part II Rule 10 a (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 496/2014
## കമ്പ്യൂട്ടർ ഗ്രേഡ് II
## അച്ചടി
## 1–ാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : അച്ചടി
**2. ഉദ്യോഗപ്പേര്** : കമ്പ്യൂട്ടർ ഗ്രേഡ് I
**3. ശമ്പളം** : ₹ 10,480 – 18,300/–
**4. ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ
എൽ.സി/എ.ഐ എറണാകുളം 1 (ഒന്ന്)

**നോട്ട്:**(i) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേല്പ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| എറണാകുളം | 31.12.2013 | 338/2008 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (എൽ.സി/എ.ഐ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 19–39. ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1995നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 (i) ലെ ഇളവുകളടക്കം]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് Iലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ) .

**7. യോഗ്യതകൾ :** (i)എസ്.എസ്.എൽ.സി ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

കൂടാതെ

(ii)(എ) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും പ്രിന്റിംഗ് ടെക്നോളജിയിലുള്ള ഡിപ്ലോമ.

അല്ലെങ്കിൽ

(ബി) കമ്പോസിംഗ്, മെഷീൻ വർക്ക്, ബുക്ക് ബയന്റിംഗ് ഇവയിൽ കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ (ലോവർ) ജയിച്ചിരിക്കണം. (**കുറിപ്പ്:** KS & SSR Part II Rule 10 (a) ii ബാധകം).

## കാറ്റഗറി നമ്പർ: 497/2014 – 503/2014
## ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് I (ഹോമിയോ)
**3. ശമ്പളം** : ₹ 10480 – 18300/–
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 497/2014 | എസ്.ഐ.യു.സി നാടാർ | ഇടുക്കി 1 (ഒന്ന്)<br>എറണാകുളം 1 (ഒന്ന്) |
| 498/2014 | എൽ.സി/AI | കൊല്ലം 1 (ഒന്ന്) |
| 499/2014 | എസ്.സി | കൊല്ലം 1 (ഒന്ന്) |
| 500/2014 | മുസ്ലീം | തിരുവനന്തപുരം 2 (രണ്ട്)<br>കോട്ടയം 1 (ഒന്ന്) |
| 501/2014 | വിശ്വകർമ്മ | ഇടുക്കി 1 (ഒന്ന്) |
| 502/2014 | O X | കോഴിക്കോട് 1 (ഒന്ന്) |
| 503/2014 | ധീവര | കോഴിക്കോട് 1 (ഒന്ന്) |

**കുറിപ്പ്:** (iii) ഈ വിജ്ഞാപനപ്രകാരം മേൽ പ്രസ്താവിച്ച ജില്ലകളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 02.05.2013 | 271/2011 |
| കൊല്ലം | 05.03.2013 | 271/2011 |
| തിരുവനന്തപുരം | 07.03.2013 | 271/2011 |
| എറണാകുളം | 05.03.2013 | 271/2011 |
| കോഴിക്കോട് | 24.05.2010 | 18/2009 |
| കോട്ടയം | 15.03.2013 | 271/2011 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (എസ്.ഐ.യു.സി നാടാർ, എൽ.സി/AI, എസ്.സി, മുസ്ലീം, വിശ്വകർമ്മ, O X, ധീവര എന്നീ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** (i) മുസ്ലീം, എസ്.ഐ.യു.സി നാടാർ, എൽ.സി/AI, വിശ്വകർമ്മ, OX, ധീവര : 18–39. ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i)ഉൾപ്പെടെ.]
(ii) പട്ടിക ജാതി : 18–41. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i)ഉൾപ്പെടെ.] പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ** : (i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത.
(ii) കേരള ഗവൺമെന്റ് നടത്തുന്ന നേഴ്സ് കംഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച സർട്ടിഫിക്കറ്റ് അഥവാ തത്തുല്യമായ യോഗ്യത.

**കുറിപ്പ്:** KS&SSR Part II Rule 10 (a) (ii) യിലെ വ്യവസ്ഥകൾ ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമായിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 504/2014 – 506/2014
## ഓവർസിയർ ഗ്രേഡ് III
## പഞ്ചായത്ത്
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : പഞ്ചായത്ത്
**2. ഉദ്യോഗപ്പേര്** : ഓവർസിയർ ഗ്രേഡ് III
**3. ശമ്പളം** : ₹ 9940 – 16580/–
**4. ഒഴിവുകളുടെ എണ്ണം** : ജാതിയടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 504/2014 | എസ്.സി | തൃശ്ശൂർ 1 |
| 505/2014 | എസ്.റ്റി | തൃശ്ശൂർ 1<br>മലപ്പുറം 1 |
| 506/2014 | മുസ്ലീം | തൃശ്ശൂർ 2<br>മലപ്പുറം 2 |

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ അയയ്ക്കുന്നതല്ല.
(ii) തൃശ്ശൂർ ജില്ലയിൽ S C വർഗ്ഗത്തിന്റെ അഭാവത്തിൽ ടo വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിക്കളുടെ അപേക്ഷ പരിഗണിക്കുന്നതാണ്.
(iii) ഈ വിജ്ഞാപനപ്രകാരം തയ്യാറക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തൃശ്ശൂർ | 25.06.2011 | 500/2007 |
| മലപ്പുറം | 29.11.2010 | 500/2007 |

(v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (എസ്.സി, എസ്.റ്റി, മുസ്ലീം എന്നീ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം :** (i) മുസ്ലീം : 18–39 ഉദ്യോഗാർത്ഥികൾ 2.1.1975നും 1.1.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)
(ii) എസ്.സി/ എസ്.റ്റി : 18–41 ഉദ്യോഗാർത്ഥികൾ 2.1.1973നും 1.1.

1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)
**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകുല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് I പൊതു വ്യവസ്ഥകൾ നോക്കുക (ഖണ്ഡിക 2(i) ഒഴികെ)
**7. യോഗ്യതകൾ** : 1) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത
2) താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത ഉണ്ടായിരിക്കണം.
(എ) തൃശ്ശൂർ എം.ടി.ഐയിൽ നിന്നും ലഭിച്ചിട്ടുള്ള ഡ്രാഫ്റ്റ്സ് മാൻ (സിവിൽ) ഡിപ്ലോമ.
(ബി) ലോവർ ഗ്രേഡ് ഡ്രോയിംഗ് ഗ്രൂപ്പ് സർട്ടിഫിക്കറ്റ് (കെ.ജി.ടി.ഇ) അല്ലെങ്കിൽ (എം.ജി.ടി.ഇ)
(സി) എഞ്ചിനീയറിംഗ് കോളേജിലെ ടി.ടി സ്കീമിൽ അല്ലെങ്കിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിൽ ഇന്ത്യ ഗവൺമെന്റിന്റെ ലേബർ മിനിസ്ട്രിയുടെ കീഴിൽ നടത്തുന്ന 18 മാസ കോഴ്സിൽ ഡ്രാഫ്റ്റ്സ് മാൻ സിവിൽ ട്രെയിനിംഗ് ആയി നേടിയിട്ടുള്ള സെക്കന്റ് ഗ്രേഡ് സർട്ടിഫിക്കറ്റുകൾ.
(ഡി) ബിൽഡിംഗും ഡ്രോയിംഗും എസ്റ്റിമേറ്റിംഗ് ഹയർ അല്ലെങ്കിൽ ലോവർ/കെ.ജി.റ്റി.ഇ/ എം.ജി.ടി.ഇ കൂടാതെ കെ.ജി.ടി.ഇ അല്ലെങ്കിൽ എം.ജി.ടി.ഇലെ മറ്റ് സിവിൽ എഞ്ചിനീയറിംഗ് സബ് ജക്ട്സിലെ ഏതെങ്കിലും രണ്ടെണ്ണം
(ഇ) സംസ്ഥാന വനിതാ പോളിടെക്നിക്കുകളിൽ നിന്നും സിവിൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ (2 വർഷ കോഴ്സ്).
(എഫ്) മിലിട്ടറി എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള ക്ലാസ് 3 സർട്ടിഫിക്കറ്റ്.
Rule 10(a) ii of KS &SSR ഈ തസ്തികയ്ക്ക് ബാധകമാണ്.

## കാറ്റഗറി നമ്പർ: 507/2014
## ലോവർ ഡിവിഷൻ ക്ലാർക്ക്
## (തമിഴും മലയാളവും അറിയാവുന്നവർക്ക്)
## വിവിധം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിവിധം
**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക് (തമിഴും മലയാളവും അറിയാവുന്നവർക്ക്)
**3. ശമ്പള നിരക്ക്** : ₹9940–16580 /-
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയുടെ പേരും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 507/2014 | ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇൻഡ്യൻ | പാലക്കാട് 1 |

(ii) ഈ വിജ്ഞാപനപ്രകാരം മേൽപ്പഞ്ഞ സമുദായങ്ങൾക്കായി പാലക്കാട് ജില്ലയിലേയ്ക്ക് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നത് വരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പാലക്കാട് | 04.12.2012 | 305/2007 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
**6. യോഗ്യത** : (1) എസ്.എസ്.എൽ.സിയോ തത്തുല്യമായ മറ്റേതെങ്കിലും പരീക്ഷയോ വിജയിച്ചിരിക്കണം.
(2) തമിഴ്, മലയാളം എന്നീ ഭാഷകൾ കൈകാര്യം ചെയ്യാനുള്ള അറിവ് ഉണ്ടായിരിക്കണം.
**കുറിപ്പ്:** (1) KS&SSR Part II Rule 10 (a) ii ബാധകമാണ്.
(2) രജിസ്ട്രേഷൻ വകുപ്പിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ തമിഴ് ഭാഷയിലുള്ള ഒരു കൈയെഴുത്തു പരീക്ഷ കൂടി വിജയിച്ചിരിക്കണം.
**7. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1996 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം.
[പാർട്ട് I പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ]
[വയസ്സിളവ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് വിജ്ഞാപനത്തിലെ പാർട്ട് I പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക (ഖണ്ഡിക 2 (i) ഒഴികെ)]

## കാറ്റഗറി നമ്പർ: 508 /2014
## എൽ.ഡി ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക്/ ക്ലാർക്ക് ടൈപ്പിസ്റ്റ്
## (വിമുക്തഭടൻമാർക്ക് മാത്രം)
## എൻ.സി.സി/സൈനികക്ഷേമ വകുപ്പ്
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : എൻ.സി.സി/സൈനികക്ഷേമ വകുപ്പ്
**2. ഉദ്യോഗപ്പേര്** : എൽ.ഡി ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക്/ ക്ലാർക്ക് ടൈപ്പിസ്റ്റ് (വിമുക്തഭടൻമാർക്ക് മാത്രം)
**3. ശമ്പളം** : ₹ 9,940 – 16,580 /-
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
കൊല്ലം മുസ്ലീം 1 (ഒന്ന്)

**നോട്ട്:** (i) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളുടെ അഭാവത്തിൽ ഉണ്ടായിട്ടുള്ള/ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്. ഈ ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിലേയ്ക്കും നിയമനം നടത്തുന്നതാണ്. അപ്രകാരം നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ 26.09.1980 ലെ ജി.ഒ (എം.എസ്) 442/80/ജി.എ.ഡി അനുസരിച്ച് മറ്റു ജില്ലയിലേയ്ക്ക് സ്ഥലം മാറ്റത്തിന് അർഹരായിരിക്കും. എന്നാൽ ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് വിമുക്തഭടൻമാർക്ക് മാത്രമായി നടത്തുന്നതിനാൽ ഒരു ജില്ലയിൽ നിന്നും നിയമനം ലഭിക്കുന്നവർക്ക് 22.11.1990 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) 51/90/ഉ.ഭ.പ.വ പ്രകാരം അന്തർവകുപ്പ് സ്ഥലം മാറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കൊല്ലം | 24.02.2010 | 180/08 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
മുസ്ലീം സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിലെ വിമുക്തഭടൻമാരിൽ നിന്നു മാത്രം.
**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1964നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ പാർട്ട് 2 നോക്കുക (ഖണ്ഡിക 2(i), (vi) ഒഴികെ)].
**നോട്ട്:** (1)ഈ തസ്തികയ്ക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതല്ല.
(2) സൈനിക സേവനകാലം തെളിയിക്കുനത് മിലിട്ടറി ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെ ശരിപകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേതാണ്.
(3) ഈ വിജ്ഞാപനപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ 56 വയസ്സ് തികയാൻ പാടില്ല.
**7. യോഗ്യതകൾ** : (1) എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യമായ യോഗ്യതയോ പാസ്സായിരിക്കണം.
(2) മലയാളം ടൈപ്പ്റൈറ്റിംഗിൽ കെ.ജി.റ്റി.ഇ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്.
(3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ കെ.ജി.റ്റി.ഇ (ലോവർ) ഗ്രേഡ് സർട്ടിഫിക്കറ്റും കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യയോഗ്യതയും (ടൈപ്പ് റൈറ്റിംഗ് യോഗ്യതയ്ക്ക് ഐ.എം.സി സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല.).
(2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യതയ്ക്ക് പ്രത്യേകം സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. സർക്കാർ വകുപ്പുകളോ, സർക്കാർ ഏജൻസികളോ, സർക്കാർ സൊസൈറ്റികളോ, യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റുകൾ നിർദ്ദിഷ്ട കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് യോഗ്യതയ്ക്ക് തുല്യമായി സ്വീകരിക്കുന്നതാണ്).
**കുറിപ്പ്:** (i) ഗവൺമെന്റ് സർവ്വീസിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് വിമുക്തഭടൻമാർക്ക് മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ യോഗ്യത വേണമെന്ന് നിർബന്ധമില്ല. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുമ്പ് പ്രസ്തുത യോഗ്യത കരസ്ഥമാക്കേണ്ടതാണ്.
(ii) താഴെ നാലാം ഇനത്തിൽ വിശദമാക്കിയിട്ടുള്ള തരത്തിൽ പ്രതിരോധസേനയിൽ ക്ലാർക്ക്/റൈട്ടർ ആയി 15 (പതിനഞ്ച്) വർഷത്തിൽ കുറയാത്ത സേവനം അനുഷ്ഠിച്ചിട്ടുങ്കെിൽ ഗവൺമെന്റ് സർവ്വീസിൽ ടൈപ്പിസ്റ്റായി അപേക്ഷിക്കുന്നതിന് മതിയായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയിക്കേണ്ടതാണ്.
(i) കരസേനയിൽ ക്ലാർക്ക് വിഭാഗത്തിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി), ക്ലാർക്ക് (സ്റ്റാഫ് ഡ്യൂട്ടി), ക്ലാർക്ക് (എ.ഒ.സി), പേഴ്സ്ണൽ അസിസ്റ്റന്റ്, നാവിക സേനയിൽ റൈട്ടർ, വ്യോമസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി) എന്നീ തസ്തികകളിൽ 'ക്ലാസ് 1' കാറ്റഗറിയിലോ പ്രതിരോധ സേനയിൽ ക്ലാർക്ക് ആയി പതിനഞ്ച് വർഷത്തിൽ കുറയാതെയും സേവനം അനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടൻമാർക്ക് ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. [30.4.1986 ലെ ജി.ഒ. (പി) നമ്പർ 143/86]. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയിക്കേണ്ടതാണ്.
(iv) 11.5.1977 ലെ ജി.ഒ (പി) നമ്പർ 139/77/ജി.എ.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായി എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ ഒന്നാം ഭാഷയായി എടുത്തിട്ടുള്ള ഭാഷ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് അവർ മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) യോഗ്യത കരസ്ഥമാക്കിയിട്ടില്ലെങ്കിലും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയിക്കേണ്ടതാണ്.
(V) ടൈപ്പ്റൈറ്റിംഗ് പരീക്ഷാ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളു.(ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല.
(vi)KS&SSR Part II Rule 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

## കാറ്റഗറി നമ്പർ: 509 /2014
## ലോവർ ഡിവിഷൻ ക്ലർക്ക്
## (വിമുക്ത ഭടന്മാർ മാത്രം)
## എൻ.സി.സി/സൈനിക ക്ഷേമം
## (പൊതു വിജ്ഞാപനം)
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : എൻ.സി.സി/സൈനിക ക്ഷേമം (പൊതു വിജ്ഞാപനം)
**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലർക്ക് (വിമുക്ത ഭടന്മാർ മാത്രം)
**3. ശമ്പള നിരക്ക്** : ₹ 9940–16580/– രൂപ
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയുടെ പേരും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 509/2014 | പട്ടികജാതി | തൃശ്ശൂർ 1 (ഒന്ന്) |

**കുറിപ്പ്:** (i) പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.
(iii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ സമുദായത്തിനായി തൃശ്ശൂർ ജില്ലയിലേയ്ക്ക് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തൃശ്ശൂർ | 19.02.2009 | 228/2005 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെട്ട വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1964 നും 01.01.1996നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം.
[യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് I പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക]
**യോഗ്യത** : എസ്.എസ്.എൽ.സിയോ തത്തുല്യമായ മറ്റേതെങ്കിലും പരീക്ഷയോ വിജയിച്ചിരിക്കണം.
**കുറിപ്പ്:** (i) KS&SSR Part II Rule 10 (a) ii ബാധകമാണ്.
(ii)വിമുക്തഭടന്മാർക്ക് മാത്രമേ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.

## കാറ്റഗറി നമ്പർ: 510/2014 – 511/2014
## ലോവർ ഡിവിഷൻ ക്ലർക്ക്
## (വിമുക്ത ഭടന്മാർ മാത്രം)
## എൻ.സി.സി/സൈനിക ക്ഷേമം
## (പൊതു വിജ്ഞാപനം)
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : എൻ.സി.സി/സൈനിക ക്ഷേമം (പൊതു വിജ്ഞാപനം)
**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലർക്ക് (വിമുക്ത ഭടന്മാർ മാത്രം)
**3. ശമ്പള നിരക്ക്** : ₹ 9940 – 16580/ രൂപ
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയുടെ പേരും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 510/2014 | മറ്റ് ക്രിസ്ത്യാനികൾ (ഒ.എക്സ്.) | തിരുവനന്തപുരം 1 (ഒന്ന്) |
| 511/2014 | പട്ടിക വർഗ്ഗം (എസ്.ടി.) | തിരുവനന്തപുരം 1 (ഒന്ന്) |

**കുറിപ്പ്:** (i) മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
(ii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി തിരുവനന്തപുരം ജില്ലയിലേയ്ക്ക് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 26.08.2009 | 228/2005 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1964 നും 01.01.1996 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം.

[യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് കക പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക]

**7. യോഗ്യത** : എസ്.എസ്.എൽ.സി യോ തത്തുല്യമായ മറ്റേതെങ്കിലും പരീക്ഷയോ വിജയിച്ചിരിക്കണം.

**കുറിപ്പ്: *വിമുക്തഭടന്മാർക്ക് മാത്രമേ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.***

## കാറ്റഗറി നമ്പർ: 512/2014
## ഡ്രൈവർ ഗ്രേഡ് I (എച്ച്.ഡി.വി.)
## (വിമുക്തഭടന്മാരിൽ നിന്നു മാത്രം)
## എൻ.സി.സി/സൈനിക ക്ഷേമ വകുപ്പ്
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : എൻ.സി.സി/സൈനിക ക്ഷേമ വകുപ്പ്
2. **ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് I (എച്ച്.ഡി.വി.) (വിമുക്തഭടന്മാരിൽ നിന്നു മാത്രം)
3. **ശമ്പളം** : ₹ 9,190–15,780/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | ജില്ല | ജാതിയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 512/2014 | എറണാകുളം | പട്ടികജാതി 2 (രണ്ട്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി ന: |
|---|---|---|
| എറണാകുളം | 21.6.2011 | 25/2007 |

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം. മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 21–44. പട്ടികജാതി ഉദ്യോഗാർത്ഥികൾ 02.01.1970നും 01.01.1993നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:**1) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിഞാപനത്തിൻെറ പാർട്ട് 2 പൊതുവ്യവ സ്ഥകൾ (ഖണ്ഡിക 2) നോക്കുക. ഖണ്ഡിക 2(i) ഒഴികെ

**7.യോഗ്യതകൾ** : 1) മലയാളമോ തമിഴോ കന്നടയോ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.

2) ഡ്രൈവിംഗ് ലൈസൻസും ഹെവി ഡ്യൂട്ടി വാഹനങ്ങൾ (മിലിട്ടറിയോ സിവിലോ) ഓടിച്ചുള്ള മൂന്നുവർഷത്തെ പരിചയവുമുണ്ടായിരിക്കണം. 16.01.1979നുശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ എന്നീ രണ്ടുതരം വാഹനങ്ങൾ ഓടിക്കുന്നതിനുള്ള 'എൻഡോഴ്സ്മെന്റ്' ഉണ്ടായിരിക്കണം. ഇവയിൽ ഒന്നുമാത്രമുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. മോട്ടോർ വെഹിക്കിൾ ആക്ടിന്റെ 47/78 എന്ന ഭേദഗതി കാണുക.

**കുറിപ്പ്:** (i) ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പ്രാഗൽഭ്യം ഒരു പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.

(ii) KS&SSR Rule 10(a) ii ബാധകമാണ്.

3) ശാരീരിക യോഗ്യതകൾ :

(എ) ചെവി : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

| (ബി) കണ്ണ് : | വലത് | ഇടത് |
|---|---|---|
| ദൂരക്കാഴ്ച : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കളർ വിഷൻ : സാധാരണമായിരിക്കണം.

മാലക്കണ്ണ് : ഇല്ലാതിരിക്കണം.

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

4)ഉദ്യോഗാർത്ഥികൾ വിമുക്തഭടന്മാരോ ടെറിട്ടോറിയൽ ആർമിയിൽ സേവനമനുഷ്ടിച്ചിട്ടുള്ളവരോ ആയിരിക്കണം. (അപേക്ഷകൻ ഡിസ്ചാർജ് സർട്ടിഫിക്കറ്റിൻേറയും പെൻഷൻ പേയ്മെൻറ് ഓർഡറിൻേറയും സ്വയം സാക്ഷ്യപ്പെടുത്തിയ പൂർണ്ണമായ ശരിപകർപ്പുകൾ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്)

**കുറിപ്പ്:**–1.ഈ ഉദ്യോഗത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ മോട്ടോർ വാഹനങ്ങൾ ക്ലീൻ ചെയ്യുന്നതിനും ഓയിൽ ഇടുന്നതിനും സന്നദ്ധരായിരിക്കണം. ഇക്കാര്യം അപേക്ഷയിൽ യോഗ്യത യുടെ കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

2. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ കൂടി ഓടിക്കുന്നതിന് കഴിവുള്ളതായിരിക്കണം.
3. വികാലംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.
4. ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
5. ഈ തസ്തികയിലേക്കുള്ള അപേക്ഷകരുടെ എണ്ണം വളരെ കൂടുതലാണെങ്കിൽ പ്രായോഗികപരീക്ഷക്ക് മുന്നോടിയായി ഒരു എഴുത്തു പരീക്ഷകൂടി നടത്തുന്നതാണ്.

6.പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(3)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധ മായ എല്ലാ വിവരങ്ങളും (3 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റൻറ് സർജൻെറ റാങ്കിൽ കുറയാത്ത ഓരു മെഡിക്കൽ ഓഫിസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെൻറ് സർവ്വീസിലുള്ള ഒഫ്ത്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജാ രാക്കേണ്ടതാണ്. നിശ്ചിത ഫോറം ബന്ധപ്പെട്ട ജില്ലാ ആഫീസർ പ്രായോഗീക പരിക്ഷക്കുള്ള മെമ്മോയോടൊപ്പം ഉദ്യോഗാ ർത്ഥികൾക്ക് അയച്ചുതരുന്നതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃക ഈ വിജ്ഞാപനത്തോടപ്പം ചുവടെ ചേർത്തിട്ടുണ്ട്.

7. സർവ്വീസിൽ പ്രവേശിച്ച തീയതി, സർവ്വീസിൽ നിന്നും വിടുതൽ ചെയ്ത തീയതി, വാഹനത്തിൻെറ ഇനം മുതലായവ ഡ്രൈവിം ഗിലുള്ള പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൽ കാണിച്ചിരി ക്കേണ്ടതാണ്. ഇപ്പോൾ സർവ്വീസിലാണെങ്കിൽ ആ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

8.ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്കുലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ ആസ്ഥാന ഒഴിവുകളിലേക്കും ഊഴം അനുസരിച്ച് നിയമന ശിപാർശ ചെയ്യുന്നതാണ്.

9.തിരഞ്ഞെടുപ്പിൻെറ എല്ലാ ഘട്ടങ്ങളിലും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, OMR test, പ്രാക്ടിക്കൽ ടെസ്റ്റ്, ഇന്റർവ്യൂ തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

പ്രൊബേഷൻ:– ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV), FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (LDV/HDV) – **അനുബന്ധം I കാണുക.**

## കാറ്റഗറി നമ്പർ: 513/2014
## ഡ്രൈവർ ഗ്രേഡ് II (എച്ച്.ഡി.വി.)
## (വിമുക്തഭടന്മാരിൽ നിന്നു മാത്രം)
## എൻ.സി.സി/സൈനിക ക്ഷേമ വകുപ്പ്
## NCA വിജ്ഞാപനം

1. **വകുപ്പ്** : NCC/സൈനിക ക്ഷേമ വകുപ്പ്
2. **ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് II (HDV) (വിമുക്തഭടന്മാരിൽ നിന്നു മാത്രം)
3. **ശമ്പളം** : 9,190–15,780/–
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | ജില്ല | ജാതിയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 513/2014 | തൃശ്ശൂർ | വിശ്വകർമ്മ –1 (ഒന്ന്), |

**കുറിപ്പ്:** (i)ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(ii)ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി ന: |
|---|---|---|
| തൃശ്ശൂർ | 29.06.2012 | 501/2007 |

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം. മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)

**6. പ്രായം** : 21–42.

വിശ്വകർമ്മ ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1993നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** 1)യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യാക ആനുകൂല്യങ്ങൾക്ക് ഈ വിഞാപനത്തിൻെറ പാർട്ട് 2 പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. ഖണ്ഡിക 2(i) ഒഴികെ

**7.യോഗ്യതകൾ** : മലയാളമോ തമിഴോ കന്നടയോ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.

ഹെവി ഡ്യൂട്ടി വാഹനങ്ങളും മോട്ടോർ സൈക്കിളും ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ട് നിലവിലുള്ള മോട്ടോർ ഡ്രൈവിംഗ് ലൈസൻസും ഹെവി ഡ്യൂട്ടി വാഹനങ്ങൾ (മിലിട്ടറിയോ സിവിലോ) ഓടിച്ചുള്ള മൂന്നുവർഷത്തെ പരിചയവുമുണ്ടായി രിക്കണം 16.01.1979 നു ശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്, ഹെവി പാസ ഞ്ചർ എന്നി രണ്ടുതരം വാഹനങ്ങൾ ഓടിക്കുന്നതിനൂള്ള 'ഏൻഡോഴ്സ്മെൻറ്' ഉണ്ടായിരിക്കണം. ഇവയിൽ ഒന്നുമാത്രമുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. മോട്ടോർ വെഹിക്കിൾ ആക്ടിൻെറ 47/78 എന്ന ഭേദഗതി കാണുക)

കുറിപ്പ്:– ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പ്രഗൽഭ്യം ഒരു പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.

(ii) KS&SSR Rule 10(a) ii ബാധകമാണ്.

3) ശാരീരിക യോഗ്യതകൾ :

(എ) ചെവി : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

| (ബി) കണ്ണ് : | വലത് | ഇടത് |
|---|---|---|
| ദൂരക്കാഴ്ച : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കളർ വിഷൻ : സാധാരണമായിരിക്കണം.

മാലക്കണ്ണ് : ഇല്ലാതിരിക്കണം.

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

4)ഉദ്യോഗാർത്ഥികൾ വിമുക്തഭടന്മാരോ ടെറിട്ടോറിയൽ ആർമിയിൽ സേവനമനുഷ്ടിച്ചിട്ടൂള്ളവരോ ആയിരിക്കണം. (അപേക്ഷകൻ ഡിസ്ചാർജ് സർട്ടിഫിക്കറ്റിൻേറയും പെൻഷൻ പേയ്മെൻറ് ഓർഡറിൻേറയും സ്വയം സാക്ഷ്യപ്പെടുത്തിയ പൂർണ്ണമായ ശരിപകർപ്പുകൾ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്)

**കുറിപ്പ്:**–1.ഈ ഉദ്യോഗത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ മോട്ടോർ വാഹനങ്ങൾ ക്ലീൻ ചെയ്യുന്നതിനും ഓയിൽ ഇടുന്നതിനും സന്നദ്ധരായിരിക്കണം. ഇക്കാര്യം അപേക്ഷയിൽ യോഗ്യത യുടെ കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

2. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ കൂടി ഓടിക്കുന്നതിന് കഴിവുള്ളതായിരിക്കണം.
3. വികാലംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.
4. ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
5. ഈ തസ്തികയിലേക്കുള്ള അപേക്ഷകരുടെ എണ്ണം വളരെ കൂടുതലാണെങ്കിൽ പ്രായോഗികപരീക്ഷക്ക് മുന്നോടിയായി ഒരു എഴുത്തു പരീക്ഷ കൂടി നടത്തുന്നതാണ്.

6.പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(3)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും (3 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റൻറ് സർജൻെറ റാങ്കിൽ കുറയാത്ത ഓരു മെഡിക്കൽ ഓഫിസറിൽനിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്.കൂടാതെ കാഴ്ചശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെൻറ് സർവ്വീസിലുള്ള ഒഫ്ത്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജാരാക്കേണ്ടതാണ്. നിശ്ചിതഫോറം ബന്ധപ്പെട്ട ജില്ലാ ആഫീസർ പ്രായോഗിക പരിക്ഷക്കുള്ള മെമ്മോയോടൊപ്പം ഉദ്യോഗാർത്ഥികൾക്ക് അയച്ചുതരുന്നതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

7. സർവ്വീസിൽ പ്രവേശിച്ച തീയതി, സർവ്വീസിൽനിന്നും വിടുതൽ ചെയ്ത തീയതി, വാഹനത്തിൻെറ ഇനം മുതലായവ ഡ്രൈവിംഗിലുള്ള പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കേണ്ടതാണ്. ഇപ്പോൾ സർവ്വീസിലാണെങ്കിൽ ആ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

8. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്കു ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ ആസ്ഥാന ഒഴിവുകളിലേക്കും ഊഴം അനുസരിച്ച് നിയമന ശിപാർശ ചെയ്യുന്നതാണ്.

9.തിരഞ്ഞെടുപ്പിൻെറ എല്ലാ ഘട്ടങ്ങളിലും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, OMR test, പ്രാക്ടിക്കൽ ടെസ്റ്റ്, ഇന്റർവ്യൂ തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

പ്രൊബേഷൻ:– ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV), FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (LDV/HDV) – **അനുബന്ധം I കാണുക.**

## കാറ്റഗറി നമ്പർ: 514/2014
## ബോട്ട് ഡ്രൈവർ
## വിവിധം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : വിവിധം
2. **ഉദ്യോഗപ്പേര്** : ബോട്ട് ഡ്രൈവർ
3. **ശമ്പളം** : ₹ 9,190 – 15,780 രൂപ
4. **ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ
   ആലപ്പുഴ പട്ടികജാതി 1

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അപേക്ഷകളും സ്വികരിക്കുന്നതാണ്.

**കുറിപ്പ്:–** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
(ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെ പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിലേക്കും ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ആലപ്പുഴ | 28.09.2012 | 485/09 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.
(പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)
**6. പ്രായം** : 18–42. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ) ഉദ്യോഗാർത്ഥികൾ 2.1.1972 നും 1.1.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).
**കുറിപ്പ്:–** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് (I) ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2 (i) ( ഒഴികെ) നോക്കുക
**7. യോഗ്യതകൾ**: 1 മാതൃഭാഷയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ്.
2 തിരുവിതാംകൂർ–കൊച്ചി അല്ലെങ്കിൽ മദ്രാസ് കനാൽ റൂൾസ് അനുസരിച്ച് ലഭിച്ചിട്ടുള്ള ബോട്ട് ഡ്രൈവർമാരുടെ യോഗ്യതാ (കോംപിറ്റൻസി) സർട്ടിഫിക്കറ്റ്.
3 ബോട്ട് ഡ്രൈവർ ആയി മൂന്നു വർഷത്തെ പരിചയം നേടിയിരിക്കണം.
അഭിലഷണീയം :– തേർഡ് ഫോറമോ തത്തുല്യപരീക്ഷയോ പാസ്സായിരിക്കണം.
KS & SSR Rule 10 a (ii) ബാധകമാണ്.
**കുറിപ്പ്:** 1 അക്കാദമിക്ക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനുശേഷമുള്ള പ്രവൃത്തി പരിചയം മാത്രമേ സ്വീകരിക്കുകയുള്ളു.
2 പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടെയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്. രജിസ്റ്റർ ചെയ്ത കമ്പനിയിൽനിന്നും ലഭിക്കുന്ന പരിചയ സർട്ടിഫിക്കറ്റുകൾ കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ കൊണ്ട് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.
**(പവൃത്തി പരിചയ സർട്ടിഫിക്കറ്റ് താഴെക്കൊടുത്തിരിക്കുന്ന മാതൃകയിലായിരിക്കണം).**

**പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് :
രജിസ്ട്രേഷൻ നമ്പരും
രജിസ്റ്റർ ചെയ്ത തീയതിയും :
എവിടെ രജിസ്റ്റർ ചെയ്തു എന്നും
ശ്രീ/ശ്രീമതി.................................(അപേക്ഷകന്റെ പേരും മേ വിലാസവും)................................. സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്/ജോലിയുടെ സ്വഭാവം ഇവയിലേതെങ്കിലും) ..................................... മുതൽ ..............വരെ (കാലയളവും വ്യക്തമാക്കണം)......................... തസ്തികയിൽ പ്രതിമാസം................... രൂപ ശമ്പളനിരക്കിൽ / പ്രതിദിനം ..........................രൂപ ശമ്പളനിരക്കിൽ ചെയ്തിട്ടുണ്ട്/ ചെയ്തു വരികയാണ്.

സ്ഥാപനമുടമയുടെ തീയതി സഹിതമുള്ള ഒപ്പ്, പേര്, മേൽവിലാസം

സ്ഥലം:
തീയതി: (ഓഫീസ് മുദ്ര)

**സാക്ഷ്യപത്രം**

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി..................................അതിൽപ്പറയുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ..................................ആയി (ജോലിയുടെ പേര്)..................................ജോലി ചെയ്തതായി/ചെയ്യുന്നതായി....................... നിയമപ്രകാരം/ചട്ടപ്രകാരം സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ ...............................(രജിസ്റ്ററിന്റെ പേര് വ്യക്തമാക്കണം) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച............................എന്ന ചട്ടപ്രകാരം/നിയമപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

സ്ഥലം: സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ
തീയതി: തീയതി സഹിതമുള്ള ഒപ്പ്, പേര്
ഉദ്യോഗപ്പേര്, ഓഫീസ്.
(ഓഫീസ് മുദ്ര)

3. പ്രവൃത്തി പരിചയം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ 19–ാം ഖണ്ഡിക നോക്കുക.

## കാറ്റഗറി നമ്പർ: 515/2014
## ഡ്രൈവർ ഗ്രേഡ് II (എച്ച്.ഡി.വി.)
## വിവിധം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : വിവിധം
2. **ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് I (എച്ച് .ഡി.വി.)
3. **ശമ്പളം** : ₹ 9,190 – 15,780/–
4. **ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | ജാതി | ജില്ലയുടെ പേരും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 515/2014 | എസ്.ടി | കോട്ടയം– 1 (ഒന്ന്) |
| | എസ്.ടി | പാലക്കാട് 1 (ഒന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം മുകളിൽ ചേർത്തിട്ടുള്ള ജില്ലയിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി ന: |
|---|---|---|
| കോട്ടയം | 28.12.2011 | 30/2007 |
| പാലക്കാട് | 31.12.2010 | 30/2007 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)
**6 പ്രായം** : 18–44. (ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).(പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i) ഉൾപ്പടെ)
**കുറിപ്പ്:–** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് I ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക (ഖണ്ഡിക 2 (i) ഒഴികെ നോക്കുക)
**7. യോഗ്യതകൾ** : ഏഴാം ക്ലാസ് അല്ലെങ്കിൽ തേർഡ് ഫോറം പാസ്സായിരിക്കണം.
2) മീഡിയം/ഹെവി ഗുഡ്സ്/പാസ്സഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള ബാഡ്ജോഡ് കൂടിയ 3 വർഷത്തെ സാധുവായ ഡ്രൈവിംഗ് ലൈസൻസ് തെരഞ്ഞെടുപ്പിൻെറ എല്ലാ ഘട്ടത്തിലും ഉണ്ടായിരിക്കണം. 16.01.79 നു ശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ എന്നീ രണ്ടുതരം വാഹനങ്ങൾ ഓടിക്കുന്ന തിനുള്ള എൻഡോഴ്സ്മെന്റ് ഉണ്ടായിരിക്കണം. ഇവയിൽ ഒന്നു മാത്രമുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.
3) മീഡിയം/ഹെവി ഗുഡ്സ്/പാസ്സഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ്. ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ തെളിയിക്കേണ്ടതാണ്.
**കുറിപ്പ് :–** H – ടെസ്റ്റ് പാസായവരെ മാത്രമേ റോഡുടെസ്റ്റിന് പരിഗണിക്കുകയുള്ളു.
KS & SSR Part II Rule 10(a) ii ബാധകമാണ്.
4). മെഡിക്കൽ ഫിറ്റ്നസ്സ് :–
എ) ചെവി : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

| (ബി) കണ്ണ് : | വലത് | ഇടത് |
|---|---|---|
| ദൂരക്കാഴ്ച : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കളർ വിഷൻ : സാധാരണമായിരിക്കണം.
മാലക്കണ്ണ് : ഇല്ലാതിരിക്കണം.
(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.
(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.
***കുറിപ്പ്:–*** a ***വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.***
b ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്
c പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കപ്പെടുമ്പോൾ മുകളിൽ 7 (4)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സംബന്ധമായ എല്ലാ വിവരങ്ങളും (4 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റൻറ് സർജൻെറ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ട താണ്.കൂടാതെ കാഴ്ച ശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെൻറ് സർവ്വീസിലുള്ള ഒഫ്ത്താൽമോളജിസ്റ്റിൽനിന്ന് വാങ്ങി ഹാജരാക്കേണ്ട താണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃക ഈ വിജ്ഞാപനത്തിൻെറ ചുവടെ ചേർത്തിട്ടുണ്ട്.
d അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, OMR പരീക്ഷയുടെ തീയതി പ്രാക്ടിക്കൽ ടെസ്റ്റ്, ഇൻറർവ്യൂ മുതലായ തെരഞ്ഞെടുപ്പിൻെറ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായി രിക്കണം.
പ്രൊബേഷൻ : ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായി 3 വർഷ കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.
FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV), FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (LDV/HDV) **– അനുബന്ധം I കാണുക.**

## കാറ്റഗറി നമ്പർ: 516 /2014
## ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.)
## വിവിധം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : വിവിധം
2. **ഉദ്യോഗപ്പേര്** : ഡ്രൈവർ ഗ്രേഡ് I (എൽ.ഡി.വി.)
3. **ശമ്പളം** : ₹ 9,190 – 15,780/–
4. **ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ
എസ്.റ്റി – മലപ്പുറം – 1 (ഒന്ന്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം മലപ്പുറം ജില്ലയിലേക്ക് ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൻെറ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവെച്ചി ട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥി കളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ഉണ്ടാകാവുന്ന ഒഴിവുകളി ലേക്കും ഉദ്യോഗർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| മലപ്പുറം | 29.12.2010 | 442/07 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)
**6. പ്രായം** : 18–44. ഉദ്യോഗാർത്ഥികൾ 2.1.1970 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).(പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i) ഉൾപ്പടെ).
**കുറിപ്പ്:–** വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക (2(1) ഒഴികെ) നോക്കുക
**7. യോഗ്യതകൾ** : 1) ഏഴാം സ്റ്റാൻഡേർഡോ, മൂന്നാം ഫോറമോ പാസ്സായിരിക്കണം
2) ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവേഴ്സ് ബാഡ്ജോടുകൂടിയ 3 (മൂന്നു) വർഷത്തെ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.
3) ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് (ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (H Test അടക്കം) തെളിയിക്കേണ്ടതാണ്).
**കുറിപ്പ് :–** (i)ഗ്രൗണ്ട് ടെസ്റ്റിൽ (H Test) വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളു.
(ii) KS & SSR Part II Rule 10(a) ii ബാധകമാണ്.
4). മെഡിക്കൽ ഫിറ്റ്നസ്സ് :
എ) ചെവി : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

| (ബി) കണ്ണ് : | വലത് | ഇടത് |
|---|---|---|
| ദൂരക്കാഴ്ച : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കളർ വിഷൻ : സാധാരണമായിരിക്കണം.
മാലക്കണ്ണ് : ഇല്ലാതിരിക്കണം.
(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.
(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.
**കുറിപ്പ്:–** 1) പ്രായോഗിക പരീക്ഷക്ക് ക്ഷണിക്കപ്പെടുമ്പോൾ മുകളിൽ 7 (4) –ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡി ക്കൽ ഫിറ്റ്നസ്സ് സംബന്ധമായ എല്ലാ വിവരങ്ങളും (4 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റൻറ് സർജൻെറ റാങ്കിൽ കുറ യാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേ ണ്ടതാണ്. കൂടാതെ കാഴ്ച ശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടി ഫിക്കറ്റ് ഗവൺമെൻറ് സർവ്വീസിലുള്ള ഒഫ്ത്താൽമോളജിസ്റ്റിൽനിന്ന് വാങ്ങി ഹാജരാക്കേണ്ട താണ്. മെഡിക്കൽ സർട്ടിഫിക്കറ്റി ൻെറ മാതൃക ഈ വിജ്ഞാപനത്തിൻെറ ചുവടെ ചേർത്തിട്ടുണ്ട്.
2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
3) വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല..
4) ഉദ്യോഗാർത്ഥികൾക്ക് തെരഞ്ഞെടുപ്പിൻെറ എല്ലാ ഘട്ടങ്ങളിലും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, OMR ടെസ്റ്റ്, പ്രാക്ടിക്കൽ ടെസ്റ്റ്, ഇൻറർവ്യൂ മുതലായ എല്ലാ ഘട്ടങ്ങളിലും നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.
FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV), FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (LDV/HDV) **– അനുബന്ധം I കാണുക.**

*(ശേഷം പേജ് 18 കാണുക)*

Cover story

# കമ്യൂണിസ്റ്റ് പ്രസ്ഥാനം കേരള ചരിത്രത്തിലൂടെ

**ആർ. സി. സുരേഷ്കുമാർ**

**കമ്യൂണിസത്തിന്റെ ആചാര്യനായ കാറൽ മാർക്സിനെക്കുറിച്ച് ഒരു പുസ്തകം ഇന്ത്യയിലെ ഒരു പ്രാദേശിക ഭാഷയിൽ ആദ്യമായി പ്രസിദ്ധീകൃതമായത് മലയാളത്തിലാണ്. സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ളയാണ് അതിന്റെ കർത്താവ്. ലോകത്താദ്യമായി ഒരു കമ്യൂണിസ്റ്റ് ഗവൺമെന്റ് ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽവന്നത് 1953-ൽ തെക്കേ അമേരിക്കൻ രാഷ്ട്രമായ ബ്രിട്ടീഷ് ഗയാനയിലാണെന്ന് ഇ.എം.എസ്.നമ്പൂതിരിപ്പാടുതന്നെ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും വലിയൊരു വിഭാഗം ജനതയുടെ ഭാഗധേയം നിർണയിക്കുന്നതിന് ഒരു കമ്യൂണിസ്റ്റ് ഭരണകൂടം ബാലറ്റ് പേപ്പറിലൂടെ അധികാരമേറ്റപ്പെട്ടത് കേരളത്തിലാണ് (1957). സാർവത്രിക വോട്ടവകാശം വിനിയോഗിച്ചുള്ള തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന ഏഷ്യയിലെ ആദ്യ കമ്യൂണിസ്റ്റ് ഭരണസാരഥി ഇ.എം.എസ്.ആണെന്നതും നിസ്തർക്കമാണ്. 1939 ഡിസംബറിൽ തലശ്ശേരിത്താലൂക്കിലെ പിണറായി ഗ്രാമത്തിൽചേർന്ന യോഗത്തിൽവച്ചാണ് കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി പരസ്യമായി പ്രവർത്തിക്കാൻ തീരുമാനമെടുത്തത്. മലയാളമണ്ണിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം പ്രവർത്തനമാരംഭിച്ചതിന്റെ 75-ാം വാർഷികത്തിൽ കേരളചരിത്രത്തിൽ ആ പ്രസ്ഥാനം എഴുതിച്ചേർത്ത അവിസ്മരണീയമായ ചില ഏടുകളിലൂടെ ഒന്നു സഞ്ചരിക്കാം.**

ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം 1920-ൽ തുടങ്ങുന്നു. ലെനിൻ മുൻകൈയെടുത്ത് മോസ്കോയിൽ സ്ഥാപിച്ച കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ (കോമിന്റേൺ) രണ്ടാം കോൺഗ്രസ് 1920-ൽ മോസ്കോയിൽ സമ്മേളിച്ചു. അതിൽ ഇന്ത്യക്കാരനായ എം.എൻ.റോയി (മാനവേന്ദ്രനാഥ റോയി) പങ്കെടുത്തു. മെക്സിക്കോയിൽനിന്നുള്ള പ്രതിനിധിയായിട്ടാണ് റോയി മോസ്കോയിലെത്തിയത്. റോയിയും സുഹൃത്തുക്കളും 1920-ൽ സോവിയറ്റ് യൂണിയനിലെ താഷ്കെന്റിൽ ഇന്ത്യയിലെ കമ്യൂണിസ്റ്റ് പാർട്ടിക്ക് രൂപം നൽകി. കോമിന്റേണിന്റെ അംഗീകാരം അതിനു കിട്ടുകയും ചെയ്തു. പിൽക്കാലത്ത് 1928-ലെ ആറാം കോൺഗ്രസിൽവച്ച് റോയി കോമിന്റേണിൽനിന്ന് പുറന്തള്ളപ്പെട്ടു.



എം.എൻ.റോയി

## ആദ്യകാല പ്രവർത്തനങ്ങൾ

കേരളത്തിലെ ആദ്യകാലകമ്യൂണിസ്റ്റുകാരിൽ വലിയൊരുഭാഗം സിവിൽ നിയമലംഘന പ്രസ്ഥാനത്തിന്റെ ഒഴുക്കിലൂടെവന്ന് കോൺഗ്രസ് സോഷ്യലിസ്റ്റുകളും കമ്യൂണിസ്റ്റുകളുമായവരാണ്. കോൺഗ്രസ് നേതൃത്വത്തിന്റെ നിലപാടുകളുമായുള്ള അഭിപ്രായവ്യത്യാസമാണ് ഇതിനു കാരണമായത്. 1930-ലാണ് കോൺഗ്രസ് സിവിൽ ആജ്ഞാ ലംഘന പ്രസ്ഥാനം ആരംഭിച്ചത്. അതിന്റെ ഭാഗമായി ഗാന്ജിയുടെ ദണ്ഡിയാത്രയും ഉപ്പുസത്യാഗ്രഹവുമൊക്കെ നടന്നു. രാജ്യമെങ്ങും അതിന്റെ തരംഗങ്ങൾ ശക്തമായി അലയടിച്ചു. കേരളത്തിൽ ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിലായിരുന്ന മലബാറിലാണ് ഈ പ്രസ്ഥാനം ഏറെ സ്വാധീനം ചെലുത്തിയത്. കെ.കേളപ്പന്റെയും ടി. ആർ.കൃഷ്ണസ്വാമി അയ്യരുടെയും നേതൃത്വത്തിൽ സത്യാഗ്രഹജാഥകൾ സംഘടിപ്പിച്ചു. പലയിടത്തും ഉപ്പുനിയമം ലംഘിക്കപ്പെട്ടു. പോലീസ് ലാത്തിച്ചാർജിൽ നിരവധി പേർക്കു പരിക്കേറ്റു. നേതാക്കളും അനുയായികളും കൂട്ടത്തോടെ ജയിലിലായി. മലബാറിൽനടന്ന സമരങ്ങളിൽ തിരുവിതാംകൂറിൽനിന്നും കൊച്ചിയിൽനിന്നും ആളുകളെത്തി പങ്കെടുത്ത് അറസ്റ്റിലായി തടവനുഭവിച്ചു.

എന്നാൽ 1931 മാർച്ച് നാലിന്റെ ഗാന്ധി-ഇർവിൻ സന്ധി പ്രകാരം സിവിൽ നിയമലംഘന പ്രസ്ഥാനം കോൺഗ്രസ് പിൻവലിച്ചു. പ്രക്ഷുബ്ധമായ അന്തരീക്ഷം ശാന്തമായി. എന്നാൽ ഒരു വിഭാഗത്തിന് ഇതിൽ അതൃപ്തി തോന്നി. സാമ്രാജ്യത്വ വിരോധം ശക്തിപ്രാപിച്ചുവരികയും ബഹുജനപിന്തുണ കൂടിവരികയും ചെയ്യുന്നതിനിടയിൽ സമരം പെട്ടെന്നു പിൻവലിച്ചത് രാജ്യത്തുടനീളം നിരാശയുളവാക്കി. നേതൃത്വത്തിനെതിരെ അമർഷം പുകഞ്ഞു. വലതുപക്ഷക്കാരുടെ സന്ധി മനോഭാവത്തെ എതിർത്തുകൊണ്ട് കോൺഗ്രസിൽ ഒരു ഇടതുപക്ഷം കോൺഗ്രസിൽ ഉണ്ടാകുന്നതിന് ഇത് കാരണമായി.



പി.കൃഷ്ണപിള്ള



പി. സുന്ദരയ്യ

## ആദ്യ സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ പിറവി

ലോകചരിത്രത്തെ നിർണായകമായി സ്വാധീനിച്ച ഒരു സംഭവത്തിന്റെ അനന്തരഫലങ്ങൾ എല്ലാവരുടെയും ശ്രദ്ധപിടിച്ചു പറ്റി മുന്നേറിക്കൊണ്ടിരുക്കുന്ന ഒരു കാലഘട്ടം കൂടിയായിരുന്നു അത്. 1917-ലെ റഷ്യൻ വിപ്ലവത്തെത്തുടർന്ന് ലോകത്താദ്യമായി ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം പിറവി കൊണ്ടിരുന്നു- സോവിയറ്റ് യൂണിയൻ. അവിടെയുണ്ടായ പുരോഗതി ഇന്ത്യയിലെ പുരോഗമന ചിന്താഗതിക്കാരുടെ ശ്രദ്ധയാകർഷിച്ചു. കുറച്ചുകാലംമുമ്പ് സാർ ചക്രവർത്തിയുടെ കീഴിൽ അസ്വതന്ത്രവും അപരിഷ്കൃതരുമായിക്കഴിഞ്ഞിരുന്ന ആ ജനത സാമ്രാജ്യ ചങ്ങലപൊട്ടിച്ച് ദൂരെയെറിഞ്ഞ്, വ്യവസായവും കൃഷിയും അഭിവൃദ്ധിപ്പെടുത്തി, വിദ്യാഭ്യാസവും സംസ്കാരവും പരത്തി ഉയരുന്ന കാഴ്ച യുവകോൺഗ്രസുകാരെ വളരെയധികം ആകർഷിച്ചു. ജയിലിൽക്കഴിഞ്ഞിരുന്ന അവരുടെ മനസ്സുകൾക്ക് സോവിയറ്റ് യൂണിയനിൽവന്ന ഗംഭീരമാറ്റങ്ങളും അവയ്ക്കുപിന്നിലുള്ള വിപ്ലവകരമായ ചിന്താഗതികളും പുതിയ വെളിച്ചമേകി. ഗാന്ധിയൻ സമരമാർഗങ്ങളായ നിരാഹാരവ്രതവും അഹിംസയും അവരിൽ അതൃപ്തിയുണ്ടാക്കി. റഷ്യൻ വിപ്ലവത്തെയും അവിടത്തെ കമ്യൂണിസ്റ്റ് പാർട്ടിയെയും അതിന്റെ സ്ഥാപകനായ ലെനിനെയും കുറിച്ച് കിട്ടാവുന്ന പുസ്തകങ്ങളെല്ലാം പഠിക്കാനും കഴിയുന്ന വിവരങ്ങളെല്ലാം ശേഖരിക്കാനും അവർ തുടങ്ങി. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടാൻ ഇവിടെ ഗാന്ധിജിയും കോൺഗ്രസും അംഗീകരിക്കുന്ന അഹിംസാപരിപാടി അപര്യാപ്തമാണെന്ന് അവർ വിലയിരുത്തി. റഷ്യയിൽ കമ്യൂണിസ്റ്റ് പാർട്ടി നടപ്പാക്കിയ വിപ്ലവ പരിപാടി അഭികാമ്യമാണെന്ന് അവർക്ക് തോന്നി. ഇന്ത്യയുടെ സ്വാതന്ത്ര്യം യഥാർഥ സ്വാതന്ത്ര്യമാവണമെങ്കിൽ സോവിയറ്റ് യൂണിയനിലേതുപോലെ ജന്മികളും മുതലാളിമാരുമില്ലാത്ത ഒരു സാമൂഹികഘടന കെട്ടിപ്പടുക്കേണ്ടത് അനിവാര്യമാണെന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നു. സോഷ്യലിസമെന്നാൽ ഇതൊക്കെയാണ് അർഥമാക്കുന്നത് എന്നു കരുതിയ അവർ തങ്ങൾ സോഷ്യലിസ്റ്റുകളാണെന്ന് പ്രഖ്യാപിച്ചു.

കേരളത്തിലെന്ന പോലെ ബോംബെ, യു.പി., ഒറീസ മുതലായ സംസ്ഥാനങ്ങളിലും സമാന ചിന്താഗതിക്കാരുണ്ടായിരുന്നു. അവിടെയെല്ലാം കോൺഗ്രസിൽ ഒരു വിഭാഗം ജയിലിൽവച്ച് പഴയ കോൺഗ്രസ് നേതൃത്വത്തിന്റെ നയത്തിൽ അതൃപ്തരാകുകയും സോഷ്യലിസത്തിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. അവർ ഓരോ സംസ്ഥാനത്തിലും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപവത്കരിച്ചു. 1934 മെയ് മാസത്തിൽ പട്നയിൽ ഒരു അഖിലേന്ത്യാ സോഷ്യലിസ്റ്റ് സമ്മേളനം വിളിച്ചുകൂട്ടി. അന്ന് അവിടെവച്ചു തിരഞ്ഞെടുത്ത സംഘടനാ കമ്മിറ്റി ത

# അറബിക്കടലിലായ അമേരിക്കൻ മോഡൽ(1946)

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തിരുവിതാംകൂർ രാഷ്ട്രീയരംഗത്തെ പ്രക്ഷുബ്ധമാക്കിയ സംഗതികളാണ് അമേരിക്കൻ മോഡൽ ഭരണപരിഷ്കാരവും സ്വതന്ത്ര തിരുവിതാംകൂർ പ്രസ്ഥാനവും.

1945 നവംബർ 16നാണ് 'അമേരിക്കൻ മോഡൽ' എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെട്ട ഒരു ഭരണപരിഷ്കാരം സർക്കാർ പ്രഖ്യാപിച്ചത്. ദ്വിമണ്ഡല പ്രതിനിധിസഭ, പ്രായപൂർത്തി വോട്ടവകാശം, ദിവാൻ ഭരണം നിലനിർത്തിക്കൊണ്ടുതന്നെ നീക്കം ചെയ്യാനാവാത്ത ഒരു എക്സിക്യൂട്ടീവ്, ഉപദേശാധികാരം മാത്രമുള്ള നിയമസഭാ സമിതികൾ എന്നിവയായിരുന്നു പുതിയ ഭരണപരിഷ്കാരത്തിന്റെ സവിശേഷതകൾ. ദിവാന്റെ പദവിയെ അമേരിക്കൻ പ്രസിഡണ്ടിനോട് താരതമ്യം ചെയ്തിരുന്നതിലാണ് ഇതിനെ 'അമേരിക്കൻ മോഡൽ' എന്നു വിളിച്ചത്. ഈ പരിഷ്കാരത്തെക്കുറിച്ച് കൂടിയാലോചന നടത്താൻ ദിവാൻ സർ സി പി രാമസ്വാമി അയ്യർ സ്റ്റേറ്റ് കോൺഗ്രസ് നേതാക്കളെ ക്ഷണിച്ചു. പട്ടം താണുപിള്ള, പി എസ് നടരാജപിള്ള തുടങ്ങിയ പാർട്ടിയിലെ മിതവാദികളായ നേതാക്കൾ ഈ ഭരണപരിഷ്കാരം ഒന്നു പരീക്ഷിച്ചുനോക്കാമെന്ന അഭിപ്രായക്കാരായിരുന്നു. പക്ഷേ, സംഘടനയിലെ തീവ്രവാദി വിഭാഗം ഈ പരിഷ്കാരങ്ങളെ നഖശിഖാന്തം എതിർത്തു. അതുകാരണം സ്റ്റേറ്റ് കോൺഗ്രസ് ഇതിനെ തിരസ്കരിച്ചു.

രാജവാഴ്ചയോട് ബന്ധപ്പെട്ടുള്ള പരമ്പരാഗതവും സിദ്ധാന്തപരവുമായ അവകാശങ്ങളേയും പാർലമെണ്ടറി സമ്പ്രദായ പ്രകാരമുള്ള ജനാധിപത്യ ഭരണപ്രക്രിയയേയും സമന്വയിപ്പിച്ചുകൊണ്ട് ഒരു പുതിയ ഭരണഘടനാപരിഷ്കാരം പരീക്ഷിച്ചു നോക്കാനുള്ള ശ്രമമായിരുന്നു സർ സി പി വിഭാവനം ചെയ്തത്. എന്നാൽ, ഭരണഘടനയിൽ ദിവാന്റെ പദവിയും, ഭരണപരിഷ്കാരം പ്രഖ്യാപിച്ചതിനെ തുടർന്ന് മഹാരാജാവ് ശ്രീ ചിത്തിരതിരുനാൾ ദിവാന്റെ കാലാവധി അഞ്ചുവർഷത്തേക്കുകൂടി നീട്ടികൊടുത്തതും ജനങ്ങളിൽ ഇതിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ച് സംശയമുളവാക്കി.

ദിവാന്റെ സ്വേഛാധിപത്യം അരക്കിട്ടുറപ്പിക്കാനുള്ള ഒരു തന്ത്രമായാണ് ജനങ്ങൾ പുതിയ പരിഷ്കാരത്തെ കണ്ടത്. ഭരണപരിഷ്കാരത്തിനെതിരെ പ്രക്ഷോഭങ്ങളും പ്രകടനങ്ങളും രാജ്യമൊട്ടുക്കാരംഭിച്ചു. മിക്ക മാധ്യമങ്ങളും പുതിയ പരിഷ്കാരത്തെ പ്രതികൂലിക്കുകയാണുണ്ടായത്. സമരം അടിച്ചമർത്താനുള്ള നീക്കം ദിവാനും തുടങ്ങി. പുന്നപ്രയിലും വയലാറിലും പ്രക്ഷോഭങ്ങൾ വെടിവെയ്പിൽ കലാശിച്ചു. അനേകമാളുകൾ വെടിയേറ്റു മരിച്ചു. പുന്നപ്ര വയലാറിന്റെ മുദ്രാവാക്യം തന്നെ 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്നതായിരുന്നു.

ജനങ്ങളുടെ പ്രതികരണം പ്രതികൂലമായ സാഹചര്യത്തിൽ, തന്നെ വിരമിക്കാൻ അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് സർ സി.പി 1946 നവംബർ 10ന് മഹാരാജാവിന് കത്തെഴുതി. രാജി സ്വീകരിച്ചതിനെതുടർന്ന് 1946 ഡിസംബർ ഏഴിന് സർ സി പി തിരുവിതാംകൂറിനോട് വിട പറഞ്ഞു. പക്ഷേ, പിന്നീട് മഹാരാജാവിന്റെ സമ്മർദ്ദത്തിനു വഴങ്ങി ഡിസം. 20ന് തിരിച്ചുവന്ന് ദിവാൻ പദം ഏറ്റെടുക്കുകയും ചെയ്തു.

സർ സിപിയുടെ തിരിച്ചുവരവോടെ അമേരിക്കൻ മോഡൽ ഭരണപരിഷ്കാരത്തിന് പുതിയൊരു വഴിത്തിരിവായി. ഇന്ത്യ 1947 ഓഗസ്ത് 15ന് സ്വതന്ത്രമാകുന്നതോടെ തിരുവിതാംകൂർ ഒരു സ്വതന്ത്ര രാജ്യമായി നിലനിർത്താനുള്ള പദ്ധതികൾ ദിവാൻ ആസൂത്രണം ചെയ്തുതുടങ്ങി. 1946 ജനുവരി 16ലെ ഭരണഘടനാപരിഷ്കാരം ഒരു സ്വതന്ത്ര തിരുവിതാംകൂർ വിഭാവനം ചെയ്തിരുന്നില്ല. തിരുവിതാംകൂറിനെ ഒരു ഏകീകൃത സ്വയംഭരണ ഇന്ത്യയിൽ അതർഹിക്കുന്ന സ്ഥാനം നേടിയെടുക്കാനുദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു അത്.

സ്വതന്ത്ര തിരുവിതാംകൂർ ഭരണഘടന സംബന്ധിച്ച വിശദാംശങ്ങൾ 1947 ജനുവരി 27ന് ഒരു പത്രക്കുറിപ്പിലൂടെ പുറപ്പെടുവിച്ചു. ദ്വിമണ്ഡല നിയമനിർമാണസഭ, പ്രായപൂർത്തി വോട്ടവകാശം, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ ഇതിൽ വിഭാവനം ചെയ്തിരുന്നു. ഈ നിർദേശങ്ങൾക്ക് 1947 ഏപ്രിൽ 8ന് ഒരു രാജകീയ വിളംബരത്തിലൂടെ പ്രാബല്യം നൽകി. രാജ്യത്തെ എല്ലാ രാഷ്ട്രീയകക്ഷികളും ഈ നീക്കത്തെ ശക്തമായി എതിർത്തു. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് പേട്ടയിൽ സംഘടിപ്പിച്ച ഒരു പ്രതിഷേധ യോഗത്തിൽ പൊലീസ് കടന്നുചെന്ന് അകാരണമായി വെടിവയ്ക്കുകയും മൂന്നുപേർ കൊല്ലപ്പെടുകയും ചെയ്തു.

ദിവാൻ ഇതിനിടയ്ക്ക് കോൺഗ്രസ് നേതാക്കളെയും വൈസ്റോയിയെയും കാണാൻ പലപ്രാവശ്യം ഡൽഹിക്കുപോയെങ്കിലും എങ്ങുനിന്നും പ്രോൽസാഹനം ലഭിക്കാതെ നിരാശനായി മടങ്ങേണ്ടിവന്നു. 1947 ജൂലൈ 25ന് ഒരു പൊതുപരിപാടിയിൽ പങ്കെടുത്തശേഷം മടങ്ങിപ്പോകാൻ തുടങ്ങുമ്പോൾ സർ സിപിക്കു വെട്ടേറ്റു. 1947 ജൂലൈ 28ന് മഹാരാജാവ് ഇന്ത്യൻ യൂണിയനിൽ ചേരുവാനുള്ള തീരുമാനം പ്രഖ്യാപിച്ചു. 1947 ആഗസ്ത് 19ന് സർ സി പി തിരുവിതാംകൂർ വിട്ടു. 1947 സെപ്തംബർ 24ന് മഹാരാജാവ് ഉത്തരവാദഭരണം പ്രഖ്യാപിച്ചു.

ഇന്ത്യൻ ഭരണഘടനാ നിർമാണ സഭ വാർത്തെടുക്കുന്ന ഭരണഘടന എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണെന്നതിനാൽ തിരുവിതാംകൂറിന് പ്രത്യേക ഭരണഘടനയെന്ന ആശയം അപ്രസക്തമായി. അമേരിക്കൻ മോഡൽ അറബിക്കടലിൽ എന്ന മുദ്രാവാക്യവും അതോടെ യാഥാർത്ഥ്യമായി.



യ്യാറാക്കിയ കരടു പരിപാടിയുടെയും കരടു ഭരണഘടനയുടെയും അടിസ്ഥാനത്തിലാണ് 1934 ഒക്ടോബറിൽ മുംബൈയിൽവച്ച് ഒന്നാം കോൺഗ്രസ് സോഷ്യലിസ്റ്റ് സമ്മേളനം നടന്നത്. പിന്നീട് മീററ്റ് (1936), ഫൈസ്പൂർ (1937), ലാഹോർ (1938) എന്നീവിടങ്ങളിലും സമ്മേളനങ്ങൾ നടന്നു. ഇവയിലെല്ലാം കേരളത്തിൽനിന്നുള്ള പ്രതിനിധികൾ സംബന്ധിച്ചിരുന്നു.

## സിഎസ്പിയുടെ രൂപവത്കരണം

കേരളത്തിൽ 1934–ൽ കോൺഗ്രസിനുള്ളിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർടിയുടെ ശാഖ രൂപീകൃതമായി. സ്വാതന്ത്ര്യസമരത്തിലെ ദേശീയവാദികളുടെ യോഗത്തിൽ കെ.കേളപ്പൻ അധ്യക്ഷത വഹിച്ചു. ചന്ദ്രോത്ത് കുഞ്ഞിരാമൻ നായരാണ് പാർട്ടിയുടെ ആവശ്യകതയെക്കുറിച്ചുള്ള പ്രമേയം വിവരിച്ചുകൊണ്ട് സംസാരിച്ചത്. സി.കെ.ഗോവിന്ദൻ നായരെ പ്രസിഡന്റായി തിരഞ്ഞെടുത്തു. പി.കൃഷ്ണപിള്ളയായിരുന്നു സെക്രട്ടറി. ജയപ്രകാശ് നാരായൺ, ആചാര്യ നരേന്ദ്രദേവ്, എം.ആർ.മസാനി, അശോക് മേത്ത, റാം മനോഹർ ലോഹ്യ, അച്യുത് പട്വർധൻ തുടങ്ങിയവരായിരുന്നു കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാനേതാക്കൾ. ഇ.എം.എസ്. പിന്നീട് എം.ആർ. മസാനിയോടൊപ്പം പാർട്ടിയുടെ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറിയായി. കോൺഗ്രസിനെ ഉത്പതിഷ്ണുത്വത്തിന്റെ മാർഗത്തിലേക്ക് നയിക്കുകയെന്നതായിരുന്നു സോഷ്യലിസ്റ്റുകളുടെ ലക്ഷ്യം. സി.കെ.ഗോവിന്ദൻ നായർ പിൽക്കാലത്ത് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്നകന്നു. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപംകൊണ്ടപ്പോൾ കൂടെനിന്ന പലരും പിന്നീട് ഇതുപോലെ ഏതാനും ആഴ്ചകളോ മാസങ്ങളോ കഴിഞ്ഞപ്പോൾ അതിൽനിന്നു വിട്ടുമാറി. എന്നാൽ, ബഹുഭൂരിപക്ഷം അംഗങ്ങളും ഉറച്ചുനിന്നു. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖപത്രമായിരുന്നു 'പ്രഭാതം'. ഇ.എം.എസ്. ആയിരുന്നു പത്രാധിപർ. കെ.എസ്. നായർ പാലക്കാട്ട് നടത്തിയിരുന്ന പ്രസും പത്രവും, അദ്ദേഹത്തിനു നടത്താൻ നിവൃത്തിയില്ലാതെ വന്നപ്പോൾ വിൽക്കുകയായിരുന്നു.



ഇ.എം.എസ്. നമ്പൂതിരിപ്പാട്

കേരളത്തിലെ സി.എസ്.പി. നേതാക്കൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ നേതൃത്വവുമായി ബന്ധപ്പെടാൻ തുടങ്ങിയത് 1935 മധ്യത്തിലാണ്. സി.എസ്.പി.യിലൂടെയല്ലാതെ നേരിട്ട് കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയും അതിന്റെ കേന്ദ്ര കമ്മിറ്റിയിൽ അംഗമാകുകയും ചെയ്ത പി. സുന്ദരയ്യയാണ് ഇവിടത്തെ സോഷ്യലിസ്റ്റുകളെ കമ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെടുത്തിയത്. അന്നുമുതൽ ഇവിടത്തെ സി.എസ്.പി. ഒന്നടങ്കം കമ്യൂണിസ്റ്റ് പാർട്ടിയിൽ ലയിക്കുന്നതുവരെ സി.എസ്.പി. അഖിലേന്ത്യാനേതൃത്വവും കേരളഘടകവും തമ്മിൽ ഒരു ശീതസമരംതന്നെ നടന്നിരുന്നു.

കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി കേരളത്തിൽ സ്ഥാപിച്ച് അധികം കഴിയുന്നതിനുമുമ്പ് അതിന്റെ അഖിലേന്ത്യാ നേതൃത്വത്തിനുനേരെ കേരളത്തിലെ സോഷ്യലിസ്റ്റുകൾക്ക് അതൃപ്തി തോന്നിത്തുടങ്ങിയിരുന്നു. കോൺഗ്രസിനകത്ത് ഒതുങ്ങിനിന്നുകൊണ്ടുള്ള പ്രവർത്തനം അവരിൽ അഹിഷ്ണുത സൃഷ്ടിച്ചു. കോൺഗ്രസിലെ വലതുപക്ഷത്തിനു കീഴടങ്ങുന്ന നിലപാടാണ് പലപ്പോഴും അഖിലേന്ത്യാ നേതൃത്വം സ്വീകരിച്ചത്. സോഷ്യലിസ്റ്റ് നേതൃത്വത്തിൽ ഒരു വിഭാഗം

കമ്യൂണിസ്റ്റ് വിരോധികളായിരുന്നുവെന്നതും കേരളത്തിലെ സി.എസ്.പി.ക്കാരെ സംബന്ധിച്ചിടത്തോളം നിരാശാജനകമായിരുന്നു. ഇതെല്ലാം കാലക്രമേണ, തുടർച്ചയായുള്ള അനുഭവങ്ങളിലൂടെയാണ് കേരളത്തിലെ സോഷ്യലിസ്റ്റുകൾക്ക് ബോധ്യമായത്.

## തൊഴിലാളി സമ്മേളനങ്ങൾ

കേരളത്തിലെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി അഖിലേന്ത്യാതലത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയെപ്പോലെ സംഘടിതമായ തൊഴിലാളി പ്രവർത്തനം നടത്താൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സോഷ്യലിസ്റ്റ് പാർട്ടി ഔപചാരികമായി രൂപം കൊള്ളുന്നതിനുമുമ്പുതന്നെ അതിന്റെ പ്രവർത്തകർ കോഴിക്കോട്ടും കണ്ണൂരും മറ്റും ചെറിയ തോതിൽ ട്രേഡ് യൂണിയൻ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞിരുന്നു. 1935 മെയ് മാസത്തിൽ കോഴിക്കോട്ടുവച്ച് ശ്രീമതി മണിബെൻകാരയുടെ അധ്യക്ഷതയിൽ ഒരു അഖില കേരള തൊഴിലാളി സമ്മേളനം സംഘടിപ്പിക്കുന്നതിലും കേരളത്തിലെ സോഷ്യലിസ്റ്റ് നേതാക്കൾ വിജയിച്ചു. രണ്ടാമത്തെ സമ്മേളനം തൃശ്ശൂർവച്ച് 1937–ൽ ബാട്‌ലിവാലയുടെ അധ്യക്ഷതിയിൽ നടന്നു. ആലപ്പുഴയിൽ 1939 ഫിബ്രവരി 19–ന് നടന്ന മൂന്നാം സമ്മേളനത്തിൽ പി.നാരായണൻ നായരായിരുന്നു അധ്യക്ഷൻ. ട്രേഡ് യൂണിയനുകൾ സംഘടിപ്പിക്കുന്നതിലും സമരങ്ങൾ നടത്തുകയും ചെയ്യുന്ന കാര്യത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ മാതൃകയാണ് കേരളത്തിലെ സി.എസ്.പി.ക്കാർ പിന്തുടർന്നത്. ഇത് കേരളത്തിൽ ഇടതുപക്ഷം ശക്തിപ്പെടുന്നതിനു കാരണമായി.

കമ്യൂണിസ്റ്റ് നേതാക്കളായ ഘാട്ടെ, സുന്ദരയ്യ എന്നിവരുമായി ഇടയ്ക്കിടെ കണ്ടു സംസാരിക്കാൻ കേരളത്തിലെ സോഷ്യലിസ്റ്റുകൾക്ക് അവസരമുണ്ടായി. 1934–37 കാലത്തെ രഹസ്യപത്രമായ 'കമ്യൂണിസ്റ്റ്' ഉം 1938–39 കാലത്തെ പരസ്യപത്രമായ 'നാഷണൽ ഫ്രണ്ട്' ഉം വായിക്കാൻ അവർക്ക് അവസരമുണ്ടായി. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അഖിലേന്ത്യാ നേതാക്കൻമാരായ ജോഷി, അധികാരി, അജയഘോഷ്, ഭരദ്വാജ് മുതലായവരുമായി കൂടിക്കാഴ്ച നടത്താനും സാധിച്ചു. ഇതിലൂടെ പണിമുടക്കുകൾ നടത്താനും ട്രേഡ് യൂണിയനുകൾ കെട്ടിപ്പടുക്കാനും പ്രായോഗിക നിർദ്ദേശങ്ങൾ ലഭിച്ചു. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന തരത്തിൽ രാഷ്ട്രീയ ഗ്രന്ഥങ്ങളും ലഘുലേഖകളും വായിച്ച് പ്രബുദ്ധത കൈവരിക്കാൻ കഴിഞ്ഞെന്നതാണ് മറ്റൊരു മെച്ചം. ഇതിന്റെ ഫലമായി സ്വന്തം പാർട്ടിയെക്കാൾ കമ്യൂണിസ്റ്റ് പാർട്ടിയോട് സോഷ്യലിസ്റ്റുകൾക്ക് കൂടുതൽ ആഭിമുഖ്യം തോന്നി. എന്നാൽ, സോഷ്യലിസ്റ്റ് പാർട്ടിയും കമ്യൂണിസ്റ്റ് പാർട്ടിയും ചേർത്ത് ഒരു സംയുക്ത മാർക്സിസ്റ്റ് പാർട്ടിയുണ്ടാക്കാൻ കഴിയുമെന്ന നേരിയ ഒരു ആശ അക്കാലത്തുണ്ടായിരുന്നതിനാൽ അവർ സോഷ്യലിസ്റ്റ് പാർട്ടിവിട്ട് കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേരാൻ മുതിർന്നില്ല.

## കെ.പി.സി.സി. ഇടതുനിയന്ത്രണത്തിൽ

1935–ൽ നടന്ന കെ.പി.സി.സി. തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനായിരുന്നു ഭൂരിപക്ഷം. കെ.പി.സി.സി. സെക്രട്ടറിയായി ഇ.എം.എസ്. തിരഞ്ഞെടുക്കപ്പെട്ടു. 1935 ഏപ്രിലിൽ കോഴിക്കോട്ടു ചേർന്ന സംസ്ഥാന രാഷ്ട്രീയ സമ്മേളനത്തിൽ 'കോൺഗ്രസിനെയാകെ ക്ഷീണിപ്പിക്കുന്ന ഇടതു–വലതു മത്സരമവസാനിപ്പിക്കാൻ' ചില ഒത്തുതീർപ്പുകൾ മുന്നോട്ടുവച്ചു. അതിന്റെ ഭാഗമെന്ന നിലയ്ക്ക് ഇ.എം.എസ്. സെക്രട്ടറി സ്ഥാനം രാജിവച്ചു. കൊങ്ങാട്ടിൽ രാമൻ മേനോൻ ആ സ്ഥാനം ഏറ്റെടുത്തു. 1938,1939,1940 വർഷങ്ങളിൽ കെ.പി.സി.സി.യുടെ ഭാരവാഹികളായി പ്രവർത്തിച്ചതും ഇടതുപക്ഷക്കാരാണ്.

കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗത്വം കിട്ടുന്നതിനുള്ള വ്യവസ്ഥകളിലൊന്ന് കോൺഗ്രസിൽ അംഗമായിരിക്കുകയും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ അച്ചടക്കത്തിൻകീഴിൽ കോൺഗ്രസിനകത്ത് പ്രവർത്തിക്കുകയുമായിരുന്നു. അതേ അവസരത്തിൽ, കോൺഗ്രസിൽ പ്രവർത്തിക്കുന്നതു സംബന്ധിച്ച് രൂക്ഷമായ വാദപ്രതിവാദങ്ങൾ അന്ന് കമ്യൂണിസ്റ്റ് പാർട്ടിയിൽ നടക്കുന്നുണ്ടായിരുന്നു. അവസാനം, കോൺഗ്രസിൽ അംഗത്വം നേടി അതിൽ പ്രവർത്തിക്കണമെന്ന തീരുമാനം കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ നിർദ്ദേശത്തിനനുസരിച്ച് എടുത്തുകഴിഞ്ഞപ്പോഴാണ് കമ്യൂണിസ്റ്റുകൾ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗത്വമെടുത്ത് പ്രവർത്തിക്കാൻ തുടങ്ങിയത്.

കോൺഗ്രസ് പ്രവർത്തനത്തിൽ ഹരിജനോദ്ധാരണം, അയിത്തോച്ചാടനം, ഖാദി, ഹിന്ദി പ്രചാരണം തുടങ്ങിയവ ഉൾപ്പെട്ടിരുന്നു. ഹരിജനങ്ങളാണ് സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ എന്നായിരുന്നു ഗാന്ധിജിയുടെ പക്ഷം. തൊഴിലാളികളും കർഷകരുമാണ് ഏറ്റവും താഴെ എന്നായിരുന്നു കമ്യൂണിസ്റ്റുകളുടെ നിലപാട്. കോൺഗ്രസിനെക്കൊണ്ട് സോഷ്യലിസം സ്വീകരിപ്പിക്കുക എന്നതായിരുന്നു കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ലക്ഷ്യം. അത് സാധിക്കാൻ കഴിയുകയില്ലെന്ന കമ്യൂണിസ്റ്റുകൾ വാദിച്ചു. മധ്യവർഗത്തിന് സ്വാധീനക്കൂടുതലുള്ള കോൺഗ്രസിന്റെ രാഷ്ട്രീയത്തെ പൊതുവിൽ എതിർക്കുകയും തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ വളർച്ചയെ കോൺഗ്രസ് അംഗീകരിക്കുന്നിടത്തുമാത്രം അവരുമായി സഹകരിക്കുകയുമാണ് കമ്യൂണിസ്റ്റുകൾ ചെയ്തത്. കോൺഗ്രസിനെ ഒരു യഥാർഥ സാമ്രാജ്യ വിരുദ്ധ സംഘടനയായി വളർത്തുകയെന്നതായിരുന്നു കമ്യൂണിസ്റ്റ് പാർട്ടിയുടെ കാഴ്ചപ്പാട്. പിന്നീട് സി.എസ്.പി. നേതൃത്വവും ഈ സമീപനം അംഗീകരിച്ചു. സി.എസ്.പി.യുടെ രണ്ടാം സമ്മേളനത്തിൽ (മീററ്റ്) രാജ്യത്തുള്ള എല്ലാ സോഷ്യലിസ്റ്റ് ശക്തികളുടെയും ഐക്യം മാർക്സിസം – ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ പടുത്തുയർത്തലാണ് പാർട്ടിയുടെ ലക്ഷ്യം എന്ന് 'മീററ്റ് തീസിസ്'ലൂടെ പ്രഖ്യാപിച്ചു. ഇരു പാർട്ടികളുടെയും നേതാക്കൻമാർ ഒപ്പിട്ട ഒരു ഔപചാരിക കരാറും ഉണ്ടായി. ഇതുമൂലം ഇരു പാർട്ടികളും തമ്മിലുള്ള സഹകരണം മെച്ചപ്പെടാൻ തുടങ്ങിയപ്പോൾ എം.ആർ.മസാനി, അശോക് മേത്ത, ഡോ.ലോഹ്യ തുടങ്ങിയ കമ്യൂണിസ്റ്റ് വിരുദ്ധരും മറ്റു കോൺഗ്രസ് സോഷ്യലിസ്റ്റ് പ്രവർത്തകരും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായി. അതിൽ കേരളത്തിലെ സി.എസ്.പിക്കാർ മസാനി–മേത്ത–ലോഹ്യ ഗ്രൂപ്പിനെതിരെയാണ് അണിനിരന്നത്. അതാണ് ഒടുവിൽ, 1939–40ൽ കേരളത്തിലെ സോഷ്യലിസ്റ്റ് പാർട്ടി മുഴുവൻ കമ്യൂണിസ്റ്റ് പാർട്ടിയിൽ ലയിക്കുന്ന തീരുമാനത്തിൽ കലാശിച്ചത്. കേരളത്തിലെ സി.എസ്.പി. അംഗങ്ങൾ സോവിയറ്റ് യൂണിയനോടും ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തോടും പുലർത്തിയ ആദരമാണ് അതിനു പ്രേരിപ്പിച്ച മുഖ്യകാരണം.

## കമ്യൂണിസ്റ്റ് പാർട്ടിയും കേരളവും

കമ്യൂണിസ്റ്റ് പാർട്ടിയുടെ കേരളഘടകം 1937–ൽ രൂപംകൊണ്ടു. മുംബൈയിൽ നിന്നെത്തിയ എസ്.വി. ഘാട്ടെയാണ് അതിന് കളമൊരുക്കിയത് പി.കൃഷ്ണപിള്ള, കെ.ദാമോദരൻ എൻ.സി.ശേഖർ, ഇ.എം.എസ്. എന്നിവരുടെ നേതൃത്വത്തിൽ രഹസ്യമായിട്ടായിരുന്നു പ്രവർത്തനം. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി, കെ.പി.സി.സി. എന്നിവയിൽ പ്രവർത്തിക്കുന്ന സജീവ പ്രവർത്തകരുടെ ഒരു സംഘടനയായിരുന്നു കമ്യൂണിസ്റ്റ് പാർട്ടിയുടെ കേരളഘടകം. 1939 ഡിസംബറിൽ തലശ്ശേരിത്താലൂക്കിലെ പിണറായി ഗ്രാമത്തിൽചേർന്ന കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി നേതാക്കൻമാരുടെ യോഗത്തിൽവച്ചാണ് കേരളത്തിലെ സോഷ്യലിസ്റ്റുകൾ കമ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളായി പ്രവർത്തിക്കാൻ തീരുമാനിച്ചത്. രണ്ടാം ലോക മഹായുദ്ധം തുടങ്ങിയതോടുകൂടി സോഷ്യലിസ്റ്റുകളുടെ നിഷ്ക്രിയ നിലപാടിനോടുള്ള വിയോജിപ്പ് അന്തിമമായി പ്രകടിപ്പിക്കാൻ കമ്യൂണിസ്റ്റുകൾക്ക് നിവൃത്തിയില്ലാതെ വന്നതിനാലാണ് ആ തീരുമാനമെടുത്തത്. അങ്ങനെ, 1939 അവസാനത്തിലും 1940 ആദ്യത്തിലുമായി അന്നത്തെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്കാർ കമ്യൂണിസ്റ്റ് പാർട്ടിയിൽച്ചേർന്നു. അതോടെ, ഒരു കാലത്ത് ഗാന്ധിജിയുടെയും നെഹ്രുവിന്റെയും സന്ദേശം കേട്ട് ദേശീയ പ്രസ്ഥാനത്തിൽ ആവേശപൂർവം അണിചേർന്ന യുവാക്കൾ കോൺഗ്രസ് നേതൃത്വത്തിന്റെ പ്രവൃത്തി പരിപാടിയിൽ വിശ്വാസം നശിച്ച് ആദ്യം കോൺഗ്രസ് സോഷ്യലിസത്തിലും പിന്നീട് കമ്യൂണിസത്തിലും എത്തിച്ചേർന്നു.

## ആദ്യകാല പ്രവർത്തനങ്ങൾ

പി.കൃഷ്ണപിള്ള സെക്രട്ടറിയായി ഒരു താത്ക്കാലിക പ്രൊവിൻഷ്യൽ കമ്മിറ്റിയും അതിനുകീഴെ മലബാർ പ്രദേശത്ത് നാല് താലൂക്ക് കമ്മിറ്റികളും കൊച്ചിയിലും തിരുവിതാംകൂറിലും താലൂക്ക് പദവിയുള്ള രണ്ടുകമ്മിറ്റികളുമായിട്ടാണ് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ കേരളഘടകം പ്രവർത്തിച്ചുതുടങ്ങിയത്. പാർട്ടി നേതൃത്വത്തിലുള്ള കർഷക പ്രസ്ഥാനവും ഇതിനകം ശക്തമായിക്കഴിഞ്ഞിരുന്നു. 1940 ജനുവരി മധ്യത്തിൽ പഴയ ചിറയ്ക്കൽ താലൂക്ക് ആസ്ഥാനമാക്കി പാർട്ടിയുടെ രഹസ്യകേന്ദ്രം പ്രവർത്തനമാരംഭിച്ചു. 1940 ജനവരി മുതൽ പി.കൃഷ്ണപിള്ളയും 1940 മാർച്ച് മുതൽ ഇ.എം.എസുമാണ് ഒളിവിലുള്ള പ്രവർത്തനങ്ങളെ മുഖ്യമായും നയിച്ചത്. 1940 ജനവരി 26ന് ഉത്തര കേരളത്തിലാകെയും 1941 ജനവരി 26–ന് ദക്ഷിണ കേരളത്തിലാകെയും നടന്ന ചുവരെഴുത്തോടെ സംഘടിതമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയുണ്ടെന്ന് പരക്കെ ബോധ്യമായി. 1940 മാർച്ചിൽ 'കമ്യൂണിസ്റ്റ്' എന്നുപേരുള്ള രഹസ്യമാസിക പുറത്തുവന്നു. 'മുന്നോട്ട്' എന്ന ഒരു വാർത്താവിതരണ സർക്കുലറും ക്രമമായി പ്രസിദ്ധീകരിച്ചു തുടങ്ങി. 1940 ജനവരിയിൽ ഒളിവിൽപോയ പി.കൃഷ്ണപിള്ള ഡിസംബറിൽ വൈക്കത്ത് അറസ്റ്റിലായി.

1940–ൽ കെ.പി.സി.സി. നേത്വത്വത്തിൽ ഇടതുപക്ഷക്കാരായിരുന്നു. 1940 സപ്തംബർ 15 പ്രതിഷേധ ദിനമായി ആചരിക്കാൻ കോൺഗ്രസ് ഹൈക്കമാൻഡ് നിർദ്ദേശം നൽകി. ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകില്ലെന്ന ഇന്ത്യാ സെക്രട്ടറിയുടെ പ്രഖ്യാപനത്തോടു പ്രതിഷേധിക്കാനാണ് കോൺഗ്രസ് നേതൃത്വം ആവശ്യപ്പെട്ടത്. പ്രതിഷേധത്തിന് മറ്റു വിഷയങ്ങൾ വിഷയമാക്കരുതന്ന് നിർദ്ദേശവുമുണ്ടായിരുന്നു. എന്നാൽ, കമ്യൂണിസ്റ്റ് നിയന്ത്രണത്തിലായിക്കഴിഞ്ഞിരുന്ന കെ.പി.സി.സി. അത് മർദ്ദന പ്രതിഷേധ ദിനമായി ആചരിക്കാൻ തീരുമാനിച്ചു. കോൺഗ്രസിന്റെ സമാധാനപരമായ പ്രതിഷേധം എന്ന നിലയിൽ അധികാരികൾ അലസമനോഭാവത്തോടെയാണ് അതിനെ വീക്ഷിച്ചത്.

പ്രസ്തുതദിനത്തിൽ മൊറാഴയിൽ പൊലീസ് സബ്ബ് ഇൻസ്പെക്ടർ കുട്ടികൃഷ്ണൻനായർ കൊല്ലപ്പെട്ടു ('മൊറാഴ സംഭവം' എന്നറിയപ്പെട്ട ഈ കേസിലാണ് കെ.പി.ആർ. ഗോപാലനെ വധശിക്ഷയ്ക്ക് വിധിച്ചത്. ഗാന്ധിജി ഉൾപ്പെടെയുള്ള ദേശീയ നേതാക്കൾ ഇടപെട്ടതിനാൽ 1946ൽ വധശിക്ഷ ജീവപര്യന്തമാക്കി മാറ്റി). തലശ്ശേരിൽ രണ്ടു പാർട്ടി പ്രവർത്തകർ–അബുവും ചാത്തുക്കുട്ടിയും – വെടിവയ്പിൽ മരിച്ചു. മട്ടന്നൂരിൽ ഒരു പോലീസുകാരൻ പരിക്കേറ്റ് ആശുപത്രിയിൽ മരിച്ചു. കേരളത്തിലെ അസ്വാസ്ഥ്യങ്ങളെക്കുറിച്ചന്വേഷിക്കാൻ കോൺഗ്രസ് ഹൈക്കമാൻഡ് പട്ടാഭി സീതാരാമയ്യയേയും തുടർന്ന് പി.സുബ്ബരായ്യന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെയും നിയോഗിച്ചു. അന്വേഷണത്തെത്തുടർന്ന്,സപ്തംബർ 15–ന് അച്ചടക്കലംഘനം നടത്തിയെന്നാരോപിച്ച് കെ.പി.സി.സി.പിരിച്ചുവിട്ട് ഒരു അഡ്ഹോക്ക് കമ്മിറ്റിയെ ചുമതല ഏൽപിക്കാൻ ദേശീയ നേതൃത്വം പ്രേരിതമായി. ആർ.കെ.എൽ.നന്ദ്കോളിയർ പ്രസിഡന്റും സി.കെ.ഗോവിന്ദൻനായർ സെക്രട്ടറിയും എം.പി.ഗോവിന്ദമേനോൻ അംഗവുമായുള്ള അഡ്ഹോക്ക് കമ്മിറ്റി കേരളത്തിൽ കോൺഗ്രസിനെ പുനസ്സംഘടിപ്പിക്കാൻ ഊർജിതമായ നടപടികളാരംഭിച്ചു. ഇതിനുശേഷം കമ്യൂണിസ്റ്റുകൾക്ക് കോൺഗ്രസിൽ വലിയ സ്ഥാനമുണ്ടായില്ല. പ്രാഥമികാംഗത്വം പോലും നഷ്ടപ്പെട്ടു.

## നിരോധനം നീങ്ങുന്നു

1942 ജൂലായ് 24–ന് കമ്യൂണിസ്റ്റ് പാർട്ടിയുടെ മേലുള്ള നിരോധനം നീക്കി. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി കേരളഘടകത്തിന്റെ മുഖപത്രമായി 1942 സെപ്തംബർ ആറിന് കോഴിക്കോട്ടുനിന്ന് 'ദേശാഭിമാനി' വാരികയായി ആരംഭിച്ചു (1946–ൽ ദിനപ്പത്രമായി). ആദ്യത്തെ പത്രാധിപസമിതി അധ്യക്ഷൻ ഇ.എം.എസ്. നമ്പൂതിരിപ്പാടായിരുന്നു. 1943 മാർച്ച് 20,21 തീയതികളിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനം നടന്നു. അതിനുശേഷമാണ് ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രൊവിൻഷ്യൽ കമ്മിറ്റി പ്രവർത്തനം ആരംഭിച്ചത്. 1946–ൽ മലബാറിൽനടന്ന തിര

ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ പേരിൽത്തന്നെ അഞ്ച് സ്ഥാനാർഥികൾ മൽസരിച്ചു. പാർട്ടിയുടെ പിന്തുണയോടെ ഒരു സ്വതന്ത്രനും മൽസരിച്ചു. ആറു താലൂക്കുകളിൽക്കൂടി ആകെ പോൾ ചെയ്ത വോട്ടിന്റെ 25 ശതമാനത്തിലധികം പാർട്ടി നേടി. ഇടതുപക്ഷത്തിന്റെ ആഭിമുഖ്യത്തിൽ 1937–ൽ ജീവൽ സാഹിത്യ സംഘമെന്ന പേരിൽ ആരംഭിച്ച സംഘടന 1944–ൽ പുരോഗമന സാഹിത്യ സംഘടനയായി.

## ക്വിറ്റിന്ത്യാസമരവും കേരളവും

കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം അസംഖ്യം പ്രക്ഷോഭങ്ങളുടെയും കഥ കൂടിയാണ്. കമ്യൂണിസ്റ്റ്–കർഷക പ്രസ്ഥാനത്തിന്റെ നേതാക്കളെ പിടികൂടാൻ പൊലീസ് നടത്തിയ വേട്ടയാണ് 1941–ലെ കയ്യൂർ സമരത്തിലേക്ക് നയിച്ചത്. പൂഴ്ത്തിവയ്പിനെതിരെ നടന്ന ജനമുന്നേറ്റമായിട്ടാണ് 1946ലെ കരിവെള്ളൂർ സമരത്തെ ചരിത്രം രേഖപ്പെടുത്തുന്നത്. 1946–ലെ പുന്നപ്ര–വയലാർ പ്രക്ഷോഭമാണ് കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി നടത്തിയ ഏറ്റവും വലിയ സമരം. 1948–ലെ കോറാം, തില്ലങ്കേരി, മുനയൻകുന്ന്, ഒഞ്ചിയം, ശൂരനാട്, ഇടപ്പള്ളി സംഭവങ്ങളും കമ്യൂണിസ്റ്റ് പോരാട്ടചരിത്രത്തിലെ ശ്രദ്ധേയമായ സംഭവങ്ങളാണ്. മലബാർ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരുന്നിട്ടും അവിടെ ക്വിറ്റിന്ത്യാസമരത്തിന് ദുർബലമായ പ്രതികരണമാണ് ലഭിച്ചത്. റഷ്യ അച്ചുതണ്ടുശക്തികൾക്കെതിരായ യുദ്ധത്തിൽ ചേർന്നതിനാൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ യുദ്ധയത്നങ്ങളുമായി സഹകരിക്കുക എന്ന നയം കമ്യൂണിസ്റ്റുകൾ സ്വീകരിച്ചതിനാലാണ് ഈ സാഹചര്യമുണ്ടായത്.

## തിരുവിതാംകൂറും കമ്യൂണിസവും

മലബാറിൽ എന്ന പോലെ തിരുവിതാംകൂറിലും കമ്യൂണിസ്റ്റ് തത്വങ്ങളിൽ ആകൃഷ്ടരായ വ്യക്തികളുണ്ടായിരുന്നു. കമ്യൂണിസത്തിന്റെ ആചാര്യനായ കാറൽ മാർക്സിനെക്കുറിച്ച് 1912–ൽ സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള ഒരു പുസ്തകം രചിച്ചു. ഒരിന്ത്യൻ ഭാഷയിൽ മാർക്സിനെക്കുറിച്ച് ഉണ്ടായ ആദ്യ പുസ്തകമാണത് (1910–ൽ സ്വദേശാഭിമാനി തിരുവിതാംകൂറിൽനിന്ന് നാടുകടത്തപ്പെട്ടിരുന്നു). തിരുവനന്തപുരത്ത് 'കമ്യൂണിസ്റ്റ് ലീഗ്'എന്ന പേരിൽ ഒരു ചെറിയ ഗ്രൂപ്പ് 1931–ൽ സ്ഥാപിതമായി. തൈക്കാടായിരുന്നു അതിന്റെ പ്രവർത്തന കേന്ദ്രം. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ടില്ലെങ്കിലും കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് ഗ്രൂപ്പ് എന്നു വിശേഷിപ്പിക്കപ്പെടുന്ന ഇതിന്റെ സജീവ പ്രവർത്തകർ എൻ.സി. ശേഖർ, പൊന്നറ ശ്രീധർ, ജി.ശിവശങ്കരപ്പിള്ള, തിരുവട്ടാർ താണുപിള്ള, എൻ.പി.കുരുക്കൾ എന്നിവരായിരുന്നു(കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാപനത്തിന് 1937–ൽ തുടക്കം കുറിച്ച നാലുപേരിലൊരാളാണ് എൻ.സി. ശേഖർ എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ). മീററ്റ് ഗൂഢാലോചന ക്കേസിലെ കമ്യൂണിസ്റ്റ് തടവുകാർ തയ്യാറാക്കിയ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനപരിപാടി മലയാളത്തിൽ തർജമ ചെയ്ത് പ്രസിദ്ധീകരിച്ചത് ഈ ഗ്രൂപ്പായിരുന്നു. ഈ ലഘുലേഖ അച്ചടിച്ച പ്രസ് പോലീസ് കയ്യേറുകയുണ്ടായി. സോഷ്യലിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ കമ്യൂണിസ്റ്റ് ലീഗുകാർക്കുണ്ടായിരുന്നു. പ്രായോഗിക പ്രവർത്തനങ്ങളെക്കാൾ ആശയ പ്രചാരണത്തിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. തിരുവനന്തപുരത്ത് ആദ്യമായി ഒരു തൊഴിലാളി യൂണിയൻ– പ്രസ് തൊഴിലാളി യൂണിയൻ– സംഘടിപ്പിച്ചത് കമ്യൂണിസ്റ്റ് ലീഗുകാരാണ്.

തിരുവിതാംകൂറിലെ കമ്യൂണിസ്റ്റ് ലീഗുകാരും മലബാറിലെ സോഷ്യലിസ്റ്റുകളും തമ്മിൽ പ്രവർത്തനത്തിൽ വ്യത്യാസമുണ്ടായിരുന്നു. തിരുവിതാംകൂറിൽ കമ്യൂണിസ്റ്റ് ലീഗ് കർഷക പ്രസ്ഥാനമോ തൊഴിലാളി പ്രസ്ഥാനമോ നടത്തിയിരുന്നില്ല. എന്നാൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന സി.എസ്.പി.ക്കാർ സോവിയറ്റ് യൂണിയനിൽ നടക്കുന്ന സോഷ്യലിസ്റ്റ് നിർമാണത്തിന്റെ മാതൃക എടുത്തുകാണിച്ചുകൊണ്ട് സോഷ്യലിസ്റ്റ് ലക്ഷ്യം വിശദീകരിക്കുക, തൊഴിലാളികളുടെയും കർഷകരുടെയും സംഘടന കെട്ടിപ്പടുക്കുക എന്നീ രണ്ടു കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിനു വെളിയിൽ പ്രവർത്തിക്കുന്നവരുടെ സംഘടനയായിരുന്നു കമ്യൂണിസ്റ്റ് ലീഗ്. കമ്യൂണിസ്റ്റുകൾ കോൺഗ്രസിൽ അംഗങ്ങളായി പ്രവർത്തിക്കുന്നതിനുതന്നെ ലീഗിന്റെ പ്രവർത്തകർ എതിരായിരുന്നു. എന്നാൽ മലബാറിലെ സി.എസ്.പി.യിൽ അംഗത്വത്തിനു വേണ്ട വ്യവസ്ഥകൾ മുമ്പു സൂചിപ്പിച്ചല്ലോ. കമ്യൂണിസ്റ്റ് ലീഗുകാർ കമ്യൂണിസത്തിന്റെ പൊതുവീക്ഷണത്തിന് പ്രചാരം നൽകുക, അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബൂർഷ്വാ നേതൃത്വത്തെ ശക്തിയായെതിർക്കുക എന്നീ കാര്യങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. തിരുവനന്തപുരം, ബാലരാമപുരം, നെടുമങ്ങാട് എന്നിവിടങ്ങളിൽ യുവജന സംഘവും അവർ സംഘടിപ്പിച്ചിരുന്നു. ആദ്യമായി ഒരു ഐക്യ കേരള സമ്മേളനം വിളിച്ചുകൂട്ടിയതും ഈ യുവജനസംഘങ്ങളായിരുന്നു. രാജഭരണം ആവശ്യമില്ലെന്ന പോസ്റ്ററുകൾ നാടെങ്ങും പതിക്കുക ഇവരുടെ മറ്റൊരു പ്രവർത്തനമായിരുന്നു. കമ്യൂണിസ്റ്റ് ലീഗിനുപുറമേ തിരുവനന്തപുരത്ത് കേസരി ബാലകൃഷ്ണപിള്ളയുടെ നേതൃത്വത്തിലുള്ള രാഷ്ട്രീയ ഗ്രൂപ്പ് സോഷ്യലിസത്തിന്റെയും കമ്യൂണിസത്തിന്റെയും ആശയങ്ങൾ പ്രചരിപ്പിച്ചിരുന്നു. കെ.എ.ദാമോദരമേനോൻ, ഗംഗാധരമേനോൻ, സി.നാരായണ പിള്ള എന്നിവർ ഇതിൽപ്പെടും.


സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള

## യൂത്ത്ലീഗിന്റെ ആവിർഭാവം

തിരുവിതാംകൂറിൽ 1938–ൽ രൂപവത്കരിച്ച സ്റ്റേറ്റ് കോൺഗ്രസിനുള്ളിലെ വിഭാഗീയത ഒരു ഇടതുപക്ഷം ഉയർന്നുവരാനിടയാക്കി. ഉത്തരവാദഭരണ പ്രക്ഷോഭണത്തിനടിസ്ഥാനമാക്കി സ്റ്റേറ്റ് കോൺഗ്രസ് മെമ്മോറാണ്ടം തയ്യാറാക്കി. എന്നാൽ, അത് സമർപ്പിക്കേണ്ടതില്ലെന്ന് ഗാന്ധിജി നിർദ്ദേശിച്ചു.അതോടെ സ്റ്റേറ്റ് കോൺഗ്രസിൽ വ്യക്തമായ ഒരു ഇടതുപക്ഷം രൂപംകൊണ്ടു. ഇടതുപക്ഷ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ അവർക്ക് താത്പര്യം ഉണ്ടായി. 'യൂത്ത് ലീഗ്' എന്ന പേരിൽ അവർ പ്രവർത്തിച്ചുതുടങ്ങി. കെ.സി.ജോർജ് സെക്രട്ടറിയായി ഒരു സമരസമിതി രൂപവൽക്കരിച്ച് യൂത്ത്ലീഗ് സമരരംഗത്തിറങ്ങി. എങ്കിലും 1939 ഫിബ്രവരിയിൽ പ്രക്ഷോഭ പരിപാടികൾ പിൻവലിച്ചു.

## റാഡിക്കൽ ഗ്രൂപ്പിന്റെ ജനനം

1939 ഫിബ്രവരി 13–ന് തിരുവിതാംകൂറിലാകെ ഉത്തരവാദഭരണദിനമാചരിച്ചു. ഇത് പൊതുജനങ്ങളിൽ വമ്പിച്ച ആവേശമുളവാക്കി. ഒടുവിൽ മാർച്ച് 6,7 തീയതികളിൽച്ചേർന്ന സ്റ്റേറ്റ് കമ്മിറ്റി യോഗം മാർച്ച് 25 മുതൽ സമരം ആരംഭിക്കാൻ തീരുമാനിച്ചു. ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ച് ആ സമരപരിപാടിയും നിർത്തിവച്ചു. അത് രാജ്യത്തൊട്ടാകെ നിരാശയുളവാക്കി. റാഡിക്കൽ ചിന്താഗതി സ്റ്റേറ്റ് കോൺഗ്രസിൽ ശക്തിപ്പെട്ടതിന്റെ ഫലമായി ഒരു റാഡിക്കൽ ഗ്രൂപ്പ് സ്റ്റേറ്റ് കോൺഗ്രസിൽ രൂപപ്പെട്ടു. എം.എൻ.ഗോവിന്ദൻ നായരായിരുന്നു ആ ഗ്രൂപ്പിന്റെ സെക്രട്ടറി.

സ്റ്റേറ്റ് കോൺഗ്രസിന്റെ രണ്ടാം സമ്മേളനം 1939 സപ്തംബർ 7,8 തീയതികളിൽ കരുനാഗപ്പള്ളിയിൽ നടന്നു. ഉത്തരവാദഭരണത്തിൽ കുറഞ്ഞ ഭരണപരിഷ്കാരങ്ങൾ പരീക്ഷിച്ചുനോക്കാമെന്നുള്ള ഒരു പ്രമേയം വലതുവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വോട്ടിനിട്ടപ്പോൾ ഇടതുക്ഷം ആ പ്രമേയത്തെ എതിർത്തു. പ്രമേയത്തിന് അനുകൂലമായി 172 വോട്ടും എതിർത്ത് 90 വോട്ടുമാണ് ലഭിച്ചത്. പ്രമേയം പാസായെങ്കിലും ഇടതുപക്ഷത്തിന്റെ സ്വാധീനം ഗണ്യമാണെന്ന് വലതുപക്ഷക്കാർക്ക് ബോധ്യപ്പെട്ടു.

രാജഭരണത്തിനും സാമ്രാജ്യത്വത്തിനും എതിരായി ധീരമായി സമരം ചെയ്യണമെന്ന് വാദിച്ചുപോന്നവരാണ് ഇടതുപക്ഷക്കാരായി മാറിയത്. രണ്ടു തവണ ഗാന്ധിജി ഇടപെട്ട രീതിയും ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ വലതുപക്ഷം കാണിച്ച സന്ധി മനോഭാവത്തിലും അവർക്ക് കടുത്ത അമർഷമുണ്ടായിരുന്നു. സ്റ്റേറ്റ് കോൺഗ്രസ് നേതൃത്വം ദിവാനുമായി ഒത്തുതീർപ്പുണ്ടാക്കാൻ നടത്തിയ പരിശ്രമത്തിലും അവർക്ക് പ്രതിഷേധമുണ്ടായിരുന്നു. ഈ അനുഭവങ്ങൾ തിരുവിതാംകൂറിലെ ഇടതുപക്ഷ പ്രവർത്തകരെ സി.എസ്.പി.യിലേക്കും കമ്യൂണിസ്റ്റ് പാർട്ടിയിലേക്കും ആകർഷിച്ചു.

## കമ്യൂണിസ്റ്റ് പാർട്ടിയുടെ തിരുവിതാംകൂർ ഘടകം

കമ്യൂണിസ്റ്റ് പാർട്ടി നിലവിൽവന്നതിനെത്തുടർന്ന് തിരുവിതാംകൂറിലും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഘടകം ഔദ്യോഗികമായി ആരംഭിച്ചു. എന്നാൽ ബ്രിട്ടീഷിന്ത്യയിൽ നിന്നുള്ള ഇടപെടലുകൾ അനുവദിക്കില്ല എന്നതാണ് തന്റെ നിലപാടെന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസും ഗാന്ധിജിയും ഇക്കാര്യം അംഗീകരിച്ചിട്ടുള്ളതാണെന്നും ദിവാൻ സി.പി.രാമസ്വാമി അയ്യർ കമ്യൂണിസ്റ്റ് നേതാവ് കെ.സി.ജോർജിനെ അറിയിച്ചു. തിരുവിതാംകൂറിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തിക്കുന്നില്ല. സ്റ്റേറ്റ് കോൺഗ്രസാണുള്ളത്. അതുപോലെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയും തിരുവിതാംകൂറിൽ പ്രവർത്തിക്കാൻ അനുവദിക്കില്ല. ദിവാൻ വിശദമാക്കി.

തുടർന്ന് പാർട്ടി ഓഫീസിലെ 'ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി തിരുവിതാംകൂർ കമ്മിറ്റി ഓഫീസ്' എന്ന ബോർഡ് മാറ്റി ആ സ്ഥാനത്ത് 'തിരുവിതാംകൂർ കമ്യൂണിസ്റ്റ് പാർട്ടി ഓഫീസ്' എന്ന ബോർഡ് സ്ഥാപിച്ചു. ദിവാന്റെ ഇടപെടലുകൾ ഒഴിവാക്കുന്നതിനായി തിരുവിതാംകൂർ കമ്യൂണിസ്റ്റ് പാർട്ടി ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് സ്വതന്ത്രമാണെന്ന് പ്രഖ്യാപിക്കുന്ന ഒരു നടപടി സ്വീകരിച്ചു. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണഘടനയനുസരിച്ച് പാർട്ടിക്ക് പ്രസിഡന്റ് ഇല്ല. ജനറൽ സെക്രട്ടറിയേ ഉള്ളു. അതിൽനിന്നു വ്യത്യസ്തമായി തിരുവിതാംകൂർ കമ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു പ്രസിഡന്റും സെക്രട്ടറിയും ഉണ്ടായി. കെ.സി.ജോർജായിരുന്നു പ്രസിഡന്റ്. പി.ടി. പുന്നൂസ് സെക്രട്ടറിയും. 1943–ൽ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യത്തെ പാർട്ടി കോൺഗ്രസ് മുംബൈയിൽ നടന്നപ്പോൾ തിരുവിതാംകൂറിൽനിന്ന് പ്രതിനിധിയായി പങ്കെടുത്തത് കെ.സി.ജോർജ് ആയിരുന്നു. വോട്ടില്ലാത്ത കാൻഡിഡേറ്റ് മെമ്പറായി കെ.വി.പത്രോസും പങ്കെടുത്തു.

തിരുവിതാംകൂർ നിയമസഭയിലേക്ക് 1944–ൽ തിരഞ്ഞെടുപ്പ് നടന്നപ്പോൾ കമ്യൂണിസ്റ്റുകാർ കോൺഗ്രസിൽത്തന്നെയാണ് പ്രവർത്തിച്ചിരുന്നത്. റാഡിക്കൽ ഗ്രൂപ്പ് എന്നപേരിൽ ഒരു പ്രതിപക്ഷമായിട്ടായിരുന്നു എ.ടി.സി.സിയിൽ അവരുടെ പ്രവർത്തനം. തിരഞ്ഞെടുപ്പിനുവേണ്ടി രൂപവത്കരിച്ച അഞ്ചംഗ പാർലമെന്ററി ബോർഡിൽ കമ്യൂണിസ്റ്റ് പ്രതിനിധിയായി കെ.സി. ജോർജിനെയും ഉൾപ്പെടുത്തിയിരുന്നു. കെ.എ. മാത്യു, എ.പി. ഉദയഭാനു, കെ. ശങ്കരനാരായണൻ തമ്പി എന്നിവരായിരുന്നു ഈ വിഭാഗത്തിൽ സ്ഥാനാർഥികളായത്. 1948–ലെ തിരുവിതാംകൂർ തിരഞ്ഞെടുപ്പിൽ 16 സീറ്റുകൾ നേടിയ പാർട്ടിക്ക് ആകെ പോൾ ചെയ്ത വോട്ടിന്റെ 25 ശതമാനവും കിട്ടി.

സി.പി. രാമസ്വാമി അയ്യർ ആവിഷ്കരിച്ച 'അമേരിക്കൻ മോഡൽ' ഭരണഘടന നടപ്പാക്കുന്നത് കമ്യൂണിസ്റ്റുകൾ എതിർത്തു. 'അമേരിക്കൻ മോഡൽ അറബിക്കടലിൽ', 'ദിവാൻ ഭരണം അവസാനിപ്പിക്കുക' തുടങ്ങിയ മുദ്രാവാക്യങ്ങൾ നാട്ടിലാകെ അലയടിച്ചു. പാർട്ടിയെ അടിച്ചമർത്താൻ ദിവാൻ സന്നാഹമൊരുക്കി. മർദ്ദനനയത്തിനും ദിവാൻ ഭരണത്തിനുമെതിരെ കമ്യൂണിസ്റ്റ് പാർട്ടി നടത്തിയ പ്രക്ഷോഭചരിത്രത്തിലെ ഉജ്ജ്വല അധ്യായങ്ങളാണ് പുന്നപ്രയിലെയും വയലാറിലെയും സമരങ്ങൾ.

# ഇന്ത്യയിലെ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭ

**1957** ഏപ്രിൽ അഞ്ച് വെള്ളിയാഴ്ച

ഇന്ത്യയെന്ന പരമാധികാര റിപ്പബ്ലിക്കിലെ അന്നത്തെ പതിനാലു സംസ്ഥാനങ്ങളിലൊന്നായ കേരളത്തിൽ ഒരു കമ്യൂണിസ്റ്റ് ഭരണകൂടം തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നു. നാല്പത്തിയെട്ടുവയസ്സുകാരനായ ഇ എം ശങ്കരൻ നമ്പൂതിരിപ്പാട് ഐക്യകേരളത്തിന്റെ പ്രഥമമുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. 126 തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുണ്ടായിരുന്ന കേരളനിയമസഭയിൽ അറുപതു സി.പി.ഐ.അംഗങ്ങളും അഞ്ചു സി.പി.ഐ.സ്വതന്ത്രൻമാരും ചേർന്ന് 65 അംഗങ്ങളുടെ സംഖ്യാബലമാണ് ഭരണകക്ഷിയ്ക്കുണ്ടായിരുന്നത്. പതിനൊന്നംഗ മന്ത്രിസഭയിൽ മുഖ്യമന്ത്രിയും മറ്റുള്ള എട്ടുപേരും പരിപാവനമായ പ്രതിജ്ഞയെടുത്തപ്പോൾ വി.ആർ.കൃഷ്ണയ്യരും ഡോ.എ.ആർ. മേനോനും ദൈവനാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്.

നിരവധി സവിശേഷതകൾ ആ മന്ത്രിസഭയ്ക്കു സ്വന്തമായിരുന്നു. ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്നിലെ ആദ്യ കമ്യൂണിസ്റ്റ് മന്ത്രിസഭയെന്ന നിലയിൽ ലോകശ്രദ്ധ പിടിച്ചു പറ്റിയ അതിലെ മൂന്നുപേർ അവരവരുടെ മേഖലകളിൽ കഴിവു തെളിയിച്ച പ്രഗല്ഭൻമാരായിരുന്നു. നിയമവകുപ്പുമന്ത്രി വി.ആർ.കൃഷ്ണയ്യർ, ആരോഗ്യവകുപ്പുമന്ത്രി ഡോ.എ.ആർ.മേനോൻ, വിദ്യാഭ്യാസവകുപ്പുമന്ത്രി ജോസഫ് മുണ്ടശ്ശേരി എന്നിവരായിരുന്നു ആ പ്രതിഭാധനൻമാർ. അംഗങ്ങളുടെ ശരാശരി പ്രായവും വളരെക്കുറവായിരുന്നു. മന്ത്രിസഭയിലെ ഏകവനിതാ അംഗവും റവന്യു– എക്സൈസ് വകുപ്പുമന്ത്രിയുമായിരുന്ന കെ.ആർ.ഗൗരിയ്ക്ക് 38 വയസ്സേ ഉണ്ടായിരുന്നുള്ളു. സഭയിൽ ഡപ്യൂട്ടി സ്പീക്കറും ഒരു വനിതയായിരുന്നു– കെ.ഒ.അയിഷാഭായി. നിയമസഭാംഗമായി ആദ്യം സത്യപ്രതിജ്ഞ ചെയ്തതും ഒരു വനിത തന്നെ– റോസമ്മാ പുന്നൂസ്. കുറച്ചുനാളുകൾക്കു ശേഷം മന്ത്രിസഭയിലെ അംഗങ്ങളായ ടി.വി.തോമസും കെ.ആർ.ഗൗരിയും തമ്മിൽ വിവാഹം കഴിച്ചതും(1957) ഇന്ത്യയിൽ മന്ത്രിമാർ തമ്മിൽ വിവാഹം കഴിച്ച ആദ്യ സംഭവമായിരുന്നു. ശ്രദ്ധേയമായ പല ഭരണപരിഷ്കാരങ്ങളും മന്ത്രിസഭ കൊണ്ടുവരികയുണ്ടായി. ഇന്ത്യയിലാദ്യമായി ഭൂപരിഷ്കരണനിയമം കൊണ്ടുവന്നത് കെ.ആർ.ഗൗരിയായിരുന്നു. ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യാസബിൽ കേരളമാകെ ചർച്ചാവിഷയമായി. 1957 സെപ്തംബർ രണ്ടിന് നിയമസഭ ബിൽ പാസാക്കി. ആലപ്പുഴ, എറണാകുളം ജില്ലകൾ നിലവിൽവന്നതും 1957 ഒക്ടോബർ 31ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് രൂപം കൊണ്ടതും ഈ മന്ത്രിസഭയുടെ കാലത്താണ്. വിമോചനസമരത്തിനും മന്ത്രിസഭ സാക്ഷ്യം വഹിച്ചു. 1959 ജൂലൈ 31ന് കേന്ദ്രം ഭരണഘടനയുടെ 356–ാം അനുച്ഛേദം പ്രയോഗിച്ച് ഇ.എം.എസ്.മന്ത്രിസഭയെ പിരിച്ചുവിട്ടു. ഇന്ത്യയിൽ പ്രസ്തുത അനുച്ഛേദം പ്രയോഗിച്ച ആദ്യ സന്ദർഭമായിരുന്നു അത്.

മന്ത്രിസഭയിലെ ഏറ്റവും പ്രായംകൂടിയ അംഗം ആരോഗ്യവകുപ്പുമന്ത്രി ഡോ. എ. ആർ. മേനോനായിരുന്നു (1886–1960). മന്ത്രിസഭയിൽ, മന്ത്രിയെന്ന നിലയിൽ മുൻപരിചയമുള്ള ഏക വ്യക്തിയും അദ്ദേഹമായിരുന്നു. 1886 ഏപ്രിൽ ആറിന് ചാത്തുക്കുട്ടി മന്നാടിയാരുടെ പുത്രനായി ഒരു സമ്പന്ന തറവാട്ടിൽ ജനിച്ച അദ്ദേഹം ഇംഗ്ലണ്ടിൽനിന്നാണ് വൈദ്യശാസ്ത്ര ബിരുദം നേടിയത്. അതിനുശേഷം തൃശ്ശൂരിൽ പ്രാക്ടീസ് ആരംഭിച്ചു. ദേശീയ പ്രവർത്തനത്തിൽ സജീവമായ അദ്ദേഹം പാലക്കാട്, തൃശ്ശൂർ മുനിസിപ്പാലിറ്റികളിൽ കൗൺസിലർ, ചെയർമാൻ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. കാൽനൂറ്റാണ്ടിലേറെക്കാലം നിയമസഭാംഗവുമായിരുന്നു. കൊച്ചിയിലെ ആദ്യത്തെ മന്ത്രിയായിരുന്ന അമ്പാട്ടു ശിവരാമമേനോന്റെ ആകസ്മിക നിര്യാണത്തിനുശേഷം ഗ്രാമോദ്ധാരണമന്ത്രിയായ (1938–42) അദ്ദേഹത്തിന് അവിശ്വാസപ്രമേയംമൂലം രാജിവയ്ക്കേണ്ടിവന്ന ആദ്യത്തെ മന്ത്രി എന്ന വിശേഷണവും സ്വന്തമാണ്. 1952ൽ കോൺഗ്രസ് സ്ഥാനാർഥിയായി തിരു–കൊച്ചി അസംബ്ലിയിലേക്ക് മത്സരിച്ച അദ്ദേഹം സി. അച്യുതമേനോനോട് തോറ്റു. 1954ൽ ചിറ്റൂരിൽ മത്സരിച്ച് ജയിക്കുകയുംചെയ്തു. പനമ്പിള്ളി ഗോവിന്ദമേനോനോട് പിണങ്ങി 1956ലാണ് അദ്ദേഹം കോൺഗ്രസ് വിട്ടത്. കമ്യൂണിസ്റ്റ്–പി.എസ്.പി. പിന്തുണയുള്ള സ്വതന്ത്രനായി തൃശ്ശൂരിൽനിന്ന് മത്സരിച്ച ഡോ. മേനോൻ കെ. കരുണാകരനെ തോൽപിച്ചാണ് നിയമസഭയിലെത്തിയത്. പിൽക്കാലത്ത് കോഴിക്കോട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിൽ അദ്ദേഹം പ്രധാന പങ്കു വഹിച്ചു.



**ഇ എം എസ് നമ്പൂതിരിപ്പാട് സത്യപ്രതിജ്ഞ ചെയ്തപ്പോൾ**

മലയാള സാഹിത്യവിമർശകൻ, വിദ്യാഭ്യാസചിന്തകൻ, രാഷ്ട്രീയപ്രവർത്തകൻ, ഉജ്ജ്വലവാഗ്മി എന്നീ നിലകളിൽ തിളങ്ങിയ പ്രതിഭാധനനായ ജോസഫ് മുണ്ടശ്ശേരിക്ക് (1903–77) വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയായിരുന്നു. തൃശ്ശൂരിലെ കണ്ടശ്ശാംകടവിൽ 1903 ജൂലൈ 17ന് ആണ് അദ്ദേഹം ജനിച്ചത്. ഭൗതികശാസ്ത്രത്തിൽ ബിരുദം നേടിയശേഷം മലയാളത്തിലും സംസ്കൃതത്തിലും എം.എ. ബിരുദം നേടി തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ അധ്യാപകനായി. 1948 മുതൽ കൊച്ചി നിയമസഭയിലും പിന്നീട് തിരു–കൊച്ചി അസംബ്ലിയിലും അംഗമായിരുന്ന മുണ്ടശ്ശേരി ആദ്യം കോൺഗ്രസുകാരനായിരുന്നുവെങ്കിലും ക്രമേണ കമ്യൂണിസ്റ്റ് സഹയാത്രികനായി. 'പ്രൊഫസർ', 'കൊന്തയിൽ നിന്ന് കുരിശിലേക്ക്' തുടങ്ങിയ നോവലുകളും 'മാറ്റൊലി', മാനദണ്ഡം', 'നാടകാന്തം കവിത്വം' തുടങ്ങിയ വിമർശനഗ്രന്ഥങ്ങളും 'കാവ്യപീഠിക' എന്ന അലങ്കാലശാസ്ത്ര ഗ്രന്ഥവും രചിച്ചു. പൗരസ്ത്യ ഭാഷാവിഭാഗം തലവനായിരിക്കെ മാനേജ്മെന്റുമായി തെറ്റി 1952ൽ സെന്റ് തോമസിൽനിന്ന് വിരമിച്ചു. 1953 മുതൽ നവജീവൻ പത്രാധിപരായി. രൂപഭദ്രതാവാദത്തിലൂടെ മലയാള സാഹിത്യത്തിൽ കൊടുങ്കാറ്റുയർത്തിയ മുണ്ടശ്ശേരിയാണ് 'നളചരിത'ത്തെ കേരള ശാകുന്തളമെന്നു വിശേഷിപ്പിച്ചത്. മലയാള വിമർശന സാഹിത്യത്തിൽ പുത്തനുണർവുണ്ടാക്കിയ അദ്ദേഹം പാശ്ചാത്യ–പൗരസ്ത്യ കലാ–സാഹിത്യ ദർശനങ്ങളെ സമന്വയിപ്പിച്ച്, അതിന്റെ വെളിച്ചത്തിൽ സാഹിത്യകൃതികളെ വിലയിരുത്തി. മണലൂർ നിയോജകമണ്ഡലത്തിൽനിന്നാണ് അദ്ദേഹം ഒന്നാം കേരളനിയമസഭയിലേക്ക് ജയിച്ചത്. പിൽക്കാലത്ത് മുണ്ടശ്ശേരി കൊച്ചിൻ സർവകലാശാലയുടെ പ്രഥമ വൈസ്ചാൻസലർ പദം വഹിക്കുകയുണ്ടായി.

തലശ്ശേരി ജില്ലാകോടതിയിൽ പ്രഗല്ഭനായ അഭിഭാഷകനെന്നു പേരെടുത്ത വി.ആർ. കൃഷ്ണയ്യർ പാലക്കാട് ജില്ലയിലെ ശേഖരീപുരത്ത് 1915 നവംബർ 15ന് ജനിച്ചു. കേരളത്തിലെ തൊഴിലാളികളുടെയും കർഷകരുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ സർവാത്മനാ പ്രയത്നിച്ച അദ്ദേഹത്തെ കമ്യൂണിസ്റ്റ് അനുഭാവിയെന്നാരോപിച്ച് 1948ൽ തടവിലാക്കി. കൽക്കത്താ തിസീസുകാലത്തും അതിനുശേഷവും എ. കെ.ജി. അടക്കമുള്ള കമ്യൂണിസ്റ്റുകാരുടെ വക്കാലത്ത് അദ്ദേഹത്തിനായിരുന്നു. 1952ലെ തിരഞ്ഞെടുപ്പിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തെ പ്രതിനിധാനംചെയ്ത് അസംബ്ലിയിലെത്തിയ അദ്ദേഹം തന്റെ സ്വതസിദ്ധമായ വാക്ധോരണിയിലൂടെ ശ്രദ്ധ പിടിച്ചുപറ്റി. 1957ൽ തലശ്ശേരിയിൽനിന്നു മത്സരിച്ച അദ്ദേഹത്തിന് കമ്യൂണിസ്റ്റ് പാർട്ടിയുടെയും പി.എസ്.പി.യുടെയും മുസ്ലിംലീഗിന്റെയും പിന്തുണയുണ്ടായിരുന്നു. മന്ത്രിസഭയുടെ ആദ്യകാലത്ത് അദ്ദേഹത്തിന് നിയമവകുപ്പിന്റെ ചുമതലയായിരുന്നു. പിന്നീട് മുഖ്യമന്ത്രിയിൽനിന്നും ആഭ്യന്തരവകുപ്പും ലഭിച്ചു. പിന്നീട്, മന്ത്രിസഭയുടെ അവസാനനാളുകളിൽ ആ വകുപ്പ് സി. അച്യുതമേനോന് ഏൽപിച്ചുകൊടുത്തു. സാമൂഹികക്ഷേമപരവും പുരോഗമനപരവുമായ നിരവധി പരിഷ്കാരങ്ങൾക്ക് തുടക്കംകുറിച്ച അദ്ദേഹം പിൽക്കാലത്ത് 1968ൽ കേരള ഹൈക്കോടതിയിലും 1973ൽ സുപ്രീംകോടതിയിലും ജഡ്ജിയായി. ഇന്ത്യയിൽ പല പ്രഗല്ഭരും നീതിന്യായരംഗത്തുനിന്നും രാഷ്ട്രീയ–ഭരണരംഗങ്ങളിലെത്തി കഴിവുതെളിയിച്ചിട്ടുണ്ടെങ്കിലും ആദ്യമായാണ് ഒരാൾ രാഷ്ട്രീയരംഗത്തുനിന്നും നീതിന്യായരംഗത്തെത്തി പ്രഗല്ഭമതിയെന്ന വിശേഷണം സ്വന്തമാക്കിയത്. ന്യായാധിപനെന്ന നിലയിൽ സമൂഹമനസ്സാക്ഷിയെ സ്പർശിക്കുന്ന നിരവധി വിധിന്യായങ്ങൾ പുറപ്പെടുവിച്ച അദ്ദേഹം നിയമസംബന്ധിയായ അസംഖ്യം ലേഖനങ്ങളും എഴുതി.

ആവേശോജ്ജ്വലമായ ബഹുജന സമരങ്ങളിൽക്കൂടി വളർന്ന് കമ്യൂണിസ്റ്റ് പാർടിയുടെ നേതൃനിരയിലെത്തിയ വനിതയാണ് കെ.ആർ. ഗൗരിയമ്മ. ബി.എ., ബി.എൽ. ബിരുദങ്ങൾ നേടി അഭിഭാഷകയായിരിക്കെയാണ് അവർ രാഷ്ട്രീയത്തിലേക്കിറങ്ങിയത്. വയലാർ സമരയോദ്ധാവ് കെ.ആർ. സദാശിവന്റെ സഹോദരിയായ ഗൗരി 1948ൽ അദ്ദേഹം മരിച്ചശേഷമാണ് പാർട്ടി അംഗമായത്. അതേവർഷം നടന്ന തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും 1952ലും 1954ലും തിരു–കൊച്ചി നിയമസഭാംഗമായി. 1957ൽ ചേർത്തലയിൽ മൂന്നാംവട്ടം ജയിച്ചാണ് ഗൗരിയമ്മ കേരളത്തിന്റെ പ്രഥമ റവന്യൂ–

എക്സൈസ് വകുപ്പുമന്ത്രിയായത്.

മന്ത്രിസഭയിലെ ഏറ്റവും പ്രായംകുറഞ്ഞ അംഗമായിരുന്നു വർക്കല എം.എൽ.എ.യും പൊതുമരാമത്തു വകുപ്പുമന്ത്രിയുമായിരുന്ന ടി.എ. മജീദ്. തിരുവനന്തപുരം ജില്ലയിലെ ഇടവായിൽ ഒരു സമ്പന്ന മുസ്ലിം കുടുംബത്തിൽ ജനിച്ച അദ്ദേഹം എറണാകുളം മഹാരാജാസ് കോളേജിലെ ബിരുദ പഠനത്തിനുശേഷം പത്രപ്രവർത്തകനായി. പ്രഭാതം, മലയാളരാജ്യം, ജനയുഗം പത്രങ്ങളിൽ പ്രവർത്തിച്ചു. കോൺഗ്രസുകാരനായി പൊതുജീവിതമാരംഭിച്ച മജീദ് ട്രേഡ്യൂണിയൻ പ്രവർത്തനത്തിലൂടെ കമ്യൂണിസ്റ്റ് പാർട്ടിയിലുമെത്തി. 1952ലും 1954ലും തിരു–കൊച്ചി നിയമസഭാംഗമായിരുന്നു അദ്ദേഹം.

ആലപ്പുഴ പട്ടണത്തിലെ ഫാക്ടറി വാർഡിലുള്ള തൈപ്പറമ്പിൽ ഭവനത്തിൽ 1910 ജനുവരി 19ന് ജനിച്ച ടി.വി. തോമസ് പുന്നപ്ര–വയലാർ സമരത്തിന്റെ നായകരിലൊരാളായിരുന്നു. തിരുവനന്തപുരത്ത് ബി.എല്ലിന് പഠിക്കുമ്പോഴാണ് ടി.വി. തോമസ് രാഷ്ട്രീയത്തിൽ ആകൃഷ്ടനായത്. ഉത്തരവാദഭരണ പ്രക്ഷോഭണം കൊടുമ്പിരിക്കൊണ്ട നാളുകളിൽ ടി.വി. തോമസും സ്റ്റേറ്റ് കോൺഗ്രസിൽ സജീവമായി. സ്വദേശമായ ആലപ്പുഴയിൽ തിരിച്ചെത്തിയ അദ്ദേഹം തൊഴിലാളിരംഗത്ത് പുത്തനുണർവ് സൃഷ്ടിച്ചു. 1938ൽ കന്നിട്ട തൊഴിലാളി യൂണിയന്റെയും 1940ൽ തിരുവിതാംകൂർ കയർ ഫാക്ടറി തൊഴിലാളി യൂണിയന്റെയും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 1940ൽ കമ്യൂണിസ്റ്റ് പാർടിയിൽ എത്തിയ അദ്ദേഹം 1943ൽ തൊഴിലാളി സംഘടനകൾ ഏകീകരിച്ച് അഖില തിരുവിതാംകൂർ ട്രേഡ് യൂണിയൻ കോൺഗ്രസ് എന്ന സംഘടന സ്ഥാപിച്ച് അതിന്റെ ആദ്യ പ്രസിഡന്റായി. 1946ൽ നടന്ന പുന്നപ്ര–വയലാർ സമരങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുത്ത ടി.വി. തോമസിനെ 1946 ഒക്ടോബർ 30ന് അറസ്റ്റുചെയ്തു. 1948ലെ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും ഇടതുസ്ഥാനാർഥികളിൽ ഏറ്റവുമധികം വോട്ടുകിട്ടിയത് ടി. വി. തോമസിനായിരുന്നു. 1952ൽ തിരു–കൊച്ചി നിയമസഭയിലേക്ക് ആലപ്പുഴയിൽനിന്ന് അദ്ദേഹം വിജയിച്ചു. അടുത്ത വർഷം ആലപ്പുഴ മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിൽ ജയിച്ച് അധ്യക്ഷനായി. ഇന്ത്യയിലെ കമ്യൂണിസ്റ്റുകാരനായ ആദ്യത്തെ നഗരസഭാ ചെയർമാൻ എന്ന വിശേഷണം അദ്ദേഹത്തിനു സ്വന്തമായി. 1954ൽ തിരു–കൊച്ചി നിയമസഭയിലേക്ക് വിജയിച്ച അദ്ദേഹം പ്രതിപക്ഷ നേതാവായി പ്രവർത്തിച്ചു. 1957ൽ വീണ്ടും ആലപ്പുഴയിൽനിന്നു ജയിച്ച അദ്ദേഹം തൊഴിൽ–ഗതാഗത വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയായി. മന്ത്രിയായിരിക്കെ അദ്ദേഹം കെ. ആർ. ഗൗരിയമ്മയെ വിവാഹംകഴിച്ചു. കമ്യൂണിസ്റ്റ് പാർടി 1964ൽ പിളർന്നപ്പോൾ തോമസ് സി.പി.ഐ.യിലും ഗൗരിയമ്മ സി.പി.എമ്മിലും നിലയുറപ്പിച്ചു. 1967ലെ ഇ. എം. എസ്. മന്ത്രിസഭയിൽ വ്യവസായവകുപ്പുമന്ത്രിയെന്ന നിലയിൽ ചവറയിലെ ടൈറ്റാനിയം, വാളയാറിലെ മലബാർ സിമന്റ് ഫാക്ടറി, വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറി, കെൽട്രോൺ, ആലപ്പുഴയിലെ മണലിഷ്ടിക ഫാക്ടറി, ഗ്ലാസ് ഫാക്ടറി എന്നിവ സ്ഥാപിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. 1970ലെ തെരഞ്ഞെടുപ്പിലും വിജയിച്ച് അച്യുതമേനോൻ മന്ത്രിസഭയിൽ വ്യവസായ വകുപ്പുമന്ത്രിയായി. 1977ലെ തിരഞ്ഞെടുപ്പിലും വിജയിച്ച് മന്ത്രിയായ അദ്ദേഹം അതേവർഷം മാർച്ച് 26ന് കാൻസർ രോഗംമൂലം അന്തരിച്ചു.

ഇരിങ്ങാലക്കുടയിൽനിന്ന് ഒന്നാം കേരള നിയമസഭയിൽ അംഗമായ സി. അച്യുതമേനോൻ കമ്യൂണിസ്റ്റ് നിയമസഭാകക്ഷിയുടെ ഉപനേതാവായിരുന്നു. ധനകാര്യവകുപ്പുമന്ത്രിയായിരുന്ന അദ്ദേഹത്തിന് മന്ത്രിസഭയുടെ അവസാനനാളുകളിൽ വി ആർ കൃഷ്ണയ്യരിൽനിന്ന് ആഭ്യന്തരവകുപ്പുകൂടി ലഭിക്കുകയും അങ്ങനെ വിമോചനസമരത്തെ നേരിടുകയെന്ന ഉത്തരവാദിത്വം കൂടി നിർവഹിക്കുകയും ചെയ്തു. പ്രഥമ മന്ത്രിസഭയിലെ അംഗങ്ങളിൽ പിൽക്കാലത്ത് കേരള മുഖ്യമന്ത്രിയായ വ്യക്തിയെന്ന വിശേഷണവും അദ്ദേഹത്തിനു സ്വന്തമാണ്. അഭിഭാഷകനായി ഔദ്യോഗിക ജീവിതമാരംഭിച്ച് കോൺഗ്രസിന്റെ ജില്ലാകമ്മിറ്റി അധ്യക്ഷനായും പ്രദേശ് കോൺഗ്രസ് കമ്മിറ്റി അംഗമായും പ്രവർത്തിച്ച അദ്ദേഹം 1942ലാണ് കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായത്. 1945ൽ കൊച്ചി നിയമസഭയിലേക്ക് മത്സരിച്ചുതോറ്റ അദ്ദേഹം 1952ൽ തിരു–കൊച്ചി നിയമസഭയിൽ അംഗമായി. 1954ൽ വീണ്ടും തോറ്റ അദ്ദേഹം അതേ വർഷംതന്നെ കമ്യൂണിസ്റ്റ് പാർട്ടി കേന്ദ്രകമ്മിറ്റി അംഗമായി.

ഭക്ഷ്യ–വനം വകുപ്പുകളുടെ ചുമതലക്കാരനായിരുന്ന കെ.സി. ജോർജ് സംഭവബഹുലമായ രാഷ്ട്രീയജീവിതത്തിന്റെ ഉടമയായിരുന്നു. 'തിരുവിതാംകൂറിലെ ഒന്നാമത്തെ കമ്യൂണിസ്റ്റുകാരൻ' എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള അദ്ദേഹം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപകനേതാക്കളിലൊരാളുമായിരുന്നു. ചെങ്ങന്നൂരിലുള്ള ഒരു ഇടത്തരം യാക്കോബായ കുടുംബത്തിൽ ജനിച്ച അദ്ദേഹം എം.എ., എൽ.എൽ.ബി. ബിരുദങ്ങൾ നേടി തിരുവനന്തപുരത്ത് അഭിഭാഷകനായിരിക്കെയാണ് രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചത്. തിരുവനന്തപുരം ബാർ അസോസിയേഷൻ സെക്രട്ടറിയും മുനിസിപ്പൽ കൗൺസിലറുമായി പ്രവർത്തിച്ച കെ.സി. 1939ലെ സമരത്തിന്റെ മുന്നണിപ്പോരാളിയായിരുന്നു. സ്റ്റേറ്റ് കോൺഗ്രസിന്റെ ചരിത്രം ഓട്ടൻതുള്ളലായി എഴുതിയിട്ടുള്ള അദ്ദേഹം യൂത്തുലീഗുമായും സഹകരിച്ചു പ്രവർത്തിച്ചു. 1938ൽ അദ്ദേഹം വക്കീൽപ്പണി അവസാനിപ്പിച്ചു. പല്ലനയിൽ പാണ്ടവത്തു ശങ്കരപ്പിള്ളയുടെ വീട്ടിൽ നടന്ന യോഗത്തിലും റാഡിക്കൽ ഗ്രൂപ്പിന്റെ രൂപവൽക്കരണത്തിലും പ്രധാന പങ്കുവഹിച്ച അദ്ദേഹം 1939ൽതന്നെ കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം നേടിയിരുന്നു. ചിറക്കലിൽ ചേർന്ന കമ്യൂണിസ്റ്റു പാർടിയുടെ രഹസ്യയോഗത്തിലും അദ്ദേഹം പങ്കെടുത്തു. എറണാകുളത്ത് ഒളിവിൽ കഴിയവവെ ഒരു ബോട്ടുയാത്രയ്ക്കിടയിൽ അദ്ദേഹത്തെ അറസ്റ്റുചെയ്തു. അദ്ദേഹം കമ്യൂണിസ്റ്റാണെന്നുള്ള ദിവാൻ സർ സി. പി. രാമസ്വാമി അയ്യരുടെ വെളിപ്പെടുത്തൽ ഗാന്ധിജി പോലും വിശ്വസിക്കാൻ കൂട്ടാക്കിയില്ല. എന്നാൽ, വിചാരണവേളയിൽ പെരുമ്പാവൂർ കോടതിയിൽ താൻ കമ്യൂണിസ്റ്റാണെന്ന് കെ. സി. പ്രഖ്യാപിച്ചു. ഒരു വർഷം തടവിനു ശിക്ഷിക്കപ്പെടുകയും ചെയ്തു. കമ്യൂണിസ്റ്റുപാർട്ടി നിയമവിധേയമായപ്പോൾ കെ.സി. ജോർജും മോചിതനായി. 1942ൽ തിരുവിതാംകൂർ കമ്യൂണിസ്റ്റ് പാർട്ടി പ്രസിഡന്റായി. 1946ലെ പുന്നപ്ര–വയലാർ സമരത്തിനു ചുക്കാൻ പിടിച്ചവരിൽ ഒരാൾ അദ്ദേഹമായിരുന്നു. 1952ൽ രാജ്യസഭയിലേക്കും 1954ൽ തിരു–കൊച്ചി നിയമസഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1957ൽ മാവേലിക്കരയെ പ്രതിനിധാനം ചെയ്താണ് കേരള നിയമസഭയിലെത്തിയത്.

ഇരിങ്ങാലക്കുടയ്ക്കടുത്ത് മാടായിക്കോണത്ത് പുലയസമുദായത്തിൽ 1920ലാണ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പി.കെ. ചാത്തൻ ജനിച്ചത്. ഇരിങ്ങാലക്കുടയിൽ ഹൈസ്കൂൾ പഠനം കഴിഞ്ഞ് എറണാകുളം മഹാരാജാസിൽ ചേർന്നെങ്കിലും കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. നാട്ടിൽ മടങ്ങിയെത്തിയ ചാത്തൻ കർഷകത്തൊഴിലാളിയായ ദളിതരെ സംഘടിപ്പിച്ച് സമസ്ത കൊച്ചി പുലയമഹാസഭ സംഘടിപ്പിച്ചു. കമ്യൂണിസ്റ്റ് നേതാക്കളായ പി. കെ. കുമാരന്റെയും കെ.വി.കെ. വാര്യരുടെയും സ്വാധീനമാണ് അദ്ദേഹത്തെ കമ്യൂണിസ്റ്റ് പക്ഷത്തിലെത്തിച്ചത്. കൂടൽമാണിക്യക്ഷേത്ര നിരത്തു തുറന്നുകിട്ടാനുള്ള പ്രക്ഷോഭത്തിലും പാലിയം സത്യഗ്രഹത്തിലും ആവേശത്തോടെ പങ്കെടുത്ത ചാത്തൻ 1954ൽ തിരു–കൊച്ചി നിയമസഭാംഗമായി. 1957ൽ ചാലക്കുടിയിൽനിന്നാണ് അദ്ദേഹം വിജയിച്ചത്.

കോൺഗ്രസ്, കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി, ട്രേഡ്യൂണിയൻ പ്രസ്ഥാനം, കമ്യൂണിസ്റ്റ് പാർട്ടി എന്നിവയിൽ പ്രവർത്തിച്ച അനുഭവസമ്പത്തുമായിട്ടാണ് 1957ൽ കണ്ണൂരിൽനിന്നു ജയിച്ച് കെ.പി. ഗോപാലൻ വ്യവസായമന്ത്രിയായത്. കണ്ണൂരിനടുത്ത് പുതിയപറമ്പിലാണ് അദ്ദേഹം ജനിച്ചത്. ചിറക്കൽ രാജാസ് ഹൈസ്കൂളിൽ വിദ്യാഭ്യാസം അവസാനിച്ചു. 1930ലെ ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്ത അദ്ദേഹം 1934–40 കാലത്ത് കെ.പി.സി.സി. സെക്രട്ടറിയായി പ്രവർത്തിച്ചു. ഇക്കാലത്താണ് അദ്ദേഹം കോൺഗ്രസ് സോഷ്യലിസ്റ്റുപാർടിയിലും സജീവ പ്രവർത്തകനായത്. 1939ൽ പിണറായിയിൽ നടന്ന കമ്യൂണിസ്റ്റുപാർട്ടിയുടെ ആദ്യയോഗത്തിൽ അധ്യക്ഷനായിരുന്നു അദ്ദേഹം. ട്രേഡ്യൂണിയൻ നേതാവായും ശോഭിച്ച അദ്ദേഹം, ഫാറോക്കിലെ ഓട്ടുകമ്പനി സമരത്തിൽ പ്രധാന പങ്കുവഹിച്ചു. ചിറക്കൽ താലൂക്കിൽ യൂത്ത്ലീഗ് സംഘടിപ്പിച്ച അദ്ദേഹം പല പ്രാവശ്യം ക്രൂരമർദനത്തിനും ഇരയായി. 1952ൽ മദ്രാസ് നിയമസഭാംഗമായ അദ്ദേഹം കമ്യൂണിസ്റ്റ് നിയമസഭാകക്ഷി ഉപനേതാവായിരുന്നു. ●



*(പേജ് 11ൽ നിന്നും തുടർച്ച)*

## കാറ്റഗറി നമ്പർ: 517/2014
## ഡ്രൈവർ (എച്ച്.ഡി.വി.)
## എക്സൈസ്
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : എക്സൈസ് |
| **2. ഉദ്യോഗപ്പേര്** | : ഡ്രൈവർ (എച്ച്.ഡി.വി.) |
| **3. ശമ്പളം** | : ₹ 9,190–15,780/ |
| **4. ഒഴിവുകളുടെ എണ്ണം** | : ജാതി അടിസ്ഥാനത്തിൽ ഇടുക്കി – വിശ്വകർമ്മ – 1 (ഒന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
(ii) ഈ വിജ്ഞാപനപ്രകാരം ഇടുക്കി ജില്ലയിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാ ക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമു ദായങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാ കുന്ന/ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലി രിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 07.11.2013 | 118/07 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)

**6. പ്രായം** : 21–42. (ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1993നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i) ഉൾപ്പെടെ).
**കുറിപ്പ്:–** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക (ഖണ്ഡിക 2 (i) ഒഴികെ നോക്കുക)

**7. യോഗ്യതകൾ :** 1) ഏഴാം ക്ലാസ് (പുതിയത്) അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.
2) ഹെവിഗുഡ്സ്/പാസ്സഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള ബാഡ്ജോഡ് കൂടിയ 3 വർഷത്തെ സാധുവായ ഡ്രൈവിംഗ് ലൈസൻസ് തെരഞ്ഞെടുപ്പിൻെറ എല്ലാ ഘട്ടത്തിലും ഉണ്ടായിരിക്കണം.
3) ഹെവി ഗുഡ്സ്/പാസ്സഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടി ക്കാനുള്ള കഴിവ്. ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ തെളിയിക്കേണ്ടതാണ്.
കുറിപ്പ് :–1. KS&SSR Part II Rule 10(a) ii –ബാധകമാണ്.
2. H ടെസ്റ്റ് പാസ് ആയവരെ മാത്രമേ റോഡുടെസ്റ്റിന് പരിഗണിക്കുകയുള്ളു.
4) ശാരീരിക യോഗ്യത :– ഉയരം – 165 സെ.മീ, നെഞ്ചളവ് – 83 സെ.മീ, കുറഞ്ഞപക്ഷം 4 സെ.മീ വികാസം ഉണ്ടായിരിക്കണം
5) മെഡിക്കൽ ഫിറ്റ്നസ്സ് :–
(എ) ചെവി : പൂർണ്ണമായ ശ്രവണ ശക്തി ഉണ്ടായിരിക്കണം.

| (ബി) കണ്ണ് : | വലത് | ഇടത് |
|---|---|---|
| ദൂരക്കാഴ്ച : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച: | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ: | സാധാരണ ഉള്ളതായിരിക്കണം. | |
| മാലക്കണ്ണ്: | ഇല്ലാതിരിക്കണം. | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.
(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.
**കുറിപ്പ്:–** a വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.
b ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്
c പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കപ്പെടുമ്പോൾ മുകളിൽ 7 (5) –ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സംബന്ധമായ എല്ലാ വിവരങ്ങളും (5 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റൻറ് സർജൻെറ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ച ശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെൻറ് സർവ്വീസിലുള്ള ഒഫ്ത്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാ ക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃക ഈ വിജ്ഞാ പനത്തിൻെറ ചുവടെ ചേർത്തിട്ടുണ്ട്.
d അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, OMR പരീക്ഷാ, പ്രാക്ടിക്കൽ ടെസ്റ്റ്, ഇൻറർവ്യൂ മുതലായ തെരഞ്ഞെടുപ്പിൻെറ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾ സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം

**പ്രൊബേഷൻ :** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായി 3 വർഷ കാലയള വിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ട് വർഷക്കാലം പ്രൊബേഷനിലാ യിരിക്കുന്നതാണ്.
FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV), FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (LDV/HDV) – **അനുബന്ധം I കാണുക.**

## കാറ്റഗറി നമ്പർ: 518/2014 – 519/2014
## ഡ്രൈവർ ഗ്രേഡ് II (എച്ച്.ഡി.വി.)
## വിവിധം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വിവിധം |
| **2. ഉദ്യോഗപ്പേര്** | : ഡ്രൈവർ (എച്ച്.ഡി.വി.) |
| **3. ശമ്പളം** | : ₹ 9,190–15,780/ |
| **4. ഒഴിവുകളുടെ എണ്ണം** | : ജാതി അടിസ്ഥാനത്തിൽ |

| കാറ്റഗറി നമ്പർ | ജാതി ഒഴിവുകളുടെ എണ്ണവും | ജില്ലയുടെ പേരും |
|---|---|---|
| 518/2014 | എസ്.ഐ.യു.സി നാടാർ | ആലപ്പുഴ – 1 (ഒന്ന്) |
| 519/2014 | ഹിന്ദു നാടാർ | കോഴിക്കോട് – 1 (ഒന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
(ii)ഈ വിജ്ഞാപനപ്രകാരം മുകളിൽ ചേർത്തിട്ടുള്ള ജില്ലക ളിലേക്ക പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്ര കാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയു ന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയള വിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ആലപ്പുഴ | 30–12–2013 | 256/2008 |
| കോഴിക്കോട് | 7–11–2013 | 256/2008 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)

**6. പ്രായം** : 21–42. (ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1993നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i) ഉൾപ്പെടെ).
**കുറിപ്പ്:–** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക (ഖണ്ഡിക 2 (i) ഒഴികെ നോക്കുക)

**7. യോഗ്യതകൾ :**1) ഏഴാം ക്ലാസ് (പുതിയത്) അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.
2) മീഡിയം/ഹെവിഗുഡ്സ്/പാസ്സഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള ബാഡ്ജോഡ് കൂടിയ 3 വർഷത്തെ സാധുവായ ഡ്രൈവിംഗ് ലൈസൻസ് തെരഞ്ഞെടുപ്പിൻെറ എല്ലാ ഘട്ടത്തിലും ഉണ്ടായിരിക്കണം.
3) മീഡിയം/ഹെവി ഗുഡ്സ്/പാസ്സഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ്. ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ തെളിയിക്കേണ്ടതാണ്.
**കുറിപ്പ്** :–1.H ടെസ്റ്റ് പാസ് ആയവരെ മാത്രമേ റോഡുടെസ്റ്റിന് പരിഗണിക്കുകയുള്ളു.
2. KS&SSR Part II Rule 10(a) ii –ബാധകമാണ്.
4). മെഡിക്കൽ ഫിറ്റ്നസ്സ് :–
(എ) ചെവി : പൂർണ്ണമായ ശ്രവണ ശക്തി ഉണ്ടായിരിക്കണം.

| (ബി) കണ്ണ് | : | വലത് | ഇടത് |
|---|---|---|---|
| ദൂരക്കാഴ്ച | : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച | : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : | സാധാരണ ഉള്ളതായിരിക്കണം. | |
| മാലക്കണ്ണ് | : | ഇല്ലാതിരിക്കണം. | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.
(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.
**കുറിപ്പ്:– കുറിപ്പ്:–** a വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.
b ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടു ത്തേണ്ടതാണ്
c പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കപ്പെടുമ്പോൾ മുകളിൽ 7 (4) –ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സംബന്ധമായ എല്ലാ വിവരങ്ങളും (4 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റൻറ് സർജൻെറ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓ ഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ച ശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെൻറ് സർവ്വീ സിലുള്ള ഒഫ്ത്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ട താണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃക ഈ വിജ്ഞാപന ത്തിൻെറ ചുവടെ ചേർത്തിട്ടുണ്ട്.
d അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, OMR പരീക്ഷാ, പ്രാക്ടിക്കൽ ടെസ്റ്റ്, ഇൻറർവ്യൂ മുതലായ തെരഞ്ഞെടുപ്പിൻെറ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾ സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

**പ്രൊബേഷൻ :** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായി 3 വർഷ കാലയള വിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ട് വർഷക്കാലം പ്രൊബേഷനിലാ യിരിക്കുന്നതാണ്.
FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV), FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (LDV/HDV) – **അനുബന്ധം I കാണുക.**

## കാറ്റഗറി നമ്പർ: 520/2014 – 522/2014
## ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.)
## വിവിധം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വിവിധം |
| **2. ഉദ്യോഗപ്പേര്** | : ഡ്രൈവർ (എൽ.ഡി.വി) |
| **3. ശമ്പളം** | : ₹ 9,190–15,780/ |
| **4. ഒഴിവുകളുടെ എണ്ണം** | : ജാതി അടിസ്ഥാനത്തിൽ |

| കാറ്റഗറി നമ്പർ | ജാതി ഒഴിവുകളുടെ എണ്ണവും | ജില്ലയുടെ പേരും |
|---|---|---|
| 520/2014 | എസ്.സി, | തൃശ്ശൂർ – 1 (ഒന്ന്) |
| 521/2014 | ധീവര | തൃശ്ശൂർ – 1 (ഒന്ന്) |
| 522/2014 | ഹിന്ദു നാടാർ | ഇടുക്കി – 1 (ഒന്ന്)<br>തിരുവനന്തപുരം –1 (ഒന്ന്) |

**കുറിപ്പ്:** (i) പട്ടിക ജാതി വിഭാഗത്തിന് വേണ്ടി സംവരണം ചെയ്തിരിക്കുന്ന ഒഴിവിലേക്ക് ടി വിഭാഗത്തിലുള്ള ഉദ്യോഗാർ ത്ഥികളുടെ അഭാവത്തിൽ പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്.
(ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
(iii)ഈ വിജ്ഞാപനപ്രകാരം മുകളിൽ ചേർത്തിട്ടുള്ള ജില്ലക ളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാ രം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തൃശ്ശൂർ | 14.12.2010 | 32/07 |
| ഇടുക്കി | 02.02.2011 | 32/07 |
| തിരുവനന്തപുരം | 29.01.2011 | 442/07 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)

**6. പ്രായം** : എസ്.സി. 18 –44. ഉദ്യോഗാർത്ഥി കൾ 2.1.1970 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).(പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i) ഉൾപ്പടെ).
(ii) ധീവര, ഹിന്ദു നാടാർ. 18–42 ഉദ്യോഗാർത്ഥികൾ 2.1.1972 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).(പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i) ഉൾപ്പടെ).
**കുറിപ്പ്:–** വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക (2(1) ഒഴികെ) നോക്കുക

**7. യോഗ്യതകൾ :**1) ഏഴാം സ്റ്റാൻഡേർഡോ, മൂന്നാം ഫോറമോ പാസ്സായിരിക്കണം.
2) ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവേഴ്സ് ബാഡ്ജോടുകൂടിയ 3 (മൂന്നു) വർഷത്തെ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.
3) ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് (ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (H Test അടക്കം) തെളിയിക്കേണ്ടതാണ്).
കുറിപ്പ് :– (i) ഗ്രൗണ്ട് ടെസ്റ്റിൽ (H Test) വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളു.
2. KS&SSR Part II Rule 10(a) ii –ബാധകമാണ്.
4). മെഡിക്കൽ ഫിറ്റ്നസ്സ് :–
(എ) ചെവി : പൂർണ്ണമായ ശ്രവണ ശക്തി ഉണ്ടായിരിക്കണം.

| (ബി) കണ്ണ് | : | വലത് | ഇടത് |
|---|---|---|---|
| ദൂരക്കാഴ്ച | : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച | : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : | സാധാരണ ഉള്ളതായിരിക്കണം. | |
| മാലക്കണ്ണ് | : | ഇല്ലാതിരിക്കണം. | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.
(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരി ക്കരുത്.
**കുറിപ്പ്:–** a പ്രായോഗിക പരീക്ഷക്ക് ക്ഷണിക്കപ്പെടുമ്പോൾ മുകളിൽ 7 (4) –ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സംബന്ധമായ എല്ലാ വിവരങ്ങളും (4 ബി ഒഴികെ) അട ങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റൻറ് സർജൻെറ റാങ്കിൽ കുറയാത്ത ഒരു മെ ഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ച ശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്ക്റ്റ്ഗവ ൺമെൻറ് സർവ്വീസിലുള്ള ഒഫ്ത്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ട താണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃക ഈ വിജ്ഞാപനത്തിൻെറ ചുവടെ ചേർത്തിട്ടുണ്ട്.
2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ

(യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
3) വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല..
4) ഉദ്യോഗാർത്ഥികൾ തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, OMR ടെസ്റ്റ്, പ്രാക്ടിക്കൽ ടെസ്റ്റ്, ഇൻറർവ്യൂ മുതലായ എല്ലാ ഘട്ടങ്ങളിലും നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.
FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV), FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (LDV/HDV) – **അനുബന്ധം I കാണുക.**

## കാറ്റഗറി നമ്പർ: 523/2014
## മെയിൽ വാർഡൻ
## പട്ടികജാതി വികസനം

### ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : പട്ടികജാതി വികസനം
**2. ഉദ്യോഗപ്പേര്** : മെയിൽ വാർഡൻ
**3. ശമ്പളം** : ₹ 9,190–15,780/
**4. ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ
കാസറഗോഡ് മുസ്ലീം 1 (ഒന്ന്)

**കുറിപ്പ് :** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
(ii) ഈ വിജ്ഞാപനപ്രകാരം കാസറഗോഡ് ജില്ലയിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തില്പ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കാസറഗോഡ് | 15.9.2010 | 339/2008 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (മുസ്ലീം സമുദാ യത്തിൽ നിന്നു മാത്രം)
**6. പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [ഇത് പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ വയസ്സിളവ് ഉൾപ്പെടെയാണ്]
**നോട്ട്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2)നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ).
**7. യോഗ്യതകൾ :** (1) എസ്.എസ്.എൽ.സിയോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം.
**കുറിപ്പ് :** (i) KS & SSR Part II Rule 10 (a) ii ബാധകമാണ്.
***(ii) സ്ത്രീകൾ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അഹരല്ല.***

## കാറ്റഗറി നമ്പർ: 524/2014 – 528/2014
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (എൽ.പി.എസ്)
## വിദ്യാഭ്യാസം

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (എൽ.പി.എസ്)
**3. ശമ്പളം** : ₹ 9,190–15,780/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 524/2014 | ഈഴവ/ബില്ലവ/തിയ്യ<br>ഈഴവ/ബില്ലവ/തിയ്യ | കണ്ണൂർ 1 (ഒന്ന്)<br>തിരുവനന്തപുരം 1 (ഒന്ന്) |
| 525/2014 | മറ്റ് ക്രിസ്ത്യാനികൾ | പാലക്കാട് 1 (ഒന്ന്) |
| 526/2014 | ധീവര | പാലക്കാട് 1 (ഒന്ന്) |
| 527/2014 | ലത്തീൻ കത്തോലിക്കർ/ ആംഗ്ലോ ഇന്ത്യൻ | തിരുവനന്തപുരം 1 (ഒന്ന്) |
| 528/2014 | പട്ടികജാതി | തിരുവനന്തപുരം 1 (ഒന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളില്പ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ അയയ്ക്കുന്നതല്ല.
(iii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്കും ഉദ്യോഗാത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കണ്ണൂർ | 18.10.13 | 292/10 |
| പാലക്കാട് | 26.11.13 | 292/10 |
| തിരുവനന്തപുരം | 27.09.13 | 292/10 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സംവരണ സമുദയങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം. (പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാത്തികളെ പരിഗണിക്കുന്നതാണ്.
**6. പ്രായം :** (i)18–43. ഈഴവ/ബില്ലവ/തിയ്യ, മറ്റ് ക്രിസ്ത്യാനികൾ, ധീവര, ലത്തീൻ കത്തോലിക്കർ/ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
(ii) 18–45. പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികളും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും 02.01.1969നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.
**കുറിപ്പ് :** യാതൊരുകാരണവശാലും ഉയര്ന്ന. പ്രായപരിധി 50 (അന്പ2ത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.
**7. യോഗ്യതകൾ :**
കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിൽ.

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയിൽനിന്നും പാർട്ട് 3 അറബി (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർ സെക്കൻഡറി പരീക്ഷാ ബോർഡ് നടത്തുന്ന പ്ലസ് ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവണ്മെഹന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും പാർട്ട് രണ്ടും അറബി എടുത്ത് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.
(1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.
(2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.
(3) കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.
(4)കേരള സർവ്വകലാശാലയോ കോഴിക്കോട് സർവ്വകലാശാലയോ നടത്തുന്ന അറബി എൻട്രൻസ് പരീക്ഷ പാസ്സായിരിക്കണം.
**കുറിപ്പ്** : 30.11.09 ലെ GO(MS) No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.
**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ അനുബന്ധം 1 ൽ ii കാണുക.**
**കുറിപ്പ് :** മേൽപ്പറഞ്ഞതോ താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ 'അതെ' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും തുടർന്ന് ഇളവിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാണ്.

## കാറ്റഗറി നമ്പർ: 529/2014 – 530/2014
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ്
## വിദ്യാഭ്യാസം

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ്
**3. ശമ്പളം** : ₹ 9,190 – 15,780/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| കാറ്റഗറി നം. | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 529/2014 | പട്ടികജാതി | എറണാകുളം 1 (ഒന്ന്) |
| 530/2014 | ഈഴവ/ബില്ലവ/തിയ്യ<br>ഈഴവ/ബില്ലവ/തിയ്യ | എറണാകുളം 1 (ഒന്ന്)<br>കണ്ണൂർ 1 (ഒന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ അയക്കുന്നതല്ല.
(ii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാത്ഥികളെ നിയമനശിപാർശചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| എറണാകുളം | 03.9.2013 | 436/09 |
| കണ്ണൂർ | 20.11.2013 | 436/09 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഈഴവ/ബില്ലവ/തിയ്യ, പട്ടികജാതി സമുദയങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥി കളിൽ നിന്നു മാത്രം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.
**6. പ്രായം :** (1) 18–43. ഈഴവ/ബില്ലവ/തിയ്യ സമുദയത്തിൽപ്പെട്ട ഉദ്യോഗാർത്ഥി കൾ 02.01.1971നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
(2)18–45. പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1969നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ.
**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥയിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i) ഒഴികെ).
**7. യോഗ്യതകൾ :**
കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും പാർട്ട് III അറബി (സ്പെഷ്യൽ ഓപ്ഷണൽ) എടുത്ത് പ്രീഡിഗ്രി പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യതയും കേരള ഗവണ്മെന്റ് പരീക്ഷാ കമ്മിഷണർ നടത്തുന്ന അറബി മുൻഷി(ഹയർ) പരീക്ഷയും പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള/കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അറബി പ്രിലിമിനറി പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ പരീക്ഷയും കേരള ഗവണ്മെന്റ് പരീക്ഷാ കമ്മിഷണർ നടത്തുന്ന അറബി അദ്ധ്യാപക പരീക്ഷയും പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഹയർ സെക്കണ്ടറി എക്സാമിനേഷൻ ബോർഡ് നടത്തുന്ന പ്ലസ് ടു പാർട്ട് – 3 അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.
**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ അനുബന്ധം 1 ൽ ii കാണുക.**
**കുറിപ്പ് :** മേൽപ്പറഞ്ഞതോ താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ 'അതെ' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും തുടർന്ന് ഇളവിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാണ്.

## കാറ്റഗറി നമ്പർ: 531/2014
## പ്യൂൺ/വാച്ച്മാൻ
## ജില്ലാ സഹകരണ ബാങ്ക്

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

### പാർട്ട് ഒന്ന് (നേരിട്ടുള്ള നിയമനം)

**1. വകുപ്പ്** : ജില്ലാ സഹകരണ ബാങ്ക്
**2. ഉദ്യോഗപ്പേര്** : പ്യൂൺ/വാച്ച്മാൻ
**3. ശമ്പളം** : ₹ 7025 – 14200/
**4. ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ

| കാറ്റഗറി നമ്പർ | സമുദായം | ജില്ലയും ഒഴിവുകളുടെ എണ്ണവും |
|---|---|---|
| 531/2014 | മുസ്ലീം | കോഴിക്കോട് 01 (ഒന്ന്) |

**കുറിപ്പ് :** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
(iv) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 176/2007) കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ അവശേഷിക്കുന്ന ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി |
|---|---|
| കോഴിക്കോട് | 03.05.2011 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

**കുറിപ്പ് :** (i) വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക കാണുക. (ii) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക). [ഖണ്ഡിക 2 (i) ബാധകമല്ല]. 09.03.1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന ഇരുപത്തിയൊൻപത് സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലികമായി(പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളർവർക്ക് (സർവ്വീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവ്വീസ് ഉള്ളപക്ഷം തങ്ങളുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നല്കുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചുവർഷക്കാലത്തേയ്ക്കു മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചുകഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താല്ക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പളനിരക്ക്, വകുപ്പ്/ സ്ഥാപനം ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കി നൽകുന്നതല്ല.

**7. യോഗ്യതകൾ:** ഏഴാം സ്റ്റാൻഡേർഡ് പാസായിരിക്കണം.

## കാറ്റഗറി നമ്പർ: 532/2014
## പ്യൂൺ/വാച്ച്മാൻ
## ജില്ലാ സഹകരണ ബാങ്ക്
## ഒന്നാം എൻസിഎ വിജ്ഞാപനം

**1. സ്ഥാപനം** : ജില്ലാ സഹകരണ ബാങ്ക്
**2 ഉദ്യോഗപ്പേര്** : പ്യൂൺ/വാച്ച്മാൻ
**3. ശമ്പളം** : 7,025 – 14200/–രൂപ
**4. ഒഴിവുകളുടെ എണ്ണം** : ജാതി അടിസ്ഥാനത്തിൽ

| ക്രമ നമ്പർ | കാറ്റഗറി നമ്പർ | സമുദായം | ജില്ല | ഒഴിവ് |
|---|---|---|---|---|
| 1 | 532/2014 | ധീവര | പത്തനംതിട്ട | 1 (ഒന്ന്) |

**കുറിപ്പ്:–** (i) ഈ വിജ്ഞാപനപ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായത്തിന്റെ അഭാവത്തിൽ ഉണ്ടായിട്ടുള്ള/ ഉണ്ടാകാവുന്നഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതുമാണ്.

| ജില്ലയുടെ പേര് | റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പത്തനംതിട്ട | 11.01.2011 | 177/07 |

